(ii) Under the heading "Exemptions," clause (b) shall be re-lettered as clause (c) and before that clause, the following clause shall be inserted, namely:—

"(b) for the immediate purpose of being filed or used in any court or before the Officer of any court; or"

The amendment was put and carried.

The question that Clause 6, as amended ,stands part of the Bill was put and carried.

Clause 6, as amended, was added to the Bill

Clause 7

The question that Clause 7 stands part of the Bill was put and carried.

Clause 7 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Smt. K. R. Gouri: Sir, I move that the Kerala Stamp (Amendment) Bill, 1969 be finally passed.

Health Minister (**Shri B. Wellingdon**): Sir, I second it.

The question that the Kerala Stamp (Amendment) Bill, 1969 be finally passed was put and carried.

The Bill was finally passed.

KERALA APPROPRIATION (No. 5) BILL, 1969

Revenue Minister (Smt. K. R. Gouri): Sir, I introduce the Kerala Appropriation (No. 5) Bill, 1969.

Deputy Speaker: The Bill stands introduced.

Revenue Minister (**Smt. K. R. Gouri**): Sir, I move that the Kerala Appropriation (No. 5) Bill, 1969 be taken into consideration.

Health Minister (**Shri B. Wellingdon**): Sir, I second it.

ശ്രീ. അലക്കുണ്ടർ പാമ്പിത്തറ: സർ, ഞാൻ ഈ സഭയിൽ ഒന്നരണ്ട കാര്യങ്ങൾ മാത്രം പ്രതിപാദിക്കുവാനാണു് ഈ സന്ദർഭത്തിലാഗ്രഹിക്കുന്നതു്. വിദ്യാഭ്യാസ വിഷയത്തിൽ ആശാൻ മെമ്മോറിയൽ സ്കൂൾ സ്ഥാപിക്കുന്നതിനു് ഒരു തുക

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിരിക്കുന്നതു് തികച്ചും അനുയോജ്യമാണു്. ഭാഷാപരമായി അനുകൂലമായിട്ടുള്ള ഒരന്തരീക്ഷത്തിൽ കൂടുതൽ പ്രയോജനകരമായിട്ടുള്ള കാര്യങ്ങളും ചെയ്തുകൊടുക്കണമെന്നൊരു അഭ്യർത്ഥനയാണു് എനിക്കുള്ളതു്. അതുകൂടാതെ ഒന്നുരണ്ടു് അടിയന്തിര കാര്യങ്ങളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ടു്. ഈയിടെ നമ്മുടെ വിദ്യാലയങ്ങളിൽ യു. പി. സ്കൂളുകളിൽ സംഗീത അദ്ധ്യാപകരെ നിയമിക്കുന്നതിനു നിയന്ത്രണം വച്ചുകൊണ്ടു് ഗവണ്മെൻറു് ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടു്. അതു വളരെ നിർഭാഗ്യകരമായ ഒരു ഏർപ്പാടാണെന്നു പറയാതെ നിവൃത്തിയില്ല. മ്യൂസിക്കിനു ഇത്തരത്തിലുള്ള ഒരു നിയന്ത്രണം വച്ചിരിക്കുന്നതു ശരിയായ രീതിയിലുള്ളതല്ല, വേണ്ട തരത്തിലുള്ള ആലോചനകൂടാതെയാണു് എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്, വിദ്യാഭ്യാസത്തിൽ സംഗീതത്തിനുള്ള സ്ഥാനത്തെ സംബന്ധിച്ചു ഒരു വിലയിരുത്തൽ നടത്താൻ ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും ഒരു സംഗതി നാം ഓർമ്മിക്കണം, 1934–ൽ അമേരിക്കയിൽ ഒരു ഭയങ്കര സ്ഥിതിവിശേഷമുണ്ടായി "Crime centre of the world." എന്നു വിശേഷിപ്പിക്കത്തക്ക നിലയിലുള്ള ഒരു സ്ഥിതി. അതു സംബന്ധിച്ചു അന്വേഷണം നടത്താൻ ഏർപ്പെടുത്തിയ ഇൻറർ നാഷണൽ വിദഗ്ധ കമ്മറ്റി പുറപ്പെടുവിച്ചിട്ടുള്ള ശുപാർശ അമേരിക്കൻ സമൂഹത്തിനു സംഗീതത്തോടുള്ള വാസന കുറഞ്ഞതുകൊണ്ടു് ഇങ്ങനെയുള്ള കുറ്റകരമായ അവസ്ഥ വന്നിട്ടുള്ളതാണു്. അതിന്റെ ഫലമായിട്ടു് അമേരിക്ക അവരുടെ നിലപാടിൽ മാറ്റം വരുത്തി സംഗീതത്തിനു വളരെയധികം പ്രാധാന്യം കൊടുത്തു. മ്യൂസിക് അദ്ധ്യാപകന്മാരുടെ നിയമനം നിറുത്തിവച്ചിരിക്കുന്നതുകൊണ്ടു വളരെയധികം മെച്ചമൊന്നും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു ഗവണ്മെൻറിന്റെ കൽപ്പനയിലെ കാര്യം ഒന്നു് പുനരാലോചിക്കണമെന്നു അഭ്യർത്ഥിക്കുകയാണു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് എറണാകുളം മഹാരാജാസ് കോളേജിൽ ബി. എ., ബി. എസ്. സി, തുടങ്ങിയ ഡിഗ്രി കോഴ്സുകളുടെ സീറ്റുകൾ കൂട്ടുക എന്നുള്ളതാണു്. അതു ശരിയല്ല. എറണാകുളം മഹാരാജാസ് കോളേജ് അടച്ചിരിക്കുകയാണു്. ഇനി സെപ്റ്റംബർ 1-ാം തീയതി മാത്രമേ തുറക്കുകയുള്ളൂ എന്നാണു് അറിയുന്നതു്. അവിടത്തെ വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള ബുദ്ധിമുട്ടു മനസ്സിലാക്കിക്കൊണ്ടും വിദ്യാർത്ഥികളുടെ ഇടയിൽ വന്നിട്ടുള്ള അസ്വസ്ഥത മനസ്സിലാക്കിക്കൊണ്ടും ഇങ്ങനെ അടച്ചിട്ടിരിക്കുകയാണെന്നാണു് മനസ്സിലാക്കുന്നതു്.

ഡെപ്യൂട്ടി സ്പീക്കർ: എറണാകുളം ഡിസ്ട്രിക്ടിൽ മൊത്തമായി വിദ്യാഭ്യാസ സൗകര്യം കുറവാണു്.

Shri. Alexander Parambithara: I am happy that the Chair supports me even beyond my expectation. അവിടെ പറഞ്ഞതു ഇതാണു്. ധാരാളം ജൂനിയർ കോളേജുകളും ഉണ്ടാക്കി. അതിനനുസരിച്ചു കോളേജുകളും അപ്പ്ഗ്രേഡ് ചെയ്തിട്ടില്ല.

ശ്രീ. എൻ. ഗണപതി: ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കർ പറഞ്ഞതു സഭയുടെ അഭിപ്രായമാണോ, അതോ വ്യക്തിപരമായ അഭിപ്രായമാണോ?

ഡെപ്യൂട്ടി സ്പീക്കർ. വ്യക്തിപരമായ അഭിപ്രായമാണു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്താറ: അവിടെ ബി. എ. ക്ലാസിനു ചേരാൻ മഹാരാജാസ് കോളേജാണു് ഒരു സങ്കേതമായിട്ടുണ്ടായിരുന്നതു്. കഴിഞ്ഞ കാലത്തുണ്ടായിരുന്നതിനെക്കാളും ഇപ്പോൾ സീറ്റുകൾ അവിടെ കുറച്ചിരിക്കുകയാണു്. അമ്പതു സീറ്റുണ്ടായിരുന്നതു് കുറച്ചുകുറച്ചു 35 ആക്കിയിട്ടുണ്ടു്. കൂടാതെ ഈവനിംഗ് ക്ലാസ് ഉണ്ടു്. അവിടെയും പ്രവേശനത്തിനായി കുട്ടികൾ മറിപ്പുകിടക്കുകയാണു്. വിദ്യാർത്ഥികളുടെ ഈ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ടു് കഴിഞ്ഞ കാലത്തുണ്ടായിരുന്നതിനേക്കാളും സീറ്റുകൾ വർദ്ധിപ്പിക്കുകയും തരമുണ്ടെങ്കിൽ ഒരു പത്തു ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

സീറ്റുകൾ പ്രൈവറ്റ് കോളേജുകളിലേക്ക് അനുവദിക്കുകയും ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. മൂന്നാമതായി എനിക്കു പറയുവാനുള്ളതു് വിദ്യാഭ്യാസരംഗത്തു പ്രവർത്തിച്ചു ഉദ്യോഗത്തിൽനിന്നും വിരമിച്ച ചില ആളുകളുണ്ടു്. വിദ്യാഭ്യാസബിൽ പാസ്സാക്കിയതു 1959-ലാണു്. നടപ്പിൽ വന്നതു് 1960-ലാണു്. അതനുസരിച്ചു് അദ്ധ്യാപകർക്കു് പെൻഷൻ നൽകുവാൻ വ്യവസ്ഥയുണ്ടു്. അതു ആദ്യം മുതൽ 27-12-60 മുൻകാല പ്രാബല്യത്തോടുകൂടി കൊടുത്തു. അതു പിന്നീടു് 1-6-60 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി കൊടുത്തു. ഈ 1-6-70-ന വിദ്യാഭ്യാസതലത്തിലുള്ള പരിശുദ്ധി എന്താണെന്നു മനസ്സിലാകുന്നില്ല. അതിനുമുമ്പു വിദ്യാഭ്യാസപ്രവർത്തനം നടത്തിയിട്ടുള്ളവരിൽ ഇന്നും കുറെപ്പേർ ചാകാതെയുണ്ടു്. അവർക്കുകൂടി ഈ ആനുകൂല്യം കൊടുക്കണമെന്നു ഞാനഭ്യർത്ഥിക്കുകയാണു്. അവരിൽ ഏറ്റവും കുറവു പ്രായമുള്ളവർ 75 വയസ്സുള്ളവരും ഏറ്റവും കൂടുതൽ പ്രായമുള്ളവർ 95 വയസ്സുള്ളവരും ആയിരിക്കും. അവർക്കുകൂടി ഈ 20 ശതമാനം പെൻഷൻ നൽകുകയാണെങ്കിൽ ഒരു 1500 രൂപ മാത്രമേ വേണ്ടിവരികയുള്ളു. ആ സംഖ്യകൂടി നൽകണമെന്നു ഞാനഭ്യർത്ഥിക്കുകയാണു്.

അടുത്തതായി, കഴിഞ്ഞകൊല്ലം ബി. ടി. കോളേജിൽനിന്നും പരീക്ഷയ്ക്കുപോയ വിദ്യാർത്ഥികളിൽ, രണ്ടു പ്രൈവറ്റുകോളേജിൽനിന്നും പോയവരുടെ റിസൽട്ടു് വിത്ത്ഹെൽഡു് ചെയ്തിരിക്കുന്നതായി അറിയുന്നു. സിൻഡിക്കേറ്റു വൈസ്ചാൻസലറുടെ കാസ്റ്റിംഗ് വോട്ടുചോദിച്ചുകൊണ്ടാണു് ഈ തീരുമാനം എടുത്തിട്ടുള്ളതെന്നു് അറിയുന്നു. എന്തായാലും ഇതു് ശരിയായ ഒരു നടപടിയല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ രണ്ടു കോളേജിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു് എന്തെങ്കിലും പോരായ്മയുണ്ടായിരുന്നുവെങ്കിൽ അവരെ പരീക്ഷക്കു് ചേർക്കാതിരിക്കാമായിരുന്നു. ഒരു കൊല്ലം മുഴുവൻ പഠിച്ചു്, പരീക്ഷയ്ക്കു് ഇരുത്തി പരീക്ഷയും എഴുതിയപ്പോൾ അവരുടെ റിസൽട്ടു് വിത്ത്ഹെൽഡു് ചെയ്തിരിക്കുകയാണു്. ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ ഉള്ള സ്ഥിതിക്കു് സിൻഡിക്കേറ്റു് എടുത്തിട്ടുള്ള ഈ തീരുമാനം കോർട്ടലക്ഷ്യമാകുകയില്ലേയെന്നു് ഞാൻ സംശയിക്കുകയാണു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ കോളേജുകളിൽ അഡ്മിഷൻ നടക്കുന്നതിനു മുമ്പുതന്നെ സർവ്വകലാശാല സാധാരണ അനുവർത്തിച്ചു വരുന്ന നയങ്ങളിൽനിന്നും വ്യതിചലിച്ചിരുന്നതുകൊണ്ടു് നേരത്തെതന്നെ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവെന്നറിയാമോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അങ്ങനെയായിരുന്നുവെങ്കിൽ എന്തുകൊണ്ടു് അവിടെയുള്ള കുട്ടികളെ ഒരു കൊല്ലം പഠിപ്പിച്ചു? എന്തുകൊണ്ടു് അവരെ പരീക്ഷയ്ക്കയച്ചു? ഇതെല്ലാം ചെയ്തിട്ടു ഇന്നെടുത്തിട്ടുള്ള നടപടിക്രമം ഏതായാലും ശരിയായിട്ടുള്ള ഒന്നല്ല. ഗവണ്മെന്റു് ആ കാര്യം ശരിയായി മനസ്സിലാക്കി കുഴപ്പങ്ങളൊഴിവാക്കാനുള്ള മാർഗ്ഗങ്ങളാരായേണ്ടതാണു്.

ഒരു സംഗതികൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അതു് ലാൻഡ് അക്വിസിഷനെ സംബന്ധിച്ചാണു്. ഇതിനെ സംബന്ധിച്ചു് ഇന്നലെ ഇവിടെ പലതരത്തിലുള്ള വിമർശനങ്ങളുണ്ടായതാണു്, ലാൻഡ് അക്വിസിഷൻ നടത്തുന്നതിനു് നിയമത്തിന്റെ നൂലാമാലകളനുസരിച്ചു് വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ടു്. നടക്കേണ്ട കാര്യങ്ങളും പലതും നടക്കേണ്ട സമയത്തു നടക്കുന്നില്ല, മാത്രമല്ല ഭൂമി കൊടുക്കുന്ന ആളുകളുടെ കഷ്ടപ്പാടാണു് സഹിക്കാൻ വയ്യാത്തതു്. എല്ലാ കേസുകളിലും നൂറു ശതമാനവും ഇരുനൂറു ശതമാനവും മാർക്കറ്റുവിലയുടെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവു് അബദ്ധജടിലമായിരുന്നു. ആ വക കാര്യങ്ങളെ കുറിച്ചു് കുറച്ചുകൂടി ശ്രദ്ധിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. മേലാൽ നടക്കാൻ പോകുന്ന ലാൻഡ് അക്വിസിഷൻ സംബന്ധിച്ചു് ഞാനൊരു കാര്യം പറയാം. ടൗൺ ഇംപ്രൂവ്മെന്റു് സ്കീം അനുസരിച്ചും സിറ്റി ഡവലപ്പു്

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് സ്കീമനുസരിച്ചും എറണാകുളം, കൊച്ചിൻ കോർപ്പറേഷൻ പലസ്ഥലങ്ങളിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആ പദ്ധതിയനുസരിച്ചുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി അവിടെനിന്നും ആളുകളെ ഒഴിപ്പിച്ചു. സെൻറിനു 1500, 2000 രൂപവരെ വിലയുള്ളതിനു 100 രൂപവച്ചു കൊടുക്കാമെന്നാണു പറഞ്ഞിരിക്കുന്നതു്. ആ സ്ഥലം വീണ്ടും ലേലം വിളിച്ചപ്പോൾ സെൻറിനു അയ്യായിരം രൂപവരെ വില കിട്ടുന്നുണ്ടു്. ഉള്ളവർക്കു കൂടുതൽ സൗകര്യം ഉണ്ടാക്കികൊടുക്കുന്നതാണോ സോഷ്യലിസം. ഇതെന്തൊരു സോഷ്യലിസമാണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതിനെസംബന്ധിച്ചു് വീണ്ടും ഗവണ്മെൻറു പരിശോധിക്കേണ്ടതാണു്. ഇന്നലെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി ഐക്യമുന്നണിയുടെ പ്രവർത്തനം വളരെ വിജയകരമായിത്തീരുന്നതുകൊണ്ടു് അഖിലേൻഡ്യാതലത്തിൽ ഈ ഭരണം വ്യാപിക്കുമെന്നു്. ഡെമോക്രസിയെന്നു് പറയുന്നതു് ഗവണ്മെൻറു ബൈ ദി പീപ്പിൾ ആണു്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി, ഗവണ്മെൻറു ഓഫ് ദി പീപ്പിൾ എന്നു്. എനിക്കു ചോദിക്കുവാനുള്ളതു് ഓഫിനു രണ്ടു് എഫ് ഉണ്ടോയെന്നു്? അഖിലേൻഡ്യാതലത്തിൽ ഈ പിളർപ്പു ബാധിക്കുകയാണെങ്കിൽ ഈശ്വരോ രക്ഷതു് എന്നു് മാത്രമേ എനിക്കു പറയുവാനുള്ളൂ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അപ്രോപ്രിയേഷൻ ബില്ലിനെ അനുകൂലിച്ചുകൊണ്ടു് ചില കാര്യങ്ങൾ സംസാരിക്കാൻ ഞാനാഗ്രഹിക്കുകയാണു്. ശ്രീ പറമ്പിത്തറ മാസ്റ്റർ പറഞ്ഞതുപോലെ അഖിലേൻഡ്യാ പരിതസ്ഥിതിയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്കു പരിഹാരം ഐക്യമുന്നണി തന്നെയാണു്. അദ്ദേഹത്തിനു് ഇന്നുള്ള ഭീതി പിന്നീടൊരിക്കൽ സന്തോഷമായിട്ടു വരുമെന്നാണു് എനിക്കു് അദ്ദേഹത്തെ ഓർമ്മിപ്പിക്കുവാനുള്ളതു്. ഇന്നു് ഇൻഡ്യാ ഗവണ്മെൻറു ചെയ്തിട്ടുള്ള പല നടപടികൾക്കും പിന്തുണ നൽകിയതു്, ആ നടപടികൾ എടുക്കുന്നവർക്കു് ധൈര്യംകൊടുത്തതു്, ഇൻഡ്യയിലെ ഐക്യമുന്നണിയും അതുപോലെയുള്ള ജനാധിപത്യ പാർട്ടികളുമാണു്. ആ പാർട്ടികളും ഐക്യമുന്നണി കക്ഷികളും ഈ രാജ്യത്തില്ലായിരുന്നുവെങ്കിൽ ഈ രാജ്യത്തു് നല്ല നടപടികളൊന്നും തന്നെയുണ്ടാകുമായിരുന്നില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്തു് ബഹുഭൂരിപക്ഷത്തോടുകൂടി ഐക്യമുന്നണി ഗവണ്മെൻറും ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിലെല്ലാംതന്നെ അധികാരത്തിൽവന്നു. ഈ നിലപാടുണ്ടായിരുന്നില്ലെങ്കിൽ ഇൻഡ്യാ ഗവണ്മെൻറു ഇന്നു് എടുത്തിട്ടുള്ള പല നടപടികളും നടത്താൻ അവർക്കു് ധൈര്യം ഉണ്ടാകുമായിരുന്നില്ല. വളരെക്കാലമായി ഐക്യമുന്നണിയിലെ കക്ഷികളും വളരെ ശക്തിയോടുകൂടിയും വീറോടുകൂടിയും സോഷ്യലിസ്റ്റു ചിന്താഗതിക്കാരായ ജനങ്ങളുമായി സഹകരിച്ചതുകൊണ്ടാണു് ബാങ്കു് ദേശസാൽക്കരണം ഇപ്പോൾ നടന്നതു്. ബാങ്കു് ദേശസാൽക്കരണത്തിനുവേണ്ടി ശക്തിയുക്തം വാദിച്ച ഐക്യമുന്നണിയിലെ പാർട്ടികളെ അധിക്ഷേപിക്കുകയും എതിർക്കുകയും ചെയ്തിരുന്നുവെങ്കിലും, ബാങ്കു് ദേശസാൽക്കരണം നടത്തിയതിനുശേഷം ഇന്ദിരാഗാന്ധിയുടെ ഭവനത്തിൽ രാവിലേയും വൈകിട്ടും ജനക്കൂട്ടം ഒഴിഞ്ഞിട്ടു നേരമില്ലെന്നു് അറിയുന്നു. രാജ്യത്തിൻറെ നാനാഭാഗത്തുനിന്നും ശ്രീമതി ഇന്ദിരാഗാന്ധിയെ ആശീർവദിക്കുന്നതിനും അനുമോദിക്കുന്നതിനും, പിൻതുണ പ്രഖ്യാപിക്കുന്നതിനും, ആവേശം കൊടുക്കുന്നതിനും വേണ്ടി ജനങ്ങൾ അവരുടെ ഭവനത്തിൽ തിങ്ങിക്കൂടുകയാണു്. ജനങ്ങളെ സംഘടിപ്പിച്ചതും അവരിൽ ഈ അഭിപ്രായം ഉണ്ടാക്കിയതും ഐക്യമുന്നണിയിലെ പുരോഗമന ശക്തികളും ജനാധിപത്യ ശക്തികളുമാണു്. ബാങ്കു് ദേശസാൽക്കരണംകൊണ്ടുമാത്രം സോഷ്യലിസം നടപ്പിലായിയെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. ടെലഫോൺ ഇൻഷ്വറൻസു് ദേശസാൽക്കരിച്ചിട്ടും സോഷ്യലിസം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. കെ. എം. മാണി: ഈ ഇന്ദിരാപ്രേമം എന്നാണു് ആരംഭിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഇന്ദിരയോട് പ്രേമം ആരംഭിച്ചിട്ടില്ല. അങ്ങനെ പ്രേമം ആരംഭിക്കേണ്ട ആവശ്യവുമില്ല. പക്ഷെ ആരുതന്നെയായിരുന്നാലും ശരിയായ നടപടികൾ വളരെ ധീരതയോടുകൂടി എടുക്കുകയാണെങ്കിൽ അതിനെ അനുകൂലിക്കാനും സ്വാഗതം ചെയ്യാനും സന്നദ്ധതയുള്ളവരാണു് ഞങ്ങൾ എന്നുള്ളതുകൊണ്ടാണു് ഞങ്ങൾ ഇതിനെ അനുകൂലിക്കുന്നതു്. ഇന്നു് നിലവിലിരിക്കുന്ന ഇൻഡ്യാഗവണ്മെൻറു കുഴപ്പങ്ങൾ സൃഷ്ടിച്ചു വിട്ടിരിക്കുകയാണു്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേരിൽ ഷോകോസു് നോട്ടീസു് കൊടുത്തിരിക്കുകയാണു്. അങ്ങനെ അസ്ഥിരത കൊണ്ടു് അപകടത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന കോൺഗ്രസു് ഗവണ്മെൻറിൻറെ ദീർഘകാല നേതൃത്വം തകർന്ന ശൂന്യതയായിരിക്കുകയാണു്. ഈ ശൂന്യതയിൽ ആരാണു് അധികാരത്തിൽ വരേണ്ടതു്, ആരാണു് ഈ ശൂന്യത നികത്തേണ്ടതു് എന്നു നോക്കുമ്പോൾ അതിനുള്ളതു് ഐക്യമുന്നണിയും അതിലെ ഘടകകക്ഷികളും മാത്രമേയുള്ളുവെന്നുള്ള പരമാർത്ഥത്തിൽനിന്നു് പാമ്പിത്താ മാസ്റ്റർക്കു പോലും ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട പാമ്പിത്താ മാസ്റ്റർക്കു് വളരെ മുമ്പുതന്നെ പുരോഗമനപരമായ ഇത്തരം ആശയങ്ങൾ ഉള്ളിൽ തോന്നിയിട്ടുണ്ടായിരിക്കാം. പക്ഷേ അതു പുറത്തുകാണിച്ചിട്ടില്ല, ശ്രീമതി ഇന്ദിരാഗാന്ധിക്കു ഈ നടപടികളെടുക്കാൻ എന്തുകൊണ്ടു് സാധിച്ചുവെന്നു് ചോദിച്ചാൽ അതിനുള്ള മറുപടി ഐക്യമുന്നണി ഗവണ്മെൻറുകളും അതിലെ പാർട്ടികളും നിലനില്ക്കുന്നതുകൊണ്ടാണെന്നാണു്.

ശ്രീ. കെ. എം. മാണി: അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ അതിൽ പറഞ്ഞിരിക്കുന്ന തുക എങ്ങനെയെല്ലാം വിനിയോഗിക്കണമെന്നുള്ളതിനെപ്പറ്റിയാണു് പറഞ്ഞതു്. അതുമായി ബന്ധപ്പെടാത്ത കാര്യങ്ങൾ ഇവിടെ ഇങ്ങനെ പറയുന്നതു് ശരിയാണോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ബഹുമാനപ്പെട്ട മാണി റൂൾസു് വായിക്കാത്തതുകൊണ്ടാണു് ഈ ചോദ്യം ചോദിക്കേണ്ടി വന്നതു്. രാജ്യത്തിലെ പൊതുഭരണത്തിലുണ്ടാകുന്ന നയവൈകല്യങ്ങളെക്കുറിച്ചാണു് സംസാരിക്കേണ്ടതു്. റൂൾസു് ഓഫ് പ്രൊസീഡിയറിലെ 147–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് വായിച്ചുനോക്കിയാൽ ഇക്കാര്യം മനസ്സിലാകും.

ശ്രീ. അലക്സാണ്ടർ പാമ്പിത്താറ: ഞാൻ പറഞ്ഞതിനാണു് മറുപടി പറയുന്നതെങ്കിൽ ഞാൻ പറഞ്ഞ കാര്യങ്ങളെപ്പറ്റിയൊന്നും പറഞ്ഞില്ലല്ലൊ ? ഇവിടെ കാണുന്ന ഭരണസംപ്രദായം അഖിലേൻഡ്യാതലത്തിൽ വരികയാണെങ്കിൽ, "ഈശ്വരോ രക്ഷതു"" എന്നാണു ഞാൻ പറഞ്ഞതു്. അതിനെപ്പറ്റി എന്താണു് പറയുവാനുള്ളതു് ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതിനെപ്പറ്റി ഞാൻ പറയാം. ഏതായാലും ഐക്യമുന്നണി ഇൻഡ്യയുടെ ഭരണിയിലെ ഒരു പ്രസ്ഥാനം തന്നെയാണു്.

ശ്രീ. കെ. കരുണാകരൻ: ലൈഫ് ഇൻഷ്വറൻസു് ദേശസാൽക്കരിച്ചപ്പോഴും ബാങ്കിംഗ് ദേശസാൽക്കരിച്ചപ്പോഴും ഐക്യമുന്നണി ഗവണ്മെൻറു് ഇല്ലായിരുന്നുവെന്നും, അന്നും ഇന്നും ദേശസാൽക്കരണ നടപടികളും സ്വീകരിച്ചതു് കോൺഗ്രസു് ഗവണ്മെൻറു് തന്നെയായിരുന്നുവെന്നും ഉള്ള യാഥാർത്ഥ്യം അറിയാമോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: കോൺഗ്രസു് ഗവണ്മെൻറിനു് ഇതെല്ലാം ചെയ്യാനുള്ള പരിതസ്ഥിതി ഉണ്ടാക്കിക്കൊടുത്തതു് ഇടതുപക്ഷ പാർട്ടികളും ഇടതുപക്ഷ പിന്തുണയുമാണെന്നാണു് ഞാൻ പറയുന്നതു്. ഇവിടെയുള്ള ഭരണത്തിൻറെ

LIBRARY ARCHIVES Kerala Legislative Assembly

സയുക്തികമായ പരിണാമം കേന്ദ്രത്തിൽകൂടി ഉണ്ടാകണം. എന്നാലേ യഥാർത്ഥ സോഷ്യലിസം ഉണ്ടാകുകയുള്ളു. ലൈഫ് ഇൻഷ്വറൻസ് ദേശസാൽക്കരിച്ചതിനു ശേഷം അതിലുണ്ടായിരുന്ന ഫണ്ട് വലിയതോതിൽ കുത്തകമുതലാളിമാരെ സഹായിക്കാൻവേണ്ടി കൊടുക്കുകയുണ്ടായി. ഇപ്പോഴത്തെ ബാങ്ക് ദേശസാൽക്കരണവും ആ വഴിക്ക് പോയിക്കൂടെന്നില്ല. ഇവിടെയുണ്ടായിട്ടുള്ള സയുക്തികമായ പരിണാമം കേന്ദ്രത്തിലും ഉണ്ടാകുന്നതിന് ഇൻഡ്യയിലുള്ള കുത്തകമുതലാളിമാരെ മുഴുവനും ദേശസാൽക്കരിക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കേണ്ടതാണ്.

ശ്രീ. കെ. എം. മാണി: റൂൾസ് ഓഫ് പ്രൊസീഡിയറിലെ 147-ാം വകുപ്പിൽ പറയുന്നത്, "The debate on the supplementary grants shall be confined to the items constituting the same and no discussion may be raised on the original grant or policy under lying them save in so far as it may be necessary to explain or illustrate the particular items under discussion" എന്നാണ്. അതുകൊണ്ട് ഇന്ദിരാഗാന്ധിയുടെ ബാങ്ക് ദേശസാൽക്കരണ നടപടികളും ഇതുമായി യാതൊരു ബന്ധവുമില്ലെന്നറിയാമോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: 147-ാം വകുപ്പിലെ 4-ാം ഭാഗം എടുത്തു നോക്കുക.

ഐക്യമുന്നണിയുടെ ഭാവിയെ സംബന്ധിച്ച് സ്ഥിരത കൈവരിക്കാനുള്ള ശക്തിവേണമെന്നുള്ള പ്രശ്നം ശ്രീ. പറമ്പിത്തറ ഉന്നയിച്ചതുകൊണ്ട് ഞാൻ അതിനു മറുപടി പറഞ്ഞുതുടങ്ങിയെന്നു മാത്രം.

ഈ ഐക്യമുന്നണി പ്രവർത്തിക്കേണ്ട രീതിയിൽ അല്ല ഇന്നു പ്രവർത്തിക്കുന്നത്. ഇന്നത്തെ രീതിയിൽ പ്രവർത്തിച്ചാൽ പോരാ. ഇന്നത്തെക്കാളും കുറെക്കൂടി യോജിച്ച് ഒത്തൊരുമയോടുകൂടി പ്രവർത്തിക്കണം. ലക്ഷ്യത്തിൽ എത്തുന്നതിനു അടിപതറാതെ മുന്നോട്ടു പോകണം. നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി ഐക്യമുന്നണിയിലെ പാർട്ടികളും പരസ്പരം കലഹിക്കുകയോ വാദപ്രതിവാദങ്ങളും നടത്തുകയോ ചെയ്യുന്നതു ശരിയല്ല. ഐക്യമുന്നണി ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ, അതിനെ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ഇതിലെ ഘടകകക്ഷികളും തമ്മിലുള്ള നിസ്സാരമായ വാദപ്രതിവാദങ്ങളും അവസാനിപ്പിക്കണം. ഇന്നലെ തന്നെ ശ്രീ. പി. എസ് ശ്രീനിവാസൻ പ്രസംഗിച്ചപ്പോഴും ശ്രീ. കെ. എം. ജോർജ്ജിനു അസൂയതോന്നി.

[Shri. E. Chandrasekharan Nair in the Chair]

ശ്രീ. കെ. എം. ജോർജ്ജ്: സർ, എനിക്കു ശ്രീനിവാസൻ പ്രസംഗിച്ചപ്പോഴും അസൂയ അല്ല വേദനയാണു തോന്നിയതു, കാരണം അദ്ദേഹത്തിന്റെ ജീവൻപോലും അപകടത്തിലാകുമല്ലോയെന്നു വിചാരിച്ചു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലായിട്ടില്ല. അപകടത്തിലായിട്ടുണ്ടെങ്കിൽ അതു പാവപ്പെട്ടവരുടെ ജീവനാണ്. 1953 മുതൽ 1957 വരെയുള്ള കാലഘട്ടത്തിൽ കാവലുകളിൽ കരകുത്തി നെല്ലും മറ്റു കൃഷികളും ചെയ്തു തിങ്ങിത്താമസിക്കുന്ന ആളുകളെ ബലംപ്രയോഗിച്ചു ഇറക്കിവിടാനും അവരുടെ വീടുകളും നശിപ്പിക്കാനും ശ്രമിച്ചു. അവിടെയുള്ള വസ്തുക്കൾ ആരുടെ കൈവശമാണെന്നു വ്യക്തമായി തീരുമാനിച്ച് റിപ്പോർട്ട ചെയ്യാൻ പോന്ന ഒരു റവന്യൂ ഓഫീസറെപ്പോലും കയ്യേറാം ചെയ്യാൻ തുടങ്ങി.

ശ്രീ. ഇ. ജോൺ ജേക്കബ്: ശ്രീ. ഗോവിന്ദപ്പിള്ള തന്നെ ഇതിനുമുമ്പു ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്: ഇങ്ങനെയുള്ള അഴുക്കു ഇവിടെ വാഷ് ചെയ്യരുതെന്നു, എന്നിട്ട് ശ്രീ. ഗോവിന്ദപ്പിള്ളതന്നെ അതു ആവർത്തിക്കുന്നതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഇവിടെ നടക്കുന്ന സംഭവങ്ങളെപ്പറ്റി ശരിയായി ചിത്രീകരിച്ചാൽ മതി. ശ്രീനിവാസനെപ്പോലെയുള്ളവർ ''കാളപെറ്റെന്നു കേൾക്കുമ്പോഴേ കയറെടുക്കുന്ന'' സംപ്രദായം സ്വീകരിക്കുന്നതു് ശരിയാണോ? ആരോ ചത്തുവെന്നു് അദ്ദേഹം കേട്ടയുടനെതന്നെ കുത്തിക്കൊന്നതാണെന്നും പറഞ്ഞു കളക്ടറുടെ അടുക്കൽ ജാമ്യത്തിനു പോയി. വലതുകമ്മ്യൂണിസ്റ്റിന്റെ പാർട്ടിയിലെയായാലും ഇടതു കമ്മ്യൂണിസ്റ്റിന്റെ പാർട്ടിയിലെയായാലും ഒരു എം. എൽ. എ. ഇങ്ങനെ ചെയ്യുകയാണു് ഞാൻ പറയുന്നതു്. ഇതുമായി ബന്ധപ്പെട്ട അദ്ദേഹം സ്ഥലത്തുപോയി ഇതിന്റെ സത്യാവസ്ഥ അറിഞ്ഞിട്ടവണം കാര്യങ്ങൾ പറയേണ്ടതാണു്. ഇതെല്ലാം ഇംഗ്ലീഷു് ഭാഷയിൽ പറഞ്ഞാൽ "Pinch of salt" എന്നു പറയും.

ശ്രീ. എം. കെ. ദിവാകരൻ: പോലീസിൽനിന്നും കിട്ടിയ വിവരം വച്ചുകൊണ്ടാണു് അദ്ദേഹം ഇവിടെവന്നു പറഞ്ഞതെന്നു് അറിയാമോ? അതിന്റെ ശരിയായ വിവരം കിട്ടിയപ്പോഴും അതും ഇവിടെവന്നു പറഞ്ഞല്ലോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ചത്തതു് കീചകനാണെങ്കിൽ കൊന്നതു് ഭീമൻതന്നെ' എന്നു പറയുന്നതുപോലെ കാര്യങ്ങളൊന്നുംതന്നെ വ്യക്തമായി അന്വേഷിക്കാതെ ഒരു നിഗമനത്തിലെത്തുന്നതു് ശരിയായ നടപടിയാണോ? ഐക്യമുന്നണിയിലെ പ്രധാനപ്പെട്ട ഒരു പാർട്ടിയിലെഅംഗം, സംഭവസ്ഥലത്തുപോയി അന്വേഷിക്കുന്നതിനുപോലും തയാറാകാതെ, ഇവിടെവന്നു മറ്റു വിധത്തിൽ പറയുന്നതു് ശരിയല്ലെന്നാണു് ഞാൻ പറയുന്നതു്. അവിടെ ആരുംതന്നെ ചത്തിട്ടില്ല. ആദ്യം ഇവിടെ വന്നുനിന്നു ഒരാൾ ചത്തെന്നും അതല്ല കുത്തികൊന്നെന്നും പറഞ്ഞിട്ടു് ഒടുവിൽ അതു് തിരുത്തിയതുകൊണ്ടു് കാര്യമില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: അപ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ചിടത്തോളം രൂം 147 അനുസരിച്ചു് ഒരു ദിവസത്തെ ചർച്ച വേണമെന്നാണു് പറയുന്നതു്. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയ്ക്കു ഒരു ദിവസമെങ്കിലും വേണമെന്നുള്ളതു് സഭയുടെ അവകാശമാണു്. ഒരു ദിവസത്തെ ചർച്ചയാണെങ്കിൽത്തന്നെയും, സഭ നിയന്ത്രിക്കുന്ന ചെയറിനു് അതു് ഒരു മണിക്കു് വോട്ടിനിടുകയും വേണം. ഈ ബില്ലിന്റെ ചർച്ച പതിനൊന്നര മണിക്കാണു് തുടങ്ങിയതു്. അപ്പോൾ ഒരു മണിക്കു് വോട്ടിനിടുകയാണെങ്കിൽ ഒരു ദിവസത്തെ ചർച്ചയ്ക്കുള്ള സമയം ലഭിക്കുന്നില്ല. അതുകൊണ്ടു് ഈ അപ്രോപ്രിയേഷൻ ബില്ലിനു് ഒരു ദിവസത്തെ ചർച്ചയ്ക്കുള്ള സമയം ആവശ്യമാണു്.

ചെയർമാൻ: ഇതു് എങ്ങനെ കൈകാര്യം ചെയ്യണമെന്നു് നിശ്ചയിക്കാനുള്ള വിവേചനാധികാരം സ്പീക്കർക്കുള്ളതായി രൂളിൽ പറയുന്നുണ്ടു്. The Speaker can waive the provision.

ശ്രീ. ബേബിജോൺ: സഭയുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടു് സമയം നിയന്ത്രിക്കുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു് പറയാനുള്ളതു്.

ശ്രീ. കെ. എം. മാണി: 147-ാം രൂളിൽ പറഞ്ഞിരിക്കുന്നതു് ഇതാണു്.

147. Appropriation Bill.—(1) Subject to the provisions of the Constitution the procedure in regard to an Appropriation Bill shall be the same as for Bills generally with such modifications as the speaker may consider necessary.

(2) At any time after the introduction in the assembly of an Appropriation Bill the Speaker may allot a day or days for the completion of all or any of the stages involved in the passage of the Bill by the Assembly,

LIBRARY ARCHIVES Kerala Legislative Assembly

and when such allotment has been made, the Speaker shall at 1 p. m., on the allotted day, or as the case may be, the last of the allotted days, forthwith put every question necessary to dispose of all the outstanding matters in connection with the stage or stages for which the day or days has or have been allotted.

(3) The Speaker may, if he thinks fit prescribe a time limit for speeches at all or any of the stages for which a day or days has or have been allotted under the preceding sub-rule എന്നാണ്. ഒരു ദിവസമോ അതിൽ കൂടുതലോ ചർച്ചക്ക് അലോട്ട് ചെയ്തതിനശേഷം ആ ദിവസത്തിൽ കൂടുതലുള്ള ചർച്ചയ്ക്കിടെ വയ്യാമെന്നാണ് ഇതിൽ പറയുന്നത്.

CHAIRMAN: These are all subject to Sub-rule (1) of 147 which specifically says that the procedure in regard to an Appropriation Bill shall be the same as for Bills generally with such modifications as the Speaker may consider necessary. So if the Speaker thinks that it is necessary to restrict the discussion, he is entitled to do it. That is my view.

Shri. K. M. Mani: "With such modifications as the Speaker may consider necessary". But a full day has to be allotted. That is compulsory and we would like to get a ruling from the chair on that point.

Chairman: The provision empowers the Speaker to restrict the duration of speeches, everything. The Speaker has the power to restrict the period, of course, with the consent of the House. Shri. Govinda Pillai can continue.

ശ്രീ. എൻ. കെ. ശേഷൻ: ഇത് ബിസിനസ് അഡൈ്വസറി കമ്മിറ്റി തീരുമാനിക്കേണ്ട ഒരു കാര്യമല്ലേ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ഇത് ഇന്ന വോട്ടിനിട്ട പാസ്സാക്കണമെന്നും ഇന്നലെ ബിസിനസ് അഡൈ്വസറി കമ്മിറ്റി ഏകകണ്ഠമായി തീരുമാനിച്ചതാണ്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഞാൻ എന്റെ സമയത്തിനു് അപ്പുറം പോകുകയില്ല. ഇവിടെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ചില ഭരണകക്ഷികളുടെ ഭാഗത്തുനിന്നും വളരെയേറെ ആവേശത്തോടുകൂടി ഉന്നയിച്ച ഒരു കാര്യത്തിന്റെ മനോഭാവത്തോടു് എനിക്കു് പരിപൂർണ്ണമായ അനുഭാവമാണുള്ളതു്. അഴിമതിയാരോപണങ്ങളെ സംബന്ധിച്ചു് അന്വേഷിക്കണം. ആരെ സംബന്ധിച്ചു് അഴിമതിയാരോപണം വന്നാലും അന്വേഷിച്ചു് അഴിമതി ഉണ്ടോ എന്ന നോക്കി അതിനു തെളിവുണ്ടെങ്കിൽ അതിനുവേണ്ട ശിക്ഷ ബന്ധപ്പെട്ടവർക്കു് നൽകണമെന്നുള്ള പൊതുമനോഭാവത്തോടു് എനിക്കു് പരിപൂർണ്ണമായ അനുഭാവമാണുള്ളതു്. പക്ഷേ അഴിമതിയാരോപണങ്ങളെന്നുള്ളതു് ഈ ഗവണ്മെന്റിനേയും ഈ ഗവണ്മെന്റിലെ ഒരു ഘടകകക്ഷിയായ മാർക്സിസ്റ്റു പാർട്ടിയേയും കരിതേയ്ക്കാൻ മറ്റുമായി ഉപയോഗിക്കുന്ന ഒരു പുതിയ തന്ത്രമായി എടുത്തിരിക്കുകയല്ലേ എന്നു് ഞാൻ സംശയിക്കുകയാണു്. കാരണം ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം, അഴിമതിക്കെതിരായി എടുത്ത നടപടികളും, ഇതിനു മുൻപുള്ള ഒരു ഗവണ്മെന്റിന്റെ കാലത്തും എടുത്തിട്ടുണ്ടെന്നു തെളിയിക്കാൻ സാദ്ധ്യമല്ല. അഴിമതി ആരോപണങ്ങളിൽ തെളിവോടുകൂടിവന്ന എല്ലാ കാര്യങ്ങളും അന്വേഷിക്കുക എന്നുള്ളതു് ഈ ഗവണ്മെന്റിന്റെ ആദ്യംമുതൽക്കുള്ള നടപടിയായിരുന്നു. ഈ ഗവണ്മെന്റു് അധികാരത്തിൽവന്ന ഉടനെ ഗുരുതരമായ ആരോപണങ്ങളും ഫാമസ്സു് ചീഫു് കൺസർവേറ്റർക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly

വന്നു. ധീരതയ്ക്കുള്ള ഫാറസ്റ്റ് കൺസർവേറ്ററെ സസ്പെൻഡ് ചെയ്തുകൊണ്ട് അന്വേഷിക്കാൻ നടപടികളും സ്വീകരിച്ചു. എലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് വന്ന അന്വേഷണം, റ്റി. സി. സി. യെക്കുറിച്ച് വന്ന അന്വേഷണം, ഇങ്ങനെ നോക്കിയാൽ തെളിവ് കൊടുക്കാൻ തയാറായി വന്നിട്ടുള്ള എല്ലാ ആരോപണങ്ങളിലും അന്വേഷിക്കാൻ വേണ്ട നടപടികളും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇത്രയേറെ അഴിമതിയാരോപണങ്ങളും അന്വേഷണത്തിനു വിധേയമാക്കിയിട്ടുള്ള ഒരു ഗവണ്മെന്റും ഇതിനുമുൻപു് എപ്പോഴെങ്കിലും ഇവിടെ അധികാരത്തിൽ വന്നിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഇത്തരത്തിൽ മന്ത്രിമാരുടെ പേരിൽവന്ന ഗൗരവതരമായ ആരോപണങ്ങളിലും പ്രഥമദൃഷ്ട്യാ [illegible] എന്നു പരിശോധിച്ചു. മുൻപു് ഒന്നരണ്ടു കേസുകളിൽ മുഖ്യമന്ത്രി അതെപ്പറ്റി അന്വേഷിക്കുകയും കൊടുത്തിടത്തോളം തെളിവുകളും വച്ചു് അന്വേഷിക്കാൻ മാത്രം കാര്യമില്ലെന്നു തീരുമാനിക്കുകയും ചെയ്തു.

ശ്രീ. ബേബിജോൺ: മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽത്തന്നെ, അദ്ദേഹത്തിനു് കയ്യിൽകിട്ടിയ വിവരങ്ങൾ വച്ചേ പരിശോധിച്ചിട്ടുള്ളൂ, എന്നു പറഞ്ഞിട്ടുണ്ടു്. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളും മുഴുവൻ പരിശോധിച്ചിട്ടില്ല, അദ്ദേഹത്തിന്റെ കയ്യിൽ കിട്ടിയ വസ്തുതകളും വച്ചു മാത്രമേ അന്വേഷിച്ചിട്ടുള്ളൂ, എന്നു മുഖ്യമന്ത്രി പറഞ്ഞിട്ടില്ലേ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: അങ്ങനെയാണെങ്കിൽ ഇവിടെ ഇന്നലെ നടന്ന ആരോപണങ്ങളും, ഇതിനുമുൻപു് ഇവിടെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും, ഇനിയേറെ ഏതെങ്കിലും ആരോപണങ്ങളും ഉന്നയിക്കാനുണ്ടെങ്കിൽ അവയും എല്ലാംതന്നെ മുഖ്യമന്ത്രിയോ മറ്റു ബന്ധപ്പെട്ടവരോ അന്വേഷിക്കേണ്ടതുണ്ടെന്നാണു് എന്റെ അഭിപ്രായം. അതിനു് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം യാതൊരുവിധ എതിർപ്പുമില്ല. പക്ഷേ ഇങ്ങനെയൊരു ആരോപണം ഒരാൾ ഉന്നയിച്ചു എന്നുള്ളതുകൊണ്ടുമാത്രം ജുഡിഷ്യൽ അന്വേഷണത്തിനു് ഉത്തരവിടുക എന്ന സംപ്രദായം വന്നാൽ അതു് ശരിയാവുകയില്ല. ആരെങ്കിലും നിരുത്തരവാദപരമായി ആരോപണങ്ങളും ഉന്നയിച്ചുകഴിഞ്ഞാൽ അവയിൽ എന്തെങ്കിലും കഴമ്പുണ്ടോഎന്നു പരിശോധിക്കാതെ അവയെക്കെ ജുഡിഷ്യൽ അന്വേഷണത്തിനു വിടണമെന്നു പറഞ്ഞാൽ ഗവണ്മെന്റിൽ അസ്ഥിരതയും, കുഴപ്പങ്ങളും വരും.

ശ്രീ. കെ. എം. മാണി: സർ, ഏ പോയിന്റ് ഓഫ് ഓർഡർ. ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞതു് നിരുത്തരവാദപരമായി ആരോപണങ്ങളും ഉന്നയിച്ചു എന്നാണു്. ഇന്നലെത്തന്നെ ആരോപണങ്ങളും ഉന്നയിച്ചപ്പോൾ സ്പീക്കർ ചോദിക്കുകയുണ്ടായി, അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുണ്ടോ എന്നു് ? ആരോപണങ്ങളും ഉന്നയിക്കുന്നതു് വളരെ ഉത്തരവാദിത്വത്തോടുകൂടിയാണെന്നും, അന്വേഷണം വരുമ്പോൾ തെളിവു കൊടുക്കാൻ തയാറാണെന്നും ഞങ്ങളും പറയുകയുണ്ടായി. ആ സ്ഥിതിക്കു് ശ്രീ. ഗോവിന്ദപ്പിള്ള ഇങ്ങനെ പറയുന്നതു് ശരിയാണോ ? ചിലരുടെ പേരിൽ തെളിവില്ലെങ്കിലും അന്വേഷണം നടത്തുകയും, മറ്റു ചിലരുടെ പേരിൽ തെളിവുണ്ടായാലും അന്വേഷണം നടത്തുകയില്ല എന്ന സ്റ്റാൻഡു് എടുക്കുകയും ചെയ്യുന്നതു് ശരിയാണോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതിൽ എന്തു പോയിന്റു് ഓഫ് ഓർഡറാണു് ഉള്ളതു് ?

ചെയർമൻ: ഇന്നു രാവിലെ ഉന്നയിച്ച ആരോപണം നിരുത്തരവാദപരമാണെന്നു അദ്ദേഹം പറഞ്ഞില്ല. അതുകൊണ്ടു് പോയിന്റ് ഓഫ് ഓർഡറിന്റെ പ്രസക്തി വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോവിന്ദപ്പിള്ള: നിരുത്തരവാദപരമായ ആരോപണങ്ങളാണ് ഉന്നയിച്ചതെന്ന ഞാൻ തീരുമാനിച്ചാൽപോരാ. അത് അന്വേഷിക്കേണ്ടവർ അന്വേഷിച്ച് തീരുമാനിക്കണം. ഞാൻ പറയുന്നത്, ഒരാൾ ആരോപണം ഉന്നയിച്ചു കഴിഞ്ഞാൽ അങ്ങനെ ആരോപണം ഉന്നയിച്ചു എന്നുള്ളതുകൊണ്ടുമാത്രം ആട്ടോമേറ്റിക്കായിട്ട് ജുഡിഷ്യൽ അന്വേഷണം നടപ്പാക്കുക എന്നുള്ള സംപ്രദായം സാദ്ധ്യമല്ലെന്നാണ്.. മുഖ്യമന്ത്രിയോ മറ്റു പ്രമതലപ്പെട്ടവരോ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു നോക്കി അന്വേഷിക്കാനുള്ള വകയുണ്ടെങ്കിൽമാത്രമേ ജുഡിഷ്യൽ അന്വേഷണത്തിനു വിടാൻ പറ്റൂ. അതുകൊണ്ട് ഈ കാര്യം നമ്മുടെ മുഖ്യമന്ത്രി വന്നതിനുശേഷം അന്വേഷണത്തിന് വിടുകയാണ് വേണ്ടത്. പുതുതായി ഉണ്ടായിട്ടുള്ള ആരോപണങ്ങളും മുൻപുണ്ടായിട്ടുള്ള ആരോപണങ്ങളും അന്വേഷണത്തിനു വിധേയമാക്കാം. അങ്ങനെ അന്വേഷിക്കാമെന്നും അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്.

[Mr. Speaker in the Chair]

പക്ഷേ അഴിമതി ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണത്തിനു വിട്ടതിലും, അന്വേഷിച്ച് ആരോപണങ്ങളും തെളിഞ്ഞുകഴിഞ്ഞിട്ടുള്ളതിലുമെല്ലാം ഗവണ്മെന്റ് വേണ്ട നടപടികളും നടത്തുന്നുണ്ടെന്നു എനിക്കഭിപ്രായമില്ല. എലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചുണ്ടായ ആരോപണങ്ങളും അതിനു ഒരു ഉദാഹരണമാണ്. എലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചുണ്ടായ ആരോപണങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു ചീഫ് ജസ്റ്റീസിനെ നിയമിച്ചു. അദ്ദേഹം അതേക്കുറിച്ച് അന്വേഷിച്ച് ഒരു റിപ്പോർട്ട് തന്നിട്ട് കുറേ മാസങ്ങളായി. അത് ക്യാബിനറ്റിന്റെ മുൻപിലാണെന്നു പറയുന്നുണ്ടെങ്കിലും ആ റിപ്പോർട്ട് കിട്ടി എട്ടു മാസമായിട്ടും ഇത്രയുംനാൾ ഉറങ്ങിക്കിടക്കുകയായിരുന്നോ ? ഇങ്ങനെ ഉദാഹരണങ്ങൾ പലതും പറയാൻ കഴിയും. അതുപോലെതന്നെ വക്കൻ കമ്പനിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവുചെയ്തു കൊടുത്ത കാര്യം ഇവിടെ വന്നു. അത് ഒരു ജുഡിഷ്യൽ അന്വേഷണത്തിനു വിടാൻ തയാറാണെന്നു വ്യവസായമന്ത്രി ഇവിടെ പറയുകയുണ്ടായി. അതോടൊപ്പം അദ്ദേഹം മറ്റൊരു കാര്യംകൂടി പറഞ്ഞു. മുഖ്യമന്ത്രിയും മറ്റും അതിനു ഉത്തരവാദികളാണെന്നു അദ്ദേഹം പറഞ്ഞു. പക്ഷേ, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. സ്റ്റാമ്പ് ഡ്യൂട്ടി ഇളവുചെയ്തു കൊടുത്തിട്ട് ആറുമാസം കഴിഞ്ഞതിനുശേഷമാണ് അത് റാറ്റിഫിക്കേഷനുവേണ്ടി ക്യാബിനറ്റിൽ പോയിട്ടുള്ളത്. ധനകാര്യമന്ത്രിയും വ്യവസായമന്ത്രിയുംകൂടി ഒരുമിച്ച് ആലോചിച്ച് ഒരു തീരുമാനമെടുത്തതിനു ശേഷമാണ് അത് ക്യാബിനറ്റിന്റെ മുൻപിൽ പോയത്.

ഇത്തരം ആരോപണങ്ങളും ഉന്നയിക്കുമ്പോൾ എന്റെ സ്നേഹിതന്മാർ, ഐക്യമുന്നണി കക്ഷിയിലുള്ളവരായാലും, പ്രതിപക്ഷകക്ഷികളിലുള്ളവരായാലും, വിഷമിച്ചിട്ട് കാര്യമില്ല. ഇഷ്ടംപോലെ പത്രങ്ങളിലും മറ്റും ആക്ഷേപങ്ങളും ഉന്നയിക്കുന്നതു ശരിയല്ല. അതുകൊണ്ട് പരസ്യമായ വാദപ്രതിവാദങ്ങളും കലഹങ്ങളും അവസാനിപ്പിച്ചു ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദാനം നിറവേറ്റുന്നതിനുവേണ്ടി ഒത്തൊരുമയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ടി. എ. മജീദ്: ഒളിയമ്പു പ്രയോഗിക്കാതിരുന്നാൽ മതി.

മി. സ്പീക്കർ: മിസ്റ്റർ ഗോവിന്ദപ്പിള്ളയ്ക്കു പറയാനുള്ളതു പറയട്ടെ. ബഹുമാനപ്പെട്ട മെമ്പർക്കു പറയാനുള്ള സമയമുണ്ടല്ലോ, അപ്പോൾ പറയാം.

ശ്രീ. പി. ഗോവിന്ദപിള്ള: അതുകൊണ്ട് ഇത്തരത്തിലുള്ള ആരോപണങ്ങളും പ്രത്യാരോപണങ്ങളും നടത്തുമ്പോൾ വലതു കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ വിഷമിക്കേണ്ട. ഞങ്ങളുടെ പാർട്ടിയുടെ നേതാക്കന്മാർ, പരസ്യമായ ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിക്കുന്നതു നിറുത്തിവച്ചിട്ട് രേണുകക്ഷി പ്രവർത്തിക്കേണ്ടപോലെ കൂടിയാലോചനകൾവഴി കാര്യങ്ങൾ തീരുമാനിക്കാമെന്നു പറഞ്ഞപ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല," ഇല്ല ഞങ്ങളും തീരുമാനിച്ചിരിക്കുന്നു, 90 ദിവസത്തിനകം ഇന്നഇന്ന കാര്യങ്ങളും ചെയ്തില്ലെങ്കിൽ മന്ത്രിസഭയിൽനിന്നു വിട്ടുപൊയ്ക്കളയും, അല്ലെങ്കിൽ മന്ത്രിസഭയിൽ തുടരുന്ന കാര്യം പുനഃപരിശോധിക്കേണ്ടിവരും എന്നൊക്കെയാണു പറയുന്നതു്. ഇപ്പോഴും അവർ തീരുമാനിച്ചിരിക്കുന്നതു ഭീഷണിപ്പെടുത്താനാണു്. എന്നാൽ വിട്ടുപോയാട്ടെ എന്നു പറഞ്ഞിട്ടു് അവർ വിട്ടുപോകുന്നുണ്ടോ? അതുമില്ല. വെറും ഭീഷണികളും പുറപ്പെടുവിക്കുകയല്ലാതെ യാതൊന്നും ചെയ്യുകയില്ല. അതുകൊണ്ടു് ഐക്യമുന്നണിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കു് അന്ത്യശാസനം നൽകുന്ന സമ്പ്രദായം നിറുത്തിവച്ചിട്ടു പ്രശ്നങ്ങളും കൂടിയാലോചനവഴി പരിഹരിക്കാൻ ശ്രമിക്കണം. പരസ്യമായ ആരോപണങ്ങളും ഭീഷണികളുമല്ല ഐക്യമുന്നണിയെ ശക്തിപ്പെടുത്താനുള്ളതു്. അതുകൊണ്ടു് പരസ്യമായ ആരോപണങ്ങളും ഭീഷണികളും മാറ്റിവച്ചിട്ടു് ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാൻ വലതു കമ്മ്യൂണിസ്റ്റു സഖ്യകക്ഷികളും തയ്യാറാകുന്നപക്ഷം ഐക്യമുന്നണി മാതൃകാപരമായി പ്രവർത്തിക്കുമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ, സർ, ഇവിടെ ശ്രീ. ഗോവിന്ദപ്പിള്ള വലതു കമ്മ്യൂണിസ്റ്റു പാർട്ടി എന്നു പറഞ്ഞു. വലതു കമ്മ്യൂണിസ്റ്റുപാർട്ടി എന്നൊരു പാർട്ടി ഇല്ല. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയാണുള്ളതു്. ഇങ്ങനെ ഒരു പേരുള്ളപ്പോൾ വേറെ പേരു പറയുന്നതു ശരിയാണോ, നിയമപ്രകാരം അംഗീകരിച്ച പേരു് ഉള്ളപ്പോൾ വേറെ പേരു പറയുന്നതു് ശരിയാണോ; വലതു കമ്മ്യൂണിസ്റ്റു പാർട്ടി എന്നു പറഞ്ഞാൽ എന്താണെന്നു മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: മുമ്പു് ഇതുപോലൊരു പ്രശ്നം ഉന്നയിച്ചിട്ടുണ്ടു്. അതായതു പാർട്ടിക്കിട്ടിരിക്കുന്ന പേരുതന്നെ പറയണമെന്നു് റൂളിംഗ് മുമ്പുതന്നെ നൽകിയിട്ടുള്ളതാണു്. ഒരവസരത്തിൽ അങ്ങനെ ഓർമ്മിക്കാതെ പറഞ്ഞുപോയതാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഈ രാജ്യത്തെ മിക്കവാറും പത്രങ്ങളിലും പറ ന്നതു് പറഞ്ഞതുനേയുള്ള.

മി. സ്പീക്കർ: ഇനിമേലിൽ അങ്ങനെ പറയരുതു്.

ശ്രീ. എൻ. കെ. ശേഷൻ: പ്രധാനപ്പെട്ട ഒരു കക്ഷിയുടെ നേതാവെന്നു തോന്നുന്ന ഒരാൾ ബില്ലു പാസ്സാക്കിയില്ലെങ്കിൽ നിയമസഭ പിരിച്ചുവിടുമെന്നു പരസ്യമായി പറയുന്നതു് ശരിയാണോ സർ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അങ്ങനെ ഒരു നേതാവും പറഞ്ഞിട്ടില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: പറഞ്ഞിട്ടുണ്ടു്.

(സഭയിൽ ആകെ ബഹളം)

ശ്രീമതി. കെ. ആർ. ഗൗരി: മറ്റു വിധത്തിലുള്ള ചർച്ചകളും നിറുത്തിവച്ചു് ബില്ലിന്റെ ചർച്ച തുടങ്ങുന്നതിനു് മെമ്പറന്മാരുടെ സഹായം അഭ്യർത്ഥിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതു് ആദ്യമേ വേണ്ടതായിരുന്നു.

ശ്രീ എ. എസ്. എൻ. നമ്പീശൻ: ഇതിനെ സംബന്ധിച്ചു് സ്പീക്കർ ഒന്നും പറയാതിരിക്കുന്നതു് ശരിയാണോ?

മി. സ്പീക്കർ. ഇതിനെ സംബന്ധിച്ചു് ഒരു പ്രിവിലേജു് കമ്മിറ്റ്മെന്റ് ഉന്നയിച്ചിട്ടുണ്ടു്. അതേപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. എങ്ങനെയാണു് അതുകൈകാര്യം ചെയ്യേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ ടി. ജേക്കബ്: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഈ ഐക്യമുന്നണി ഗവണ്മെൻറ് ഇവിടെ അധികാരത്തിൽ വന്നതിനു ശേഷം ഒട്ടവളരെ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ആത്മവിശ്വാസപൂർവ്വം അനുസ്മരിപ്പിക്കുന്നു. പോലീസ് വെരിഫിക്കേഷൻ എടുത്തുകളഞ്ഞതു്, മദ്യനിരോധനം എടുത്തുകളഞ്ഞതു്, നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കാൻവേണ്ടി നിയമനിർമ്മാണം നടത്തിയതു്, കോവാപ്പറേറീവു് മേഖലയിൽ വളരെ അനുകരണീയമായ ബില്ലുകൊണ്ടുവന്നതു്, യൂണിവേഴ്സിറ്റി ബില്ലു കൊണ്ടുവന്നതു്, പഞ്ചായത്തു രാജ്ബില്ലു് കൊണ്ടുവന്നതു്, ഇതിനെല്ലാം ഉപരിയായി ഈ രാജ്യത്തെ ജനലക്ഷങ്ങളെ സമുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ട്രൈപരിഷ്ക്കരണഭേദഗതിബിൽ കൊണ്ടുവന്നതു്, എസ്. എസ്. എൽ. സി. വരെ വിദ്യാഭ്യാസം സൗജന്യമാക്കിയതു് ഇങ്ങനെ പലതും എണ്ണിയെണ്ണി പറയാനുണ്ടു്. നമ്മുടെ ഈ ഗവണ്മെൻറു്, ഐക്യമുന്നണി ഗവണ്മെൻറു് മറ്റേതൊരു ഗവണ്മെൻറിനേയും അപേക്ഷിച്ചു് വിവിധ വകുപ്പുകളിലായി പല നേട്ടങ്ങളും കരസ്ഥമാക്കിയിട്ടുണ്ടു്. പക്ഷേ, ഇതൊക്കെയൊണെങ്കിലും ശരി. ഇതുയധികം നേട്ടങ്ങളും കൈവരിച്ച കാര്യം വിസ്മരിച്ചു പോകത്തക്ക പ്രവർത്തനങ്ങളും ചെയ്തിട്ടുണ്ടു്. മന്ത്രിമാർക്കും ഐക്യമുന്നണി പാർട്ടിക്കും ജനങ്ങളുടെയിടയിൽ ഈ നേട്ടങ്ങളെ സംബന്ധിച്ചു് ശരിയായ പ്രതികരണം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതു് ഒരു വസ്തുതയാണു്. എനിക്കു് വളരെയധികം ബഹുമാനമുള്ള ശ്രീ. ഗോവിന്ദപ്പിള്ള ഇവിടെ വരച്ചു കാണിച്ച അഖിലേൻഡ്യാ മട്ടിൽ വളർന്നുവരുന്ന രാഷ്ട്രീയ പരിഗണനകളോടു് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഐക്യമുന്നണിയുടെ ദീപനാളം പ്രതീക്ഷിച്ചു ജനകോടികളും ആവേശകരമായി മുന്നോട്ടുവരുന്ന കാഴ്ചകണ്ടു് വാസ്തവത്തിൽ ഒരു എളിയ രാഷ്ട്രീയപ്രവർത്തകനെന്ന നിലയിൽ ഞാൻ അതികച്ചും സന്തുഷ്ടനാണു്. എന്നാൽ ഐക്യമുന്നണിക്കു് പ്രശ്നങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനു കഴിയുന്നില്ല. ഐക്യമുന്നണിയുടെയും ഗവണ്മെൻറിൻറെയും നേട്ടങ്ങളെപ്പറ്റി ഈ സഭാതലത്തിൽവച്ചു് ധനവിനിയോഗബില്ലിൻറെ ചർച്ചാവേളയിൽ പറഞ്ഞുതീർക്കാമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഐക്യമുന്നണി മറ്റെന്നത്തെക്കാളും ശക്തിപ്പെട്ടതായുണ്ടു് ഒരവസരമാണിതു്. ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞതിനെ കണക്കിലെടുത്തുകൊണ്ടു് പറയുകയാണു്, ഐക്യമുന്നണിയുടെ കെട്ടുറപ്പിനു തടസ്സമുണ്ടാക്കുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കാണുന്നതിനു് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റ് പാർട്ടി നിർണ്ണായകമായ നേതൃത്വം നൽകേണ്ടതുണ്ടു്. അങ്ങനെ നേതൃത്വം നൽകാതിരിക്കുകയും നേതൃത്വം നൽകുന്നതിൽതന്നെ പലപ്പോഴും പരാജയപ്പെടുകയും ചെയ്യുന്നതിൻറെ ഫലമായി മുന്നണിക്കകത്തു് ചില ചെറിയ പൊട്ടിത്തെറിക്കലുകളും ഉണ്ടായിട്ടുണ്ടു്. ഇങ്ങനെയുള്ള പൊട്ടിത്തെറിക്കലുകളിൽ ആരും കുലുങ്ങുകയില്ല. എങ്കിൽപ്പോലും വാസ്തവത്തിൽ കുഴപ്പങ്ങൾക്കെല്ലാം കാരണക്കാർ മാർക്സിസ്റ്റുകാരാണെന്ന നിഗമനം ശരിയല്ല. തുല്യമായ പങ്കു് എല്ലാ പാർട്ടികൾക്കും ഉണ്ടു്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം, ഇവിടെ പരാമർശിക്കപ്പെട്ട ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിക്കു് ഐക്യമുന്നണി വിട്ടുപോകുന്നതെന്നാണെങ്കിൽ പോയിക്കൊള്ളട്ടെ എന്നും മറ്റും ശ്രീ. ഗോവിന്ദപ്പിള്ളയെപ്പോലെ ഉന്നതനായ, ഉത്തരവാദിത്വമുള്ള ഒരു നേതാവു് പറയരുതായിരുന്നു. ഐക്യമുന്നണി ആരുടേയും സ്വകാര്യസ്വത്തല്ല. ഈ രാജ്യത്തിലെ ജനകോടികളും പോരയും വിയർപ്പും നൽകി പടുത്തുയർത്തിയ ഗവണ്മെൻറാണു്. അതിലെ ഏതെങ്കിലും ഒരു പാർട്ടിയോടു് വിട്ടുപോകാൻ പറയാനോ, ഏതെങ്കിലും പാർട്ടിയെ അവഹേളിക്കുവാനോ മറ്റൊരു പാർട്ടിക്കും അവകാശമില്ല. അങ്ങനെയുള്ള അടിസ്ഥാനത്തിലല്ല ഐക്യമുന്നണിയെ കാണേണ്ടതു്. ഐക്യമുന്നണി ജനങ്ങളുടെ ഐക്യമുന്നണിയാണു്. ജനകോടികളുടെ ഐക്യമുന്നണിയാണു്. അതിനെ സമർത്ഥമായി വിജയിപ്പിച്ചുകൊണ്ടു് പോകുന്നതിനുള്ള പ്രശ്നങ്ങളും കൈകാര്യം ചെയ്യുമ്പോഴും ഒരു പാർട്ടി മറ്റൊരു പാർട്ടിയെ അവഹേളിക്കുകയോ ആക്ഷേപിക്കുകയോ ചെയ്യാൻ പാടില്ല. സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇത്രയധികം കാര്യങ്ങളും നമ്മുടെ ഗവണ്മെൻറു് ചെയ്തിട്ടുണ്ടെങ്കിലും വാസ്തവ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇന്നു് അതിന്റെ ഒരു പ്രതികരണവും ഇല്ലാത്തതിന്റെ കാരണമെന്താണു്? ഈ രാജ്യത്തു് ഇന്നു് ഇതിനുപരിയായി പ്രസംഗവേദിയിൽ കൂടി, പത്രങ്ങളിൽ കൂടി ഉയന്നുവന്നിട്ടുള്ള വേറെ ചില പ്രചരണങ്ങളുണ്ടു്. അതു് ഇന്നൊരു യാഥാർത്ഥ്യമായി ത്തീന്നിരിക്കുകയാണു്. അഴിമതിയെപ്പറ്റി സംക്ഷോഭജനകമായ ആരോപണ പ്രത്യാരോപണം ഇന്നു് രാജ്യത്തുടനീളം ഉയന്നുവന്നിട്ടുണ്ടു്. ഇന്നു് മറ്റുള്ള നല്ല കാര്യങ്ങളെപ്പറ്റി ചിന്തിക്കാൻ നേരമില്ല. ഇതു് പ്രചരിപ്പിക്കാൻ പാർട്ടികാരുടെ യാതൊരു മടിയുമില്ല. അഴിമതിയെന്നുള്ള ഇന്നത്തെ ഈ സ്ഥിതിവിശേഷം ഉടനടി പരിഹരിച്ചേ മതിയാവൂ. അതിനു് നമ്മളാ ബാദ്ധ്യസ്ഥരാണു്. അതിനു മടി കാണിക്കേണ്ട ആവശ്യമില്ല. അഴിമതിയെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തുന്നതിനു് ഒരുക്കമാണെന്നു് ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇവിടെ ഇപ്പോഴും പ്രധാനമായിട്ടു് ഉയന്നുവന്നിട്ടുള്ള ആരോപണം ആരോഗ്യമന്ത്രിയെക്കുറിച്ചാണു്. ആരോഗ്യമന്ത്രി വെല്ലിംഗ്ടനെപ്പറ്റി എനിക്കു വ്യക്തിപരമായി യാതൊരാക്ഷേപവുമില്ല. അർഹിക്കുന്ന ബഹുമാനമുണ്ടു്. എങ്കിൽപ്പോലും ഉടർച്ചയായ ആരോപണങ്ങളും ഉയന്നുവരുമ്പോൾ അതിനെ നേരിടാൻ മാത്രമാപര മായിതന്നെ തയ്യാറാകണം. അങ്ങനെ സംശുദ്ധനായ ഒരു മന്ത്രി എന്നുള്ള നിലയിൽ, നിരപരാധിയായ മന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹത്തെ കാണുന്നതിനു് എല്ലാവിധ സാഹചര്യങ്ങളും ഉണ്ടാക്കുന്നതിനു് ഗവണ്മെൻറുതന്നെ മുൻകൈ എടുക്കേണ്ടതാണു്.

ശ്രീ. എം. കെ. എ. ഹമീദ്: മന്ത്രിസഭയുടെ തലവനായ മുഖ്യമന്ത്രി പരിശോധിച്ചതിനുശേഷം പ്രഥമദൃഷ്ട്യാ തെളിവുണ്ടെങ്കിൽ അദ്ദേഹം അന്വേഷണത്തെ നേരിടാമെന്നു പറഞ്ഞുകഴിഞ്ഞല്ലോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ പരിശോധിച്ചതിൽ പിന്നീടു് പല ആരോപണങ്ങളും ഉണ്ടായിട്ടുണ്ടു്. ഇന്നലത്തന്നെ ആരോപണം വന്നിട്ടുണ്ടു്. അതെല്ലാം ഇനിയും പരിശോധനാവിധേയമാക്കേണ്ടതാണു്. അതെപ്പറ്റിയൊന്നും അഭിപ്രായ വ്യത്യാസമില്ല. ഇതിന്റെയൊക്കെ നടപടിക്രമം എന്താണെന്നു വിശദീകരിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല.

ഇവിടെ മറെറാരു പ്രധാന ആക്ഷേപം ഉയന്നുവന്നിട്ടുള്ളതു് ഞങ്ങളുടെ പാർട്ടിയെപ്പറ്റിതന്നെ വളരെ വ്യാപകമായതോതിൽ പ്രചരിപ്പിച്ചിട്ടുള്ള ഒരു കാര്യം, ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി ഭീകരിഷ്കരണബില്ലിനു് എതിരാണെന്നാണു്. ഇങ്ങനെ വ്യാപകമായ തോതിൽ പ്രചരണം നടത്തുന്നതു, അതായതു് തിരുവനന്തപുരത്തുവച്ചു് നടന്ന ഘോഷയാത്രയിൽ പലതന്മാരെന്നു പറഞ്ഞുകൊണ്ടു വിളിച്ച മുദ്രാവാക്യങ്ങളും ഞാൻ സ്വന്തം കാതുകൊണ്ടു കേട്ടതാണു്.

മി. സ്പീക്കർ: അതിപ്പോഴും ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയല്ലെന്നു പറഞ്ഞില്ലേ? ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയല്ലേ മെമ്പറുടെ പാർട്ടി.

ശ്രീ. കെ. ടി. ജേക്കബ്. ഏതായാലും ഞങ്ങളെ സംബന്ധിച്ചു് ഈ വിധത്തിലുള്ള ആരോപണം നടന്നു. ഇതിനെപ്പറ്റി ഞങ്ങളുടെ ഭാഗത്തുനിന്നും ശ്രീ. ശ്രീനിവാസൻ വ്യക്തമാക്കിയിട്ടുണ്ടു്. കാർഷികബന്ധബില്ലിനെ സംബന്ധിച്ചിടത്തോളം ഈ അസംബ്ലിയിലുള്ള ഏതു പാർട്ടിയെക്കാളും, മാർക്സിസ്റ്റു പാർട്ടിയെക്കാളും ഏറെറവുംകൂടുതൽ ശക്തിയായി വാദിക്കുന്ന ആളുകളാണു് ഞങ്ങളാം. ഞങ്ങളാം പുന്നപ്രവയലാറിന്റേയും, കയ്യൂരിന്റേയും, കാവുമ്പായിയുടെയും അമരാവതിയുടെയും പാർട്ടിയാണു്. ഈ രാജ്യത്തു് ജന്മിത്വത്തിനെതിരായി, നാടുവാഴിത്വത്തിനെതിരായി കുടികിടപ്പുകാർക്കുവേണ്ടി സംഘടിച്ചിട്ടുള്ള പാർട്ടിയാണു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി. കർഷകസമരത്തിലൂടെ വളന്ന ഈ പാർട്ടി കർഷകനനുകൂലമായ നിയമനിർമ്മാണത്തിനെതിരെ ഗൂഢാലോചന നടത്തുന്നു എന്ന അപഹാസ്യമായ വാദത്തെ ഞങ്ങളാം സവ്വശക്തിയും ഉപയോഗിച്ചു് എതിർക്കുന്നു. കാർഷികബന്ധ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെകാര്യത്തിൽ വിപ്ലവകാരികളെന്നു മേവിച്ചുനടക്കുന്ന 'വാചകിയവിപ്ലവ' ക്കാരെ ഞാൻ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുന്നു. കാർഷികബന്ധ ബില്ലിനെപ്പറ്റി ഒരു കാര്യം പറയാനുണ്ട്. പ്രഥമനംവച്ച് പർപ്പടകവും കാച്ചി ഓണസദ്യ നടത്തുന്ന സമയത്തുപോലും, ആ ഓണം നാളുകളിൽപോലും നിയമസഭ സമ്മേളിച്ച് ഈ ബില്ല് പാസാക്കുന്നതിനു സഹകരിക്കാൻ ഞാനും എന്റെ പാർട്ടിയും തയ്യാറാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പറഞ്ഞു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഏർപ്പാടിൽനിന്നു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി പിൻവാങ്ങണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. ബി. മാധവൻനായർ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഈ ധനവിനിയോഗിക്കുന്ന കാര്യത്തിൽ പല ആരോപണങ്ങളും ഈ സഭയിൽത്തന്നെ ഉയർന്നുവന്നിട്ടുണ്ട്. സംശുദ്ധമായ ഒരു ഭരണം ഈ രാജ്യത്തിനു സംഭാവന ചെയ്യണമെന്നു രാഷ്ട്രീയോദ്ദേശത്തോടുകൂടിയൊന്നും അല്ലാതെ പ്രഖ്യാപിച്ചിട്ടുള്ള ഈ ഗവണ്മെന്റ് ജനങ്ങളോടുള്ള ബാധ്യത നിർവ്വഹിക്കണമെന്നു എനിക്കഭിപ്രായമുണ്ട്. ശ്രീമാൻ ഗോവിന്ദപ്പിള്ള ഇവിടെ സൂചിപ്പിച്ചതുപോലെ അഴിമതിയാരോപണങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്താമെന്നുള്ള നിലപാടിനെ ഞാൻ സ്വാഗതം ചെയ്യുന്നു. മറ്റേതു ഗവണ്മെന്റുകളെക്കാളും ഇക്കാര്യത്തിൽ കുറേക്കൂടി മുന്നാട്ടുവന്നു അന്വേഷണം നടത്തുമെന്നും അദ്ദേഹം പറയുകയുണ്ടായി. തിരുവിതാംകൂറിന്റെയും, തിരുകൊച്ചിയുടേയും കേരളത്തിന്റെയും ചരിത്രത്തിൽ അന്വേഷണവിധേയരായ പല മന്ത്രിമാരും മന്ത്രിസ്ഥാനങ്ങളും രാജിവയ്ക്കുകയും അന്വേഷണത്തിനു വിധേയരാവുകയും ചെയ്തിട്ടുണ്ട്. ഏകകക്ഷി കോൺഗ്രസ്സ് മന്ത്രിസഭയിലെ മന്ത്രിമാർപോലും അന്വേഷണം നടത്താൻ തയ്യാറായിട്ടുള്ള ചരിത്രമുണ്ട്. അതുകൊണ്ട് ഇന്നു ജനങ്ങളുടെ ഇടയിലുള്ള അവിശ്വാസത്തിനു മാറ്റം വരുത്താൻ ഈ ഗവണ്മെന്റിനു ബാധ്യതയുണ്ട്. ഈ സഭയിൽ ആരോഗ്യമന്ത്രിക്കെതിരായി എഴുതിക്കൊടുത്തു വ്യക്തമായി അവതരിപ്പിച്ച ആരോപണങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രി മാത്രം പരിശോധിക്കാതെ ഈ സഭയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന അല്ലെങ്കിൽ മന്ത്രിസഭ നിശ്ചയിക്കുന്ന ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥൻ നിഷ്പക്ഷവും നീതിപൂർവ്വകവുമായ അന്വേഷണം നടത്തുന്നതുവരെ ആരോഗ്യമന്ത്രി തൽസ്ഥാനം രാജിവച്ച് മന്ത്രിസഭയിൽനിന്നും മാറി നിൽക്കണമെന്നു വ്യക്തമായ അഭിപ്രായമാണ് എനിക്കുള്ളതു്. ഈ രാജ്യത്തെ ജനങ്ങളുടെമുമ്പിൽ തന്റെ നിരപരാധിത്വം തെളിയിക്കുവാനുള്ള ബാധ്യത മുമതലയോടുകൂടി നിർവ്വഹിക്കുകയും ജനാധിപത്യഭരണക്രമത്തിൽ പ്രത്യേകിച്ചും ഐക്യമുന്നണിയുടെ ഭരണക്രമത്തിൽ ഐക്യമുന്നണിയുടെ സൽപ്പേരു ജനങ്ങളുടെയിടയിൽ നിലനിർത്താൻവേണ്ടി ഇന്നത്തെ ഇഡ്യയിലെ രാഷ്ട്രീയ പരിതഃസ്ഥിതിയിൽ ഓരോ കക്ഷിക്കുമുള്ള കടമ നിർവ്വഹിക്കണമെന്നു ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞതുപോലെ പ്രവർത്തിക്കുകയും ചെയ്യാൻ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട മന്ത്രി തയ്യാറായിരുന്നു.

സർ, ഈ ധനവിനിയോഗബില്ലിനെ അനുകൂലിച്ചുകൊണ്ട് എനിക്കു ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. നമ്മുടെ രാജ്യത്തിലെ സംഘടിത വിഭാഗങ്ങളുടെ പ്രശ്നങ്ങൾ വളരെ ഗൗരവപൂർവ്വം പരിഹരിക്കുകയും ഗവണ്മെന്റു ജീവനക്കാരായാലും ശരി, തൊഴിലാളികളായാലും ശരി, മറ്റു സ്വകാര്യമേഖലയിലുള്ളവരായാലും ശരി സംഘടിതമായി സമരം ചെയ്യുന്നവർക്കുമാത്രം ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. എന്നാൽ ഈ രാജ്യത്തു് സംഘടിക്കാൻ അവകാശമില്ലാത്ത, സംഘടനാസ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്ന നമ്മുടെ സംസ്ഥാനപോലീസ് വിഭാഗം ഇന്നു കടുത്ത അസംതൃപ്തിയിലാണ്. ഇതു വെറും പ്രചരണത്തിനുവേണ്ടിയോ ഒരുദ്ദേശത്തോടുകൂടിയോ പറയുന്നതല്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ മുമതല വഹിക്കുന്ന മന്ത്രി മനസ്സിലാക്കുന്നതിനുവേണ്ടി മാത്രമാണ് ഞാൻ ഇതെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതു്. അവരുടെ പ്രമോഷന്റെ കാര്യത്തിൽ, അവരുടെ യാത്രാബത്തയുടെ കാര്യത്തിൽ അപ്പീക്കു് പേക്കമ്മിഷൻ അനുവദിച്ചിട്ടുള്ള പി. ടി എ. നൽകുന്ന കാര്യത്തിൽ എല്ലാം തികഞ്ഞ അവഗണനയാണു് കാണിക്കുന്നതു്. അപ്പീക്കു് ഗവണ്മെന്റിന്റെ മുമ്പിൽവന്നു് ആക്ഷേപങ്ങളും അറിയിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് അവരുടെ അവശതകളും പരിഹരിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് ശ്രദ്ധിക്കണമെന്നു് ആദ്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണു്.

ഈ ധനവിനിയോഗബില്ലിനെ സംബന്ധിച്ചു് സംസാരിക്കുമ്പോൾ മറ്റൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കുവാനുണ്ടു്. നമ്മുടെ രാജ്യത്തു് കാർഷികമായ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെന്റു് പല സ്കീമുകളും നടപ്പിലാക്കുന്നുണ്ടു്. ഈ സ്കീമുകളും ഉപയോഗിച്ചു് കൃഷിനിലങ്ങളും പുതുതായി തീക്കാൻ ആഗ്രഹിക്കുന്ന ഇടത്തരം കൃഷിക്കാക്കു് സാമ്പത്തികസഹായം നൽകാൻവേണ്ടി ചാനലുകളുടെ സമീപത്തുള്ള സ്ഥലങ്ങളും നെൽപ്പാടങ്ങളായി മാറാൻ ആഗ്രഹിക്കുന്ന കൃഷിക്കാക്കു് ഒരേക്കറിനു് ആയിരം രൂപ വീതം സാമ്പത്തികവായ്പ നൽകേണ്ടതാണു്. പുരോഗമനപരമായ ഈയൊരു സമീപനരീതി ഗവണ്മെന്റു് സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ സോഷ്യൽ വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിൻകീഴിൽ ജോലിയില്ലാതിരിക്കുന്ന മഖ്യസേവികമാക്കുവേണ്ടി ഒരു പുതിയ സ്കീം ഏർപ്പെടുത്തി ഹരിജനോദ്ധാരണത്തിനുവേണ്ടി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനു് ഗവണ്മെന്റു് അമാന്തിക്കരുതെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണു്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): ഒരു നിയമസഭാ കമ്മിറ്റി അഴിമതിയെപ്പറ്റി അന്വേഷിക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. ലോകത്തിലെവിടെയെങ്കിലും ഇങ്ങനെയൊരു സംപ്രദായമുണ്ടോ; അതിന്റെ ജൂഡിഷ്യൽ ബേസിസു് എന്താണെന്നും അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ബി മാധവൻനായർ: ഇതു് എന്നെ ഉദ്ദേശിച്ചാണു് പറഞ്ഞതു്. ഇക്കാര്യം ചർച്ച ചെയ്യാൻവേണ്ടി കുറെ സമയം അനുവദിക്കുമെങ്കിൽ ഞാൻ വിശദമായി പറഞ്ഞുതരാൻ തയ്യാറാണു്.

ശ്രീ. ബേബിജോൺ: ഈ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച ഒരു മണിക്കുതന്നെ തീക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം ബഹുമാനപ്പെട്ട സ്പീക്കർ രണ്ടും മൂന്നും മിനിട്ടുമാത്രം ഞങ്ങൾക്കു് അനുവദിക്കുന്നതു്. എന്നാൽ ഇതിനുവേണ്ടി കുറെ സമയംകൂടി നീട്ടിവയ്ക്കണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു്: ബഹുമാനപ്പെട്ട തൊഴിൽമന്ത്രി പോദിക്കുകയുണ്ടായി ലോകത്തിൽ എവിടെയെങ്കിലും അസംബ്ലികമ്മിറ്റി അന്വേഷിക്കുന്ന ഏർപ്പാടുണ്ടോ എന്നു്. എന്റെ പരിമിതമായ അറിവുവച്ചുകൊണ്ടു് പറയുകയാണെങ്കിൽ ഗ്രേറ്റു് ബ്രിട്ടനിൽ ഇങ്ങനെയുള്ള പാർലമെന്ററി കമ്മിറ്റിയുണ്ടു്.

ശ്രീ. കെ. കരുണാകരൻ; ഈ ബില്ലിന്റെ ചർച്ച ആരംഭിച്ചപ്പോൾതന്നെ സമയത്തിന്റെ കാര്യം ചൂണ്ടിക്കാണിക്കാമെന്നു വിചാരിച്ചതാണു്. പക്ഷേ പ്രതിപക്ഷം മനഃപൂർവ്വം തടസ്സം നിൽക്കുന്നുവെന്ന ധാരണ ഉണ്ടാകരുതെന്നു കരുതിയാണു് പറയാതിരുന്നതു്. ഇത്രയും പ്രധാനമായ വിഷയത്തെപ്പറ്റി ചർച്ച ചെയ്യാൻ പരിമിതമായ സമയം പോരാ. വെറും ഒന്നരക്കോടി രൂപയുടെ ഡിമാൻഡാണു് എന്നുള്ള നിലയിൽ കാണരുതു്. വളരെ പ്രധാനമായ പല കാര്യങ്ങളും ഞങ്ങൾക്കു സംസാരിക്കുവാനുണ്ടു്. അതുകൊണ്ടു് സമയം ക്രിപ്പെടുത്തിയിരിക്കുന്നതു് പുനഃപരിശോധിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ചിലയാളുകളെല്ലാം സംസാരിച്ചുകഴിഞ്ഞതിനു ശേഷം സമയം നീട്ടുകയാണെങ്കിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് അങ്ങനെ ചെയ്യരുതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. എം. ജോർജ്ജ്: ഒരു ദിവസംകൂടി നീട്ടുകയാണെങ്കിൽ സംസാരിച്ച പാർട്ടിക്കാർക്ക് പിന്നെയും സംസാരിക്കുവാനുള്ള അവസരം കിട്ടും. ഇതിൽ പല പ്രശ്നങ്ങളും വന്നിട്ടുണ്ട്. അഖിലേൻഡ്യാ പ്രശ്നങ്ങൾവരെ വന്നിട്ടുണ്ട്. ഗുരുതരമായ ആരോപണങ്ങളും വന്നിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ ചർച്ച നാളെക്കൂടി നടത്തുന്നതിനുള്ള സൗകര്യമുണ്ടാക്കണം.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ഇതുപോലെ നിയമസഭയിൽ വരുന്ന സപ്ലിമെന്ററി ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ ബിൽ 12 മണിക്ക് ചർച്ച സ്റ്റെടുത്തു ഒരു മണിക്ക് ചർച്ച അവസാനിപ്പിക്കുകയെന്നുള്ളതാണ് കീഴ്വഴക്കം. ഇന്നു നേരത്തെതന്നെ ചർച്ചസ്റ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്ര വലിയ വാദപ്രതിവാദങ്ങളും വന്നിട്ടുള്ളതുകൊണ്ട് വേണമെങ്കിൽ പതിനഞ്ചു മിനിട്ടുകൂടി ഇരിക്കുന്നതിനു വിരോധമില്ല.

മി. സ്പീക്കർ: നേരത്തെ ഇതിനെപ്പറ്റി ഒരു വാദപ്രതിവാദം ഇവിടെ നടന്നതു ഞാൻ ഇവിടെയില്ലാതിരുന്ന സന്ദർഭത്തിലാണെങ്കിലും ചേമ്പറിലിരുന്നു കേൾക്കുകയായിരുന്നു. അതു കേട്ടപ്പോൾ എനിക്ക് വാസ്തവത്തിൽ വിഷമമാണുണ്ടായതു്. ഇന്നലെ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയിരുന്നു ഇതിനെപ്പറ്റി സംസാരിച്ചു. അവിടെ ഇതെല്ലാം സമ്മതിച്ച ചില മെമ്പർമാർതന്നെ ഇവിടെ റൂം 145-ം, 147-ം എല്ലാം ചൂണ്ടിക്കാണിച്ചിട്ടുള്ളതായാണ് കേൾക്കാൻ കഴിഞ്ഞിട്ടുള്ളതു്. ആ സന്ദർഭത്തിൽ ഇങ്ങോട്ടു കയറിവന്നു ഒന്നും പറയേണ്ടതില്ല എന്നു വിചാരിച്ചിട്ടാണ് വരാതിരുന്നതു്. ഏതായാലും ഇതിനെ സംബന്ധിച്ചു് ഇവിടെ ചർച്ചകളെല്ലാം നടന്നതുകൊണ്ട് കൂടുതൽ സമയം ആവശ്യമായിരിക്കാം. അല്ലെന്നുള്ള അഭിപ്രായമല്ല എനിക്കുള്ളതു്. പക്ഷേ ഇതിനെല്ലാം ഒരു സമയക്ലിപ്തം വേണമല്ലോ. ബ്രിട്ടീഷ് പാർലമെന്റു് രാത്രി ഒരു മണിവരെ നീട്ടിക്കൊണ്ടുപോയിട്ടുള്ളതായും അത്താഴം കൊടുക്കുന്ന ഏർപ്പാടുണ്ടായിരുന്നതായും ഞാൻ കേട്ടിട്ടുണ്ട്. നമുക്ക് അങ്ങനെയൊരു പാരമ്പര്യം ഇല്ലാത്തതുകൊണ്ട് അതിനൊന്നും സാധ്യമല്ല. ഇന്നലെ തീരുമാനിച്ചതിനുപരിയായി ഒന്നര മണിവരെ നീട്ടിക്കൊണ്ടുപോകാം.

ശ്രീ. കെ. കരുണാകരൻ: കമ്മിറ്റി ആലോചിച്ച അവസരത്തിൽ നിശ്ചിത സമയത്തിനുള്ളിൽ ഒതുങ്ങി നിൽക്കുമെന്നു വിചാരിച്ചു. എന്നാൽ ബഹുമാനപ്പെട്ട സോഷ്യലിസ്റ്റ് നേതാവിന്റെ പാർട്ടിക്കാർതന്നെ 50 ശതമാനം സമയവും എടുത്തു. സാധാരണയായി പ്രതിപക്ഷത്തിനാണ് കൂടുതൽ സമയം കൊടുക്കേണ്ടതു്. ഇതൊരു പ്രധാനപ്പെട്ട ചർച്ചയാണു്. പലർക്കും മറുപടി പറയേണ്ടതായിട്ടുണ്ട്. അതു മാത്രവുമല്ല വളരെ നിസ്സാരമായ ഒരു ഡിമാൻറല്ല ഇതു്. നിയമസമാധാനത്തിന്റെയും അഴിമതിയുടെയും കാര്യങ്ങളും പലതും പറയേണ്ടതുണ്ട്. അതുകൊണ്ട് നാളെ കുറെ സമയംകൂടി ചർച്ച വയ്ക്കാൻ സൗകര്യപ്പെടുത്തിയാൽ കൊള്ളാമെന്നു് നിർദ്ദേശമുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ്: ബിസിനസ് കമിതിയിൽ പറയേണ്ട കാര്യങ്ങളെല്ലാം പറഞ്ഞു് സമയം പാഴാക്കേണ്ട കാര്യമില്ല.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഇന്നതന്നെ വോട്ടിനിടണം. അതുകൊണ്ടാണു് 15 മിനിട്ടുകൂടി ഇരിക്കാമെന്നു പറഞ്ഞിട്ടുള്ളതു്. അതിനുശേഷം കമ്മിറ്റിയുണ്ടു്.

ശ്രീ. കെ. കരുണാകരൻ: പതിനഞ്ചു മിനിട്ടുകൊണ്ട് ഒരു കാര്യവും നടക്കുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: വേണമെങ്കിൽ അനുമതിക്കുറി ഇരിക്കാം.

മി. സ്പീക്കർ: മൂന്നു മിനിട്ടു മാത്രമേ തന്നുള്ള എന്നൊന്നും പരാതി പറഞ്ഞിട്ടു കാര്യമില്ല. ആറു മിനിട്ടു് അനുവദിച്ചിട്ടുള്ള ഒരു പാർട്ടിയിലെ മൂന്നു മെമ്പറന്മാർ സംസാരിക്കണമെന്നു് പേരെഴുതിത്തന്നാൽ ഓരോരുത്തർക്കും രണ്ടു മിനിട്ടു മാത്രമേ കൊടുക്കാൻ കഴിയൂ. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഒരു മെമ്പർ മാത്രം ഒരു പാർട്ടിയിൽനിന്നും സംസാരിച്ചാൽ മതി ഈ മാതിരി സന്ദർഭങ്ങളിൽ എന്നു തീരുമാനിക്കണമെന്നാണു്. മേലിലെങ്കിലും ഈ രീതി ഒന്നു പാലിക്കണം.

ശ്രീ. ബേബിജോൺ: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. സ്വാഗതം ചെയ്യുന്നു. ഇന്നലെയും ഇന്നുമായി നടന്ന ചർച്ചകളെ സംബന്ധിച്ചു് എന്റെ പാർട്ടിയുടെ അഭിപ്രായം ഈ അവസരത്തിൽ പറയാൻ ഞാൻ ബാധ്യസ്ഥനായതുകൊണ്ടാണു് ഈ ചർച്ചയിൽ ഞാൻ പങ്കുകൊള്ളുന്നതു്. സർ, ഇന്നലെ ഉപധനാഭ്യർത്ഥനകളെക്കുറിച്ചു് സംസാരിച്ച അവസരത്തിൽത്തന്നെ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഒരു മെമ്പർ കുറേ കാര്യങ്ങളെല്ലാം പറയുകയുണ്ടായി. ഞങ്ങളും ഈ ഐക്യമുന്നണിയെ കാണുന്നതു് കേരളത്തിലെ ഒരു മന്ത്രിസഭയേയോ ബംഗാളിലെ ഒരു മന്ത്രിസഭയെയോ മാത്രം മുന്നിൽ കണ്ടുകൊണ്ടല്ല. ഇന്നത്തെ ഇൻഡ്യയിലെ രാഷ്ട്രീയപരിതസ്ഥിതിയിൽ ഇൻഡ്യയിലെ അധ്വാനിക്കുന്ന ജനങ്ങളുടെ താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനും കോൺഗ്രസ്സിന്റെ സ്ഥാനത്തു് ജനസംഘമോ സ്വതന്ത്രാപാർട്ടിയോ അല്ലെങ്കിൽ അതുപോലെയുള്ള സ്ഥാപിതതാല്പര്യക്കാരുടെ അധികാരത്തിൽ വരാതെയിരിക്കുന്നതിനും അങ്ങനെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സംഘടനകളും അധികാരത്തിൽ വരണമെന്നുമുള്ള ഒരു നിലപാടിലാണു് ഞങ്ങളും ഐക്യമുന്നണിയെ കാണുന്നതു്. ഇൻഡ്യയിലെ ഇന്നത്തെ സ്ഥിതി പരിശോധിച്ചുനോക്കുകയാണെങ്കിൽ ഒരുദാഹരണം ഇടതുപക്ഷ പാർട്ടിക്കും ഇൻഡ്യയുടെ ഭരണാധികാരം കൈയടക്കുവാൻ കഴിയുന്ന സ്ഥിതിവിശേഷം ഇല്ലെന്നു കാണാൻ കഴിയും. അതുകൊണ്ടു് ഇൻഡ്യയിലെ ഇടതുപക്ഷകക്ഷികളും, പുരോഗമനശക്തികളും ഒന്നിച്ചു് അവരുടെതായ ഒരു മുന്നണി കെട്ടിപ്പടുക്കുക എന്നുള്ള ലക്ഷ്യമാണു് ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഞങ്ങളും കാണുന്നതു്. ആ ലക്ഷ്യം വച്ചുകൊണ്ടു് കേരളത്തിൽ ഒരു ഐക്യമുന്നണി രൂപീകരിക്കുവാൻ സാധിച്ചു. കേരളത്തിൽ ഒരു ഐക്യമുന്നണി മന്ത്രിസഭ രൂപീകരിക്കുവാൻ സാധിച്ചതുകൊണ്ടു് കേരളത്തിലെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കെല്ലാം മൗലികമായ പരിഹാരം കണ്ടെത്താമെന്നുള്ള തെറ്റിദ്ധാരണയൊന്നും ഞങ്ങൾക്കില്ല. ഇൻഡ്യയുടെ ആകെക്കൂടിയുള്ള ചിത്രം കണ്ടുകൊണ്ടു് ഇൻഡ്യയുടെ ജനങ്ങളുടെ താല്പര്യങ്ങളും സംരക്ഷിക്കുവാൻ ആവശ്യമാണെന്ന ബോധ്യത്തോടുകൂടിയാണു് ഐക്യമുന്നണി രൂപം കൊണ്ടതു്. കേരളത്തിലും ബംഗാളിലും ഐക്യമുന്നണി ഭരണകക്ഷിയായതു് ഐക്യമുന്നണിയുടെ പ്രക്രിയയുടെ ഒരു ഭാഗമെന്നുള്ളതിൽ കവിഞ്ഞു് ഇക്കാര്യങ്ങളെ സംബന്ധിച്ചു് അമിതമായ വിശ്വാസമോ അമിതമായ പ്രതീക്ഷയോ ഞങ്ങൾക്കില്ല എന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഞങ്ങളുടെ ആകെക്കൂടിയുള്ള ലക്ഷ്യം ഐക്യമുന്നണിയെ ശക്തിപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യുകയെന്നുള്ളതാണു്. അതിനുവേണ്ടി എല്ലാഭാഗത്തുനിന്നും വിട്ടുവീഴ്ചകളോടുകൂടി പോകണമെന്നും അഭിപ്രായമുണ്ടു്. കേരളത്തിലെ ഐക്യമുന്നണി നിലനിൽക്കേണ്ടതു് ഇൻഡ്യയുടെതന്നെ ഒരാവശ്യമാണു്. കേരളത്തിലെ ഐക്യമുന്നണി തകരുകയാണെങ്കിൽ ആരുംതന്നെ അതിനു് ഉത്തരവാദികളായാലും ശരി ആ തകർച്ച മൂലം ഇൻഡ്യൻ തൊഴിലാളി വിഭാഗത്തിന്റെയും അധ്വാനിക്കുന്ന മറ്റു ജനവിഭാഗത്തിന്റെയും താല്പര്യങ്ങളും തകരുകയായിരിക്കും ചെയ്യുന്നതെന്നു് വ്യക്തമായി ഞാൻ അറിയിക്കുകയാണു്. അതുകൊണ്ടാണു് ഈ സന്ദർഭത്തിൽ കേരളാ ഗവണ്മെന്റിന്റെ ചെയ്തികളെക്കാൾ അതിനേക്കാളായ പ്രാധാന്യമുണ്ടെന്നു ഞാൻ പറയുന്നതു്. ബംഗാൾ ഗവണ്മെന്റിന്റെ ചെയ്തികൾക്കു് അതിന്റെതായ പ്രാധാന്യമുണ്ടു്. ഈ നിലയിലാണു് ഐക്യമുന്നണിഗവണ്മെന്റുകളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് ചിലയിരുത്താൻ ഞാൻ ശ്രമിക്കുന്നതു്. ഇന്നലെയും ഇന്നും നടന്ന വാദപ്രതിവാദങ്ങളിൽ നിരാശാജനകമായ സമീപനങ്ങളാണു കാണാൻ സാധിച്ചിട്ടുണ്ടു്. ഇവിടെ ഭൂപരിഷ്ക്കരണഭേദഗതിബിൽ, പഞ്ചായത്തുരാജ്ബിൽ തുടങ്ങിയ സുപ്രധാനങ്ങളായ ബില്ലുകളുണ്ടു്. ഇന്നു് ഇവിടെ നടന്ന ചർച്ചകളും വെളിയിൽ നടക്കുന്ന ചർച്ചകളും കാണുമ്പോഴും ഇതെല്ലാം ഓരോരുത്തരുടെ കുത്തകയാണെന്നു് തോന്നിപ്പോകും. ഭൂപരിഷ്ക്കരണഭേദഗതി ബിൽ ഇടതുപക്ഷകമ്മ്യൂണിസ്റ്റുപാർട്ടിയുടേയും പഞ്ചായത്തുരാജ് ബിൽ മുസ്ലിംലീഗിന്റെയും കുത്തകയൊന്നുമല്ല സർ. ഒരു ബില്ലും ഒരു പാർട്ടിയുടേയും കുത്തകയല്ല. ഇതെല്ലാം ഐക്യമുന്നണിയുടെ ബില്ലാണു്. ആരാണു് മുകളിൽനിൽക്കുന്നതു് എന്നുള്ളതിനെ സംബന്ധിച്ച വാദപ്രതിവാദങ്ങളിൽക്കൂടി ഈ സഭയെ അലങ്കോലപ്പെടുത്താനും കുഴപ്പമുണ്ടാക്കുവാനുമുള്ള പ്രവണത അവസാനിപ്പിക്കണം. അതു് ഐക്യമുന്നണിയുടെ നിലനിൽപ്പിനു് ആവശ്യമാണെന്ന വ്യക്തമായ അഭിപ്രായമാണു് എനിക്കുള്ളതു്. ഏതു ബിൽ ആദ്യമായി ചർച്ചക്കെടുക്കണമെന്നുള്ളതു് സജീവമായ ഒരു ചർച്ചാവിഷയമായിട്ടുണ്ടു്. ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ നിയമമാക്കണമെന്നുള്ള അടിയന്തിരമായ നടപടികളാണു് സ്വീകരിക്കണമെന്നുള്ള വ്യക്തമായ അഭിപ്രായമാണു് ഞങ്ങൾക്കുള്ളതു്. തീർച്ചയായും അതിനു അതിന്റെതായ പ്രാധാന്യമുണ്ടു്. അതുകൊണ്ടു് പഞ്ചായത്തുരാജ്ബില്ലിനു് പ്രാധാന്യം ഇല്ലാതാകുന്നില്ല. ഈ രാജ്യത്തു് ഭൂമിയില്ലാത്തവനും, കഷ്ടപ്പെടുന്നവനും ഭൂപരിഷ്ക്കരണ ഭേദഗതിബിൽ മൂലം പ്രയോജനം ഉണ്ടാകുമെന്നു കാണുന്നതോടൊപ്പംതന്നെ പഞ്ചായത്തുരാജ്ബിൽ നിയമമാക്കുന്നതോടുകൂടി ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനു് വിരാമമിടുന്നതിനും അവസരം ലഭിക്കും. ആ നിലയിൽ പഞ്ചായത്തുരാജ് ബിൽ, ഭൂപരിഷ്ക്കരണഭേദഗതിബിൽ ഇവ ഈ സമ്മേളനത്തിൽതന്നെ ചർച്ചയ്ക്കെടുക്കുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്നാണു് ഞാൻ പറയുന്നതു്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണു് പബ്ലിക്മെൻ എക്സ്പയറിബിൽ. എന്റെ ഓർമ്മ ശരിയാണെങ്കിൽ പബ്ലിക്മെൻ എക്സ്പയറിബിൽ ചർച്ചചെയ്യാൻവേണ്ടിയാണു് ഈ സമ്മേളനം കൂടിയിട്ടുള്ളതു്. നിർഭാഗ്യവശാൽ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നു രോഗബാധിതനായി ചികിത്സക്കു പോയിരിക്കുകയാണു്. അതുകൊണ്ടു് അക്കാര്യത്തെ സംബന്ധിച്ചു് കൂടുതൽ സംസാരിക്കുന്നില്ലെങ്കിലും മുഖ്യമന്ത്രിയുടെ അഭാവത്തിലും പബ്ലിക്മെൻ എക്സ്പയറിബിൽ ചർച്ചചെയ്യുന്നതിനും അവസാനമായി പാസ്സാക്കുന്നതിനും സാധിക്കണമെന്നാണു് എന്റെ വ്യക്തമായ അഭിപ്രായം.

ശ്രീ. കെ. എം. ജോർജ്ജ്: ആദ്യമാദ്യം ചർച്ച ആരംഭിച്ചതു് ആദ്യമാദ്യം പാസ്സാക്കുകയല്ലാതെ എല്ലാം കൂടെക്കൂടെ എടുത്തു് കൈകാര്യം ചെയ്യണമെന്നു് അഭിപ്രായമുണ്ടോ?

ശ്രീ. ബേബിജോൺ: കൂടെക്കൂടെ എടുത്തു കൈകാര്യം ചെയ്യേണ്ടിവന്നാൽ അങ്ങനെയും ചെയ്യണം. പഞ്ചായത്തുരാജ്ബില്ലിന്റെ പൊതുചർച്ച ഈ സമ്മേളനത്തിൽ അവസാനിപ്പിക്കുകയും ഈ സമ്മേളനത്തിൽതന്നെ ഭൂപരിഷ്ക്കരണനിയമത്തിന്റെ ചർച്ച ആരംഭിക്കുകയും ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. അതിനുവേണ്ടി എല്ലാ പാർട്ടികളും ചേർന്നു് ഒരു പ്രോഗ്രാം തയ്യാറാക്കണമെന്ന അഭിപ്രായം എനിക്കുണ്ടു്.

ശ്രീ. ആർ. എസ്. ഉണ്ണി. ഈ സമ്മേളനത്തിൽതന്നെ പഞ്ചായത്തുരാജ് ബില്ലും ഭൂപരിഷ്ക്കരണബില്ലും അഴിമതി നിരോധനബില്ലും പാസ്സാക്കണമെന്ന അഭിപ്രായമുണ്ടോ?

ശ്രീ. ബേബി ജോൺ. ഈ സമ്മേളനം ഇടയ്ക്കുവച്ചു് നിറുത്തിവയ്ക്കേണ്ടതായിട്ടുണ്ടു്. എന്നാൽ ഈ സമ്മേളനം അവസാനിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനം സ്പീക്കറിൽനിന്നുണ്ടാകുമ്പോഴേതന്നെ ഇന്നദിവസം വീണ്ടും കൂടുമെന്നു് പറയുന്നതിനുള്ള ഒരു സൗകര്യം കൂടി ഭരണകക്ഷിയംഗങ്ങൾ ചെയ്യണമെന്ന അഭിപ്രായം എനിക്കുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീമാൻ ഗോവിന്ദപ്പിള്ള ഇവിടെ സംസാരിച്ച അവസരത്തിൽ അഴിമതി ആരോപണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ചിലർ പറഞ്ഞതിനെയും പരാമർശിച്ചു. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉന്നയിക്കുന്ന രീതിയിൽ ചില ആരോപണങ്ങൾ ഇവിടെ ചിലർ നടത്തിയെന്ന് അദ്ദേഹം പറയുകയുണ്ടായി. അഴിമതിയാരോപണത്തെസംബന്ധിച്ച് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുകൊണ്ട് ഇവിടെ ആരും ഒന്നും പറഞ്ഞില്ലെന്നാണ് എന്റെ അഭിപ്രായം. ജനാധിപത്യ ഭരണസമ്പ്രദായത്തിന്റെ വിജയത്തിന് പ്രതിപക്ഷം ദുർബലമായിത്തീർന്നാൽ, ബലഹീനമായിത്തീർന്നാൽ ചിലപ്പോൾ പ്രതിപക്ഷത്തിന്റെ ഭാഗംകൂടി ഭരണകക്ഷി ഏറ്റെടുക്കേണ്ടതായിവരും. ആ നിലയ്ക്ക് ചിലപ്പോഴൊക്കെ ജനാധിപത്യഭരണത്തിന്റെ വിജയത്തിനുവേണ്ടി, ഗവണ്മെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി, ഗവണ്മെന്റിന്റെ സൽപ്പേരു് നിലനിറുത്തുന്നതിനുവേണ്ടി ഭരണകക്ഷിക്കുതന്നെ ചില കാര്യങ്ങൾ ചെയ്യേണ്ടിവരും. അപ്പോൾ അഴിമതികളെ സംബന്ധിച്ചും ചില തെല്ലാം പറയേണ്ടതായിട്ടുവരും.

ശ്രീ. എ. എസ്. എൻ. നമ്പീശൻ; ഭരണകക്ഷിക്കു് ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ ഉപകരിക്കുന്ന നിർദ്ദേശങ്ങളാണെങ്കിൽ അതു് ഈ നിയമസഭയ്ക്കകത്തുവച്ചുതന്നെ വേണമോ; ഇവിടെ വച്ചു് തന്നെ അഭിപ്രായവ്യത്യാസങ്ങൾ പുറപ്പെടുവിക്കണമോ?

ശ്രീ. ബേബിജോൺ: ഭരണകക്ഷിയിൽപ്പെട്ടവർ ഈ നിയമസഭയിൽവന്നു് അതുപോലുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു് ഒഴിവാക്കേണ്ടതു് ഈ ഐക്യമുന്നണിയുടെ നിലനില്പിനു് ആവശ്യമാണു്. അതുകൊണ്ടു് അതു തിരുത്താൻ എല്ലാവരും തയ്യാറാകേണ്ടതാണു്. സർ, ഈ അഴിമതിയാരോപണത്തെസംബന്ധിച്ചു പറയുമ്പോൾ വളരെ ലാഘവബുദ്ധിയോടുകൂടി അഴിമതിയാരോപണത്തെ കാണാൻ എന്റെ പാർട്ടി തയ്യാറില്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണു്. എന്തുകൊണ്ടെന്നാൽ അഴിമതിയെ ഞാൻ കാണുന്നതു്, മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി വിശ്വസിക്കുന്നതുപോലെ ബൂർഷ്വാസിയിൽ നിന്നാണു് അഴിമതിയുണ്ടാകുന്നതു്. അതിന്റെ ഉറവിടം അവിടെയാണെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ ബൂർഷ്വാസിയിൽ ആരംഭിക്കുന്ന അഴിമതി വളർന്നു് ഇടതുപക്ഷ പ്രസ്ഥാനത്തെ നശിപ്പിക്കാതിരിക്കാൻ നോക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. ആ നിലക്കു് അഴിമതിക്കെതിരായ സമരം ബൂർഷ്വാസിക്കെതിരായ സമരമാണു്: സോഷ്യലിസ്റ്റുസമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള സമരത്തിന്റെ ഒരു ഭാഗമാണെന്ന സമ്മതിച്ചേതീരൂ. സർ ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണു്. ഒരു ഭീഷണിയല്ല. എന്റെ പാർട്ടിയുടെ അഭിപ്രായമാണു്. നിലപാടാണു്. ഭൂപരിഷ്കരണനിയമവും പഞ്ചായത്തുരാജ് ബില്ലും പബ്ലിക്മെൻ എൻക്വയറീസ് ബില്ലും, ബൂർഷ്വാസിക്കെതിരായി ഉള്ള ഈ മൂന്നു നിയമങ്ങളും യാതൊരു അഭിപ്രായവ്യത്യാസവും കൂടാതെ അടിയന്തിരമായി പാസ്സാക്കാൻ ദ്രുതഗതിയിൽ നടപടികളും സ്വീകരിക്കണം. അതോടൊപ്പംതന്നെ അഴിമതിക്കെതിരായ സമരം അനസ്യൂതമായി നടത്തണമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കു് നിർബന്ധമുണ്ടു്. നാണമില്ലാത്തവന്റെ പുഷ്ടിത്തു് ഒരു ആൽമുളച്ചാൽ അതും തലയണയാണെന്ന സമീപനത്തോടുകൂടി ആരോപണത്തിന്റെ വിഴുപ്പുഭാണ്ഡവും പേറിക്കൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ "those for, those against" എന്നു വിളിക്കുമ്പോൾ അതിനു അനുകൂലമായി കൈപ്പൊക്കാൻ മാത്രമല്ല ഞങ്ങൾ നിലകൊള്ളുന്നതു്. ഐക്യമുന്നണി പ്രസ്ഥാനത്തോടുള്ള സ്നേഹംകൊണ്ടു്, തൊഴിലാളിവർഗ്ഗത്തോടും അദ്ധ്വാനിക്കുന്ന ജനങ്ങളോടും ഉള്ള സ്നേഹംകൊണ്ടു് അഴിമതിക്കെതിരായ സമരത്തെ സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനാവശ്യമായ സമരമായും ബൂർഷ്വാസിക്കെതിരായ സമരമായും കാണുന്നതുകൊണ്ടാണു് ഞങ്ങൾ ഐക്യമുന്നണിയിൽ തുടരുന്നതു്. അതുകൊണ്ടു് അഴിമതിക്കെതിരായ സമരത്തെ ഐക്യമുന്ന

LIBRARY ARCHIVES Kerala Legislative Assembly

ണിക്കെതിരായ സമരമായി ആരും കരുതരുതെന്നു് എനിക്കഭിപ്രായമുണ്ടു്. ഇതിനു് ഒരു പരിഹാരം ആവശ്യമാണെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു്.

ശ്രീ. മറിയപ്പള്ളി മജീദു്: ഒരു കൊട്ടാരവിപ്ലവത്തിന്റെ വക്കത്തിരിക്കുന്ന ഐക്യ മുന്നണി സർക്കാർ അവതരിപ്പിച്ചിരിക്കുന്ന ഈ ധനവിനിയോഗബില്ലിനെ ഞാൻ പിൻതാങ്ങുകയാണു സർ. കൊട്ടാരവിപ്ലവത്തിന്റെ വക്കത്തു് എത്തിയിരിക്കുന്നു എന്നു ഞാൻ പറഞ്ഞതു് വളരെ ആലോചിച്ചുതന്നെയാണു്. മുഗൾചക്രവർത്തിമാരിൽ പ്രമാണിയായിരുന്ന അറംഗസീബു് ചക്രവർത്തി ഇൻഡ്യയിൽ ഏറ്റവും വലിയ സാമ്രാജ്യം സ്ഥാപിച്ചു എന്നാണു് ചരിത്രം പറയുന്നതു്. വിശാലമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ അദ്ദേഹത്തിനു സാധിച്ചുവെങ്കിലും അവസാനം എന്തു സംഭവിച്ചു എന്നുള്ള കാര്യം നാം ആലോചിക്കേണ്ടതാണു്. അദ്ദേഹത്തിന്റെ മക്കൾ കൊട്ടാരവിപ്ലവം നടത്തിക്കൊണ്ടിരുന്നു. ആ വിപ്ലവത്തിന്റെ അവസാനത്തിൽ ആ സാമ്രാജ്യംതന്നെ താറുമാറായിപ്പോയി. അതുപോലെ ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ആവേശകരമായ പിൻതുണയോടുകൂടി, വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽവന്ന ഈ ഐക്യമുന്നണി ഗവണ്മെന്റിൽ ഇന്നു് കൊട്ടാരവിപ്ലവം നടക്കുകയാണെന്നു പറയുന്നതിൽ എനിക്കു് വേദനയുണ്ടു്. ഐക്യമുന്നണി മന്ത്രിസഭയിൽ ഇന്നു കാണുന്നതു് വകുപ്പിനുവേണ്ടിയുള്ള വടംവലിയാണു്. അധികാരത്തിൽവരുന്നതിനുമുമ്പു് ജനങ്ങളോടു ചെയ്തിട്ടുള്ള പ്രതിജ്ഞ മറന്നുകൊണ്ടു് നമ്മുടെ നേതാക്കന്മാർ ഇന്നു് അന്യോന്യം യുദ്ധം ചെയ്യുന്ന കാഴ്ച ഖേദകരമാണു്. ഐക്യമുന്നണിക്കുവേണ്ടി വോട്ടുചെയ്ത ജനത ഇതു പൊറുക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ഒരാളിനെ സംബന്ധിച്ചു് എന്തെങ്കിലും അഴിമതിയാരോപണമുണ്ടായാൽ ആ ആരോപണങ്ങളും തെളിയിക്കുന്നതിനും അതിനുവേണ്ടി കൂടുതൽ തെളിവുകളും ഹാജരാക്കുന്നതിനുംവേണ്ട ഏർപ്പാടുണ്ടാക്കാൻ ഈ ഗവണ്മെന്റു് തയ്യാറാകുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇന്നു് ഭരണകക്ഷിയിലെ ആളുകളുതന്നെ മാറിനിന്നുകൊണ്ടു് നടത്തുന്ന ചർച്ചകളും കേട്ടപ്പോൾ മുഗൾഭരണകാലത്തെ അറംഗസീബു് ചക്രവർത്തിയുടെ അന്തഃപുരത്തിൽ നടന്ന കൊട്ടാരവിപ്ലവമാണു് എന്റെ ഓർമ്മയിൽവരുന്നതു്. ഘടകകക്ഷികളും തമ്മിൽ എന്തെല്ലാംതന്നെ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലുംശരി ഈ രാജ്യത്തു് സാധാരണ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി പലതും ഈ ഗവണ്മെന്റു ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ രാജ്യത്തെ ജനത അതു് ഓർക്കും; അവർക്കുവേണ്ടി പലതുംചെയ്യാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ടെന്നു്. പക്ഷേ, ഈ നല്ല കാര്യങ്ങളും ചെയ്യുന്ന കൂട്ടത്തിൽതന്നെ പുറകോട്ടു മാറിനിന്നുകൊണ്ടു് അന്യരുടെമേൽ ആരോപണങ്ങളുടെ ധൂമപടലംസൃഷ്ടിച്ചുകൊണ്ടു് പ്രതിപക്ഷത്തെ സഹായിക്കുന്ന കാഴ്ച എന്നെപ്പോലുള്ളവരെ വേദനിപ്പിക്കുന്നുണ്ടു്. സർ, ഈ ഗവണ്മെന്റു് സാധാരണ ജനങ്ങളുടെ താല്പര്യത്തിനുവേണ്ടിയല്ല നിലകൊള്ളുന്നതു് എന്നു പറയുന്നതു് ശരിയല്ല. സ്കൂൾഫൈനൽ ക്ലാസ്സുവരെ ഫീസു സൗജന്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടു്. ഭൂപരിഷ്കരണനിയമം പഞ്ചായത്തുരാജു് ബില്ലു് മുതലായപുരോഗമനപരമായ നിയമങ്ങളും കൊണ്ടുവരാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ടു്. ഈ രണ്ടു ബില്ലുകളും അഴിമതി നിരോധന ബില്ലും ശ്രീമാൻ ബേബിജാൺ പറഞ്ഞതുപോലെ അടുത്തുതന്നെ ഒരു സമയം നിശ്ചയിച്ചു് പാസ്സാക്കുന്നതിനു് പ്രതിബദ്ധമില്ലെന്നാണു് എനിക്കു തോന്നുന്നതു്. പലരോടും വ്യക്തിപരമായ വൈരാഗ്യങ്ങളും വിദ്വേഷങ്ങളുംവച്ചുകൊണ്ടു് ഐക്യമുന്നണി സർക്കാരിനെ തകർക്കാൻവേണ്ടി പ്രവർത്തിക്കുന്നതു്, അങ്ങനെയുള്ള ഒരു പ്രവണത വളർന്നുവരുന്നതു് ഈ രാജ്യത്തെ ജനങ്ങളും മനസ്സിലാക്കിയിട്ടുണ്ടെന്നും ആ പ്രവണത തുടർന്നുപോയാൽ അവർ മാപ്പു നൽകുകയില്ലെന്നും വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുകയാണു്.

ശ്രീ. കെ. എം. മാണി: പ്രതിപക്ഷത്തെ സഹായിക്കാൻവേണ്ടി ഭരണകക്ഷിയിലുള്ള ചില ആളുകളും മനഃപൂർവ്വം ശ്രമിക്കുന്നുവെന്നു് ബഹുമാനപ്പെട്ട മെമ്പർ പറയു

LIBRARY ARCHIVES Kerala Legislative Assembly

കയുണ്ടായി. അങ്ങനെയാണെങ്കിൽ പ്രതിപക്ഷത്തെ സഹായിക്കുന്നതിനു വേണ്ടിയായിരുന്നോ ശ്രീമാൻ വിൽസൺ ശ്രീമാൻ കുഞ്ഞിന്റെ പേരിൽ ആരോപണങ്ങളം കൊണ്ടുവന്നതു്?

ശ്രീ. മറ്റപ്പള്ളി മജീദു്: വ്യക്തമായ ആരോപണങ്ങളം ആരുടെ പേരിൽ ഉന്നയിച്ചാലും അതിനെപ്പറ്റി അന്വേഷണം നടത്തണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇന്നലെ ഇവിടെയുണ്ടായ ഒരു ആരോപണം ഞാൻ ഓർക്കുകയാണു്. ഇവിടത്തെ ഒരു പാർട്ടി സെക്രട്ടറിക്കു് ഒരാൾ ചെക്കു കൊടുത്തതായി ഒരു ആരോപണമുന്നയിച്ചതു് ഇന്നത്തെ മനോരമ പത്രത്തിൽ ഞാൻ കാണുകയുണ്ടായി. എന്നാൽ ഈ രാജ്യത്തെ കോൺഗ്രസ്സുകാർ ടാറ്റാ ബിർലാമാരിൽനിന്നും ഇതുപോലെ കോടിക്കണക്കിനു് രൂപ വാങ്ങിച്ചതായിട്ടുള്ള ആരോപണങ്ങളം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഇവിടെമാത്രം അതു നടക്കുന്നു എന്നുള്ള രീതിയിൽ പറഞ്ഞാൽ അതു സമ്മതിച്ചുതരാൻ തയ്യാറില്ല.

ശ്രീ. കെ. എം. മാണി: ഇതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണോ ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ അഭിപ്രായമാണോ?

ശ്രീ. മറ്റപ്പള്ളി മജീദു്: എന്റെ പാർട്ടിക്കുള്ള അഭിപ്രായം വളരെ വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ടു്. അഴിമതിയാരോപണമുണ്ടായാൽ അതിനെപ്പറ്റി അന്വേഷിക്കാൻ അസംബ്ലിയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളിലേയും പ്രതിനിധികളം അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു് എന്റെ പാർട്ടി വ്യക്തമാക്കിയിട്ടുണ്ടു്. ആ നിലപാടിൽനിന്നും ഞാനോ എന്റെ പാർട്ടിയോ മാറിയിട്ടില്ല. ഇന്നു് ഇവിടത്തെ പ്രശ്നം അതല്ല. രാഷ്ട്രീയപാർട്ടികൾക്കു് എല്ലാവരും പണം കൊടുക്കുന്നുണ്ടു്. എന്റെ സുഹൃത്തു് മാണിയുടെ രാഷ്ട്രീയ പാർട്ടിയാണു് കൂടുതൽ പണം പിരിക്കുന്നതു്. ഇങ്ങനെയെല്ലാം ഇരിക്കുമ്പോൾ കെ. ടി. പി. സെക്രട്ടറിക്കു് ചെക്കു കൊടുത്തു എന്നു പറയുന്നതിൽ അർത്ഥമില്ല. കാരണം എല്ലാ രാഷ്ട്രീയ കക്ഷികളും പണം വാങ്ങിക്കുന്നുണ്ടു്.

ശ്രീ. ബി. മാധവൻനായർ: ഒരു മന്ത്രി ആ മന്ത്രിയുടെ കക്ഷിക്കുവേണ്ടി ഇടപെട്ടു് പണം പിരിക്കുന്നതു് അഴിമതിയല്ലെന്നാണോ എസ്. എസ്. പി. യുടെ അഭിപ്രായം?

ശ്രീ. മറ്റപ്പള്ളി മജീദു്: അങ്ങനെ പണം പിരിക്കുന്നതു് അഴിമതിയല്ലെന്നു് ആരും പറഞ്ഞില്ല.

ശ്രീ. ബി. വില്ലിംഗ്ടൺ: സർ, അതു് പണം പിരിച്ചതല്ല. കടം വാങ്ങിയതാണു്; തൊഴിലാളി പത്രത്തിനുവേണ്ടി.

ശ്രീ. മറ്റപ്പള്ളി മജീദു്: ഏതായാലും ആ കാര്യത്തെപ്പറ്റി കൂടുതൽ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കെ. എം. മാണി: മെഡിക്കൽ കോളേജു് അഡ്മിഷനുവേണ്ടി ഒരു ലക്ഷം രൂപാ വാങ്ങിച്ചില്ലേ?

ശ്രീ. ബി. വില്ലിംഗ്ടൺ: മെഡിക്കൽ കോളേജു് പ്രവേശനത്തിനുവേണ്ടി വാങ്ങിച്ചതല്ല സർ അതു്.

മി. സ്പീക്കർ: ഇപ്പോൾ മജീദു് സംസാരിച്ചുകൊണ്ടിരിക്കുകയാണു്. അതിനിടയിൽ ശ്രീ. മാണിയും ബഹുമാനപ്പെട്ട മന്ത്രിയും തമ്മിൽ ഒരു വാഗ്വാദം നടത്തുന്നതായതൊരു കാര്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മറ്റപ്പള്ളി മജീദ്: സർ, മറ്റു ചില കാര്യങ്ങൾകൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ കെട്ടിടങ്ങൾക്കും മറ്റും നീക്കിവച്ചിരിക്കുന്ന തുക വളരെ കുറവാണു്.

ശ്രീ. എൻ. ഐ. ദേവസിക്കുട്ടി: ഒന്നിൽകൂടുതൽ മന്ത്രിമാരുടെ പേരിൽ അഴിമതിയാരോപണമുണ്ടാവുകയും അതിൽ ഒരു മന്ത്രി അന്വേഷണത്തിനു് വിധേയനാകാൻ ധൈര്യപൂർവ്വം തയ്യാറാകുകയും മറ്റേ മന്ത്രി ആരോപണത്തിൽനിന്നു് ഒഴിഞ്ഞുമാറുകയും ചെയ്തതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണു്?

ശ്രീ. മറ്റപ്പള്ളി മജീദ്: വ്യക്തി വൈരാഗ്യങ്ങളുടെപേരിൽ മന്ത്രിമാരെ വെട്ടിലാക്കുന്നതിനുവേണ്ടി ഒരു ആരോപണം കൊണ്ടുവരുകയും അതിന്റെമേൽ അന്വേഷണം നടത്തണമെന്നുപറയുകയും ചെയ്യുന്നതു് ശരിയല്ലെന്നുള്ളതുകൊണ്ടാണു് അദ്ദേഹം അതിനു തയ്യാറാകാത്തതു്.

ശ്രീ. എൻ. കെ. ശേഷൻ: അപ്പോൾ ശ്രീമാൻ കുഞ്ഞിനെ വെട്ടിലാക്കുന്നതിനുവേണ്ടിയാണോ ആരോപണം കൊണ്ടുവന്നതു്?

ശ്രീ. മറ്റപ്പള്ളി മജീദ്: ശ്രീമാൻ കുഞ്ഞിന്റെ കാര്യത്തിൽവന്ന ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ എന്നു് മുഖ്യമന്ത്രി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിനു് അതു് വിടുകയും ചെയ്തിരിക്കുകയാണു്. അതുകൊണ്ടു് അതിനെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ കെട്ടിടങ്ങളും മറ്റും കെട്ടുന്നതിനു് വളരെകുറച്ചു തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ. പല പള്ളിക്കൂടങ്ങളും ഇന്നു് ഇടിഞ്ഞുപൊളിഞ്ഞു് കിടക്കുകയാണു്. ഇതു നന്നാക്കാൻ ആവശ്യമായ തുക കണ്ടുപിടിക്കണമെന്നു് എനിക്കു് ശക്തിയായ അഭിപ്രായമുണ്ടു്.

അതുപോലെതന്നെ കാളേജുകളുടെ കാര്യവും. തിരുവനന്തപുരത്തും മറ്റുചില സ്ഥലങ്ങളിലും പ്രീഡിഗ്രി പാസ്സായി ഡിഗ്രി കോഴ്സിനു് അഡ്മിഷൻ കിട്ടാതെ വിഷമിക്കുന്ന അനവധി വിദ്യാർത്ഥികളുണ്ടു്. നമ്മുടെ യൂണിവേഴ്സിറ്റി ഈ വർഷം നാലു കാളേജുകൾ അപ്ഗ്രേഡു ചെയ്യണമെന്നു് ഗവണ്മെന്റിനെ അറിയിച്ചിരിക്കുകയാണു്. അതിൽ എന്റെ സ്വദേശമായ നിലമേലും റവന്യൂ മന്ത്രിയുടെ സ്വദേശമായ ചേർത്തലയും മറ്റും ഉൾപ്പെട്ടുകയാണു്. അതുകൊണ്ടു് സാമ്പത്തികമായ എന്തെല്ലാം പരാധീനതകളുണ്ടായിരുന്നാലും ഈ കാളേജുകൾ ഉടനെതന്നെ അപ്ഗ്രേഡു് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്.

അതുപോലെതന്നെ ഹിന്ദി ടെയിനിംഗ് കാളേജുകൾ നിറുത്തലാക്കിയതും മ്യൂസിക് ടീച്ചേഴ്സിന്റെ നിയമനം നിറുത്തിവച്ചതും പലതരത്തിലുള്ള വിമർശനങ്ങൾക്കും ഇടയാക്കിയിട്ടുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിലും സഹാനുഭൂതിയോടുകൂടിയുള്ള ഒരു സമീപനം വിദ്യാഭ്യാസ മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

1 P. M.

ശ്രീ. ഇ. അഹമ്മദ്: സ്പീക്കർ സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണു്. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു് സംസാരിക്കുമ്പോൾ നമ്മുടെ ഗവണ്മെന്റിനെ സംബന്ധിച്ചു്, ഐക്യമുന്നണിഗവണ്മെന്റിനെ സംബന്ധിച്ചു് ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഐക്യമുന്നണിഗവണ്മെന്റു് രൂപംകൊണ്ടതു് ജനോപകാരപ്രദമായ പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രുപഷ്ടപ്പെടുത്താൻവേണ്ടിയാണു്. ജനോപകാരപ്രദമായ പരിപാടികളും സംശുദ്ധമായ ഭരണവും നടപ്പിൽവരുത്താൻവേണ്ടി നിലവിൽ വന്നിട്ടുള്ള ഐക്യമുന്നണിയെ സംബന്ധിച്ചു് പറയുമ്പോഴും ആത്മസംയമനത്തോടുകൂടി പറയണമെന്നാണു് എന്റെ അഭിപ്രായം. അതുപോലെതന്നെ വികാരങ്ങൾക്കു് അടിമപ്പെടാതെ വിവേകത്തോടുകൂടിവേണം സംസാരിക്കാൻ. ഐക്യമുന്നണി ഭരണത്തെ സംബന്ധിച്ചു്, ഐക്യമുന്നണിയുടെ നിലനില്പിനെ സംബന്ധിച്ചു്, എന്റെ പാർട്ടിക്കു് പ്രഖ്യാപിതമായ ഒരു നയമുണ്ടു്. ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും പുരോഗമന ശക്തികളുടെയും കൂടിയുള്ള ഈ ഐക്യമുന്നണി നിലനിറുത്തേണ്ടതു് ജനങ്ങളുടെ അഭിലാഷമാണു്. ഐക്യമുന്നണി നിലനിറുത്തിയാൽ മാത്രമേ ജനങ്ങളും ഈ കക്ഷികളോടു് കൂറു പുലർത്തുകയുള്ളു എന്ന വിശ്വാസമാണു് എനിക്കുള്ളതു്. ജനോപകാരപ്രദമായ പല പരിപാടികളും ഈ ഗവണ്മെന്റു് നടപ്പിൽ വരുത്തിയിട്ടുണ്ടു്, ഇനിയും നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നുമുണ്ടു്. അതിലൊന്നു് ഭൂപരിഷ്ക്കരണഭേദഗതി ബില്ലാണു്. അതു് ഈ സെഷനിൽത്തന്നെ പാസ്സാക്കണമെന്നു് ഉറച്ച അഭിപ്രായമുള്ള ഒരു കക്ഷിയാണു് എന്റെ കക്ഷി. സർ, മുസ്ലീംലീഗ് കക്ഷി ഭൂപരിഷ്ക്കരണനിയമത്തെ എതിർക്കുന്നുഎന്നു് പല സന്ദർഭങ്ങളിലും പല കേന്ദ്രങ്ങളിൽനിന്നും ആരോപണങ്ങളുണ്ടായിട്ടുണ്ടു്. ആ ആരോപണങ്ങളിൽ സത്യത്തിന്റെ കണികപോലുമില്ലെന്നു് എല്ലാ ശക്തിയുമുപയോഗിച്ചു് ഞാൻ പറയുകയാണു്. കൃഷിഭൂമി കർഷകനേറ്റതാകണമെന്നു വിചാരിക്കുന്ന എന്റെ കക്ഷിയെസംബന്ധിച്ചു് പറയുന്ന ആരോപണങ്ങളും സത്യത്തോടുകൂടി പറയുകയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുപോലെതന്നെ ഭൂപരിഷ്ക്കരണബില്ലിൽ വളരെ പ്രധാനപ്പെട്ട നയങ്ങളും ഉൾക്കൊള്ളിക്കണമെന്നു പറഞ്ഞതു് ആരാണെന്നു് ആ ബില്ലിനെസംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തവർക്കെല്ലാം അറിയാം. കൈവശഭൂമിയുടെ പരമാവധി നിശ്ചയിക്കണമെന്ന എന്റെകക്ഷിയുടെ അഭിപ്രായം ആക്ടിൽ അറിഞ്ഞുകൂടെങ്കിൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കെങ്കിലും അറിയാം. അതുകൊണ്ടു് ഈ സെഷനിൽത്തന്നെ.....

ശ്രീ. എം. കെ. എ. മജീദു്: സർ, ഒരു ചോദ്യം.....

ശ്രീ. ഇ. അഹമ്മദു്: സർ, ഞാൻ വഴങ്ങുന്നില്ല. സർ, മറ്റൊരുകാര്യം എനിക്കു പറയാനുള്ളതു് പഞ്ചായത്തുരാജു് ബില്ലിനെക്കുറിച്ചാണു്. ശ്രീ. ബേബി ജോൺ പറഞ്ഞതുപോലെ ഒരു കക്ഷിയുടെ മാത്രമല്ല പഞ്ചായത്തുരാജു് ബിൽ. അധികാരവികേന്ദ്രീകരണത്തിന്റെ അടിത്തറ പാകുന്ന ആ ബിൽ എത്ര നാളായി സഭയുടെ പരിഗണനയിലിരിക്കുന്നു? സർ, എന്തുകൊണ്ടു് അതു പാസ്സാക്കുന്നില്ല? ഇൻഡ്യയിലെ മറ്റേതു് സംസ്ഥാനത്തും അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നതിനേക്കാളും വിപുലമായി നമ്മുടെ സംസ്ഥാനത്തു് അധികാരവികേന്ദ്രീകരണം നടപ്പിലാക്കുമെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടു്. പഞ്ചായത്തുരാജു് ബിൽ ഈ സെഷനിൽത്തന്നെ പാസ്സാക്കണമെന്നാണു് എനിക്കു് ശക്തിയുക്തം പറയാനുള്ളതു്. ഭൂപരിഷ്ക്കരണബില്ലും പഞ്ചായത്തുരാജു് ബില്ലും പാസ്സാക്കുന്നതിനുവേണ്ടി എത്രസമയം വേണമെങ്കിലും ഞങ്ങളും സഭയിൽ ഇരിക്കാം.

മറ്റൊരു കാര്യം പറയാനുള്ളതു് ഈ സഭയിൽ ഇന്നലെ ഉണ്ടായ ചില അഴിമതിയാരോപണങ്ങളെസംബന്ധിച്ചാണു്. വിശിഷ്യാ ആരോപണം ഉണ്ടായതു് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചാണു്. സർ, വികാരങ്ങൾക്കടിമപ്പെട്ടു് പറയുകയല്ല, വിവേകത്തോടുകൂടി പറയുകയാണു്. ഈ ഗവണ്മെന്റിൽ നിന്നു് ജനങ്ങളും പലതും പ്രതീക്ഷിക്കുന്നുണ്ടു്. "എല്ലാ മനുഷ്യരുടെയും നന്മകൾ അവക്കൊപ്പം മണ്ണടിഞ്ഞുപോകുന്നു, എന്നാൽ അവരുടെ തിന്മകൾ അവരെ അതിജീവിക്കുന്നു" എന്നു് ഷേക്സ്പിയർ പറഞ്ഞിട്ടുണ്ടു്. ഈ ഗവണ്മെന്റിന്റെ നന്മകളും അഴിമതിയാരോപണങ്ങളുടെ പുകകൊണ്ടു് കാണാതായിരിക്കുകയാണു്. അതുകൊണ്ടു് അഴിമതിയാരോപണങ്ങളുണ്ടായ സ്ഥിതിക്കു് അവയെ സംബന്ധിച്ചു് അന്വേഷണം

നടത്താൻ ഈ ഗവണ്മെൻറ് യാതൊരു മടിയും കാണിക്കേണ്ടതില്ല. ആരോപണങ്ങൾക്കു വിധേയനായ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ആരോപണങ്ങൾക്കു വിധേയനല്ലെന്നു തെളിയിക്കാൻവേണ്ടിയെങ്കിലും അന്വേഷണം നടത്താൻ ഈ ഗവണ്മെൻറ് മുതിരണമെന്നാണ് എനിക്കു വിനീതമായി അഭ്യർത്ഥിക്കാനുള്ളതു്. സർ, പബ്ലിക്കു് മെൻ (ഇൻകമ്പറീസ്) ബിൽ ഇന്നു് സഭയുടെ പരിഗണനയിലിരിക്കുകയാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആരോഗ്യം വീണ്ടെടുക്കാൻവേണ്ടി പൂവ്വ്ജർമ്മനിയിലേയ്ക്കു് പോയിരിക്കുകയാണു്. അദ്ദേഹം തിരിച്ചുവന്നു് നമ്മോടൊപ്പം ഇതിൽ പങ്കെടുക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അതിനിടയ്ക്കു് ഒരു കറപ്ഷൻ ഹോളിഡേ പാടില്ല. ഒരു ഇൻറെറിം മെഷീനറി വേണം. അതുകൊണ്ടു് സംശുദ്ധമായ ഭരണം നടത്തുമെന്നു പറയുന്ന ഗവണ്മെൻറിൻെറ നാഥയായ ബഹുമാനപ്പെട്ട റവന്യൂമന്ത്രി മുഖ്യമന്ത്രിവരുന്നതിനുമുൻപുതന്നെ അതിനാവശ്യമായ നടപടികളും സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സർ, മറെറാരു കാര്യം പറയാനുള്ളതു് പോലീസു് വകുപ്പിനെക്കുറിച്ചാണു്. പോലീസു് വകുപ്പിൻെറ പ്രവർത്തനം നീതിപൂർവ്വകമായി നടക്കണമെന്നും അങ്ങനെ നിയമസമാധാനപാലനം ശരിയായ മാതൃകയിലായിരിക്കണമെന്നും ആണു് എൻെറ കക്ഷിയുടെ ആഗ്രഹം. പോലീസു് ഭരണത്തിൽ ആരും ഒരിക്കലും ഇടപെടാൻ പാടില്ല. നിയമാനുസൃതമായ ഭരണമായിരിക്കണം നടത്തേണ്ടതു്. പോലീസു് വകുപ്പിലെ എല്ലാവിധ അഴിമതികളും അവസാനിപ്പിച്ചു് ജനസേവനത്തിനു് സഹായകമായ വിധത്തിൽ സജ്ജമാക്കണം. അതുകൊണ്ടു് പോലീസു് വകുപ്പിനെ ഇന്നുള്ള ആരോപണങ്ങളിൽനിന്നും വിമുക്തമാക്കാൻ ഗവണ്മെൻറു് വേണ്ടതു ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. സർ, ഞാൻ വീണ്ടും വീണ്ടും പറയുകയാണു് ഐക്യമുന്നണിയെന്നതു് ജനങ്ങളുടെ ഐക്യമുന്നണിയാണു് അതു നിലനിറുത്തണ്ടതു് ജനങ്ങളുടെ ആവശ്യമാണു്. എങ്കിൽ മാത്രമേ ജനങ്ങളുടെ അഭിലാഷങ്ങളും നിറവേറാൻ സാധിക്കുകയുള്ളു. ഐക്യമുന്നണി നിലനിറുത്തണമെങ്കിൽ ഐക്യമുന്നയിൽ പാകാളിത്തമുള്ള എല്ലാ കക്ഷികളും വികാരങ്ങൾക്കു് അടിമപ്പെടാതെ വിവേകത്തോടെ മുന്നോട്ടു പോകണം. ഈ നാട്ടിലെ ജനങ്ങൾക്കു് നല്ല കാര്യങ്ങൾ ചെയ്യാൻ വേണ്ടി ഐക്യമുന്നണി നിലനിൽക്കട്ടെ എന്നും അതു് ജനങ്ങളെ സേവിക്കാൻ സഹായകമായിത്തീരട്ടെ എന്നും പ്രത്യാശിച്ചുകൊണ്ടു് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഇപ്പോൾ സമയം 1.10 ആയി. എല്ലാ പാർട്ടിയിലുംപെട്ട ഓരോ ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിച്ചുകഴിഞ്ഞിരിക്കുകയാണു്. ഇനി പ്രതിപക്ഷത്തുനിന്നു് ബഹുമാനപ്പെട്ട കരുണാകരനും ബഹുമാനപ്പെട്ട കെ. എം. ജോർജ്ജുംമാത്രം സംസാരിക്കാനുണ്ടു് അതുകഴിഞ്ഞിട്ടു് ബഹുമാനപ്പെട്ട മന്ത്രിക്കു് മറുപടി പറയാം.

ശ്രീ. ഒ. കോരൻ : സർ, എൻെറ പാർട്ടിക്കു് 3 മിനിട്ടുമാത്രമേ കിട്ടിയുള്ളൂ.

മി. സ്പീക്കർ : അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് എല്ലാപാർട്ടിയിലുമുള്ള അംഗങ്ങൾക്കു് സംസാരിക്കാനൊക്കുകയില്ലെന്നു്.

I have no objection, if the House is agreeable.

Shri K. Karunakaran : Sir, even now I suggest that the discussion can continue tomorrow.

Shri K. M. George : We may conclude tomorrow.

Mr. Speaker : Don't leave any discretion to me. Now Mr. Kunikullayya may speak.

LIBRARY ARCHIVES Kerala Legislative Assembly

Shri K. M. George : Sir, let him also finish today and we will continue the discussion tomorrow.

Mr. Speaker : Anyway, I am calling Mr. Kunikullayya to speak.

Shri U. P. Kunikullayya : Sir, let me make my views tomorrow.

Mr. Speaker : No, no. You may speak now.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, നാളെ വേറെ ബിസിനസ്സ് ഉള്ളതുകൊണ്ട് ഇന്ന് ഈ ബിൽ പാസ്സാക്കാം.

മി. സ്പീക്കർ : വേറെ ഒരു ദിവസം എന്നുള്ളതല്ല.

ശ്രീ. കെ. കരുണാകരൻ : സർ, യോജിക്കുകയാണെങ്കിൽ എല്ലാവരും യോജിക്കണം. നിയമപ്രകാരം ഒരു മണിക്കു വോട്ട ചെയ്തിരിക്കേണ്ടതാണു്. എല്ലാവരും യോജിച്ചു ചെയ്തിരുന്നെങ്കിൽ നേരത്തെ തീരുമായിരുന്നു.

Labour Minister (**Shri Mathai Manjooran**) : I am sorry that that is not the sense of the House.

(പ്രതിപക്ഷബഞ്ചുകളിൽ അനേകം അംഗങ്ങൾ എഴുന്നേറ്റുനിന്നു് സർ, സർ, എന്നു് വിളിച്ചു),

What is this? It is against all Parliamentary practice. You are wrong. You keep quiet. This rowdyisom

Shri E. John Jacob : Is this the Co-ordination Committee?

(Several Opposition Members on their legs)

Shri Mathai Manjooran : Stop this Goondaism.

(ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള അനേകം മെംബർമാർ ചാടിയെഴുന്നേറ്റുനിന്നു് സർ, സർ, എന്നുവിളിക്കുകയും ബഹളമുണ്ടാക്കുകയുംചെയ്തു.)

Mr Speaker : Order, Order.

Shri Mathai Manjooran : I am sorry. Why should they..... (Shouting from all sides) ഇരിയെടാ അവിടെ.

ശ്രീ. കെ. എം. മാണി : ഇരിയെടാ അവിടെ.

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട തൊഴിൽമന്ത്രിക്കു് പ്രകോപനം ഉണ്ടാകേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. കെ. എം. മാണി : സർ, സർ,.....

Shri K. M. George : Sir, I have to make a submission.

ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രിക്കു് പ്രകോപനമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഇങ്ങോട്ടുശത്രുള്ള ആളുകളെ വിളിക്കാവുന്ന പേരുകളെല്ലാം വിളിച്ചു. അങ്ങേയറ്റം പ്രകോപനപരമായ നടപടികളാണു് അദ്ദേഹം സ്വീകരിച്ചതു്. സഭാ നടപടികളും ഈ വിധത്തിൽ തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ ഞങ്ങളും അതിൽ പങ്കെടുക്കുകയില്ല. ഞങ്ങളും അങ്ങോട്ടുശത്രുള്ള ആളുകളെ ഒന്നുംപറഞ്ഞിട്ടില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി പറഞ്ഞതു പിൻവലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : സർ, സഭ നിയന്ത്രിക്കുന്നതു് അങ്ങാണു്. ബഹുമാനപ്പെട്ട തൊഴിൽമന്ത്രി (എനിക്കു് ആ വാക്കേ ഉപയോഗിക്കാവൂ) അദ്ദേഹത്തിന്റെ ഭാഷയാണു് ഇവിടെ ഉപയോഗിച്ചതു്. ഈ സഭയിലുള്ള അംഗങ്ങളെ ഇത്രയും വൃത്തികെട്ട വാക്കുകളും പറഞ്ഞതു തെറ്റാണു്. സഭയിൽ ഉപയോഗിക്കുവാൻ പാടില്ലാത്ത വാക്കുകളാണു് അദ്ദേഹം ഉപയോഗിച്ചതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി പരസ്യമായി അതു പിൻവലിക്കുകയും മാപ്പപേക്ഷിക്കുകയുംചെയ്യണം. ഒരു മന്ത്രിയാണെന്നവച്ചു് എന്തുംചെയ്യാമെന്നു വിചാരിക്കരുതു്. അദ്ദേഹം ഇതു പിൻവലിച്ചില്ലെങ്കിൽ ഞങ്ങളും സഭാനടപടികളിൽ പങ്കുചേരുകയില്ല.

ശ്രീ. മത്തായിമാഞ്ഞൂരാൻ : സർ, സഭയിലെ കാര്യം നിശ്ചയിക്കേണ്ടതു പ്രതിപക്ഷനേതാവല്ല, സഭയാണു്. ഞാൻ ഇതു് .....

ശ്രീ. കെ. കരുണാകരൻ : സർ, സർ, ...

Mr. Speaker : Let him speak.

ശ്രീ. മത്തായിമാഞ്ഞൂരാൻ : സർ, സഭാനടപടികളും തീരുമാനിക്കേണ്ടതു് സഭയാണു് എന്നാണു് എന്റെ അറിവു്. ഞാൻ പറഞ്ഞ കാര്യം പ്രതിപക്ഷനേതാവു്. .....

ശ്രീ. കെ. കരുണാകരൻ : സർ, ബഹുമാനപ്പെട്ട തൊഴിൽമന്ത്രി ഇങ്ങേവശത്തുള്ള ആളുകളെ റൗഡീ, തെമ്മാടീ, എന്നൊക്കെ വിളിച്ചു.

മി സ്പീക്കർ : ഓർഡർ, ഓർഡർ.

ശ്രീ. മത്തായിമാഞ്ഞൂരാൻ : സർ, അങ്ങേവശത്തുനിന്നും പത്തുപന്ത്രണ്ടാളുകളും ഒരുമിച്ചു് എഴുന്നേറ്റപ്പോൾ ഞാൻ വിചാരിച്ച എന്നെ അടിക്കാൻ വരികയാണെന്നു് അതുകൊണ്ടു ഞാൻ പറഞ്ഞതു് ഞാൻ പിൻവലിക്കുകയില്ല. സാധാരണഗതിയിൽ പത്തുപതിനഞ്ചാളുകളും കൈയോങ്ങിക്കൊണ്ടുവന്നാൽ ഞാൻ അതു വകവയ്ക്കാറില്ല. അവർ ഒച്ചയെടുത്തു സംസാരിച്ചു, അപ്പോൾ ഞാനും കൂടെ ഒച്ചയെടുത്തു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ. വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ.....

ശ്രീ. ബി. വെല്ലിംഗ്ടൺ : അസഭ്യമൊന്നും പറഞ്ഞിട്ടില്ല സർ.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : സർ, ഇവിടെ ബഹളത്തിനിടയിൽ ഒന്നും കേൾക്കാൻസാധിച്ചില്ല. ഞങ്ങളും ഒന്നും കേട്ടില്ല.

ശ്രീ. കെ. എം. മാണി : തെറി വിളിച്ചുപറയുകയായിരുന്നു സർ.

മി. സ്പീക്കർ : ഇവിടെ എന്തൊക്കെയോ സംസാരിച്ചു് ബഹളത്തിനിടയിൽ ഒന്നും കേൾക്കാൻസാധിച്ചില്ല. പറഞ്ഞ വാക്കുകളൊന്നും ഞാൻ കേട്ടില്ല. ആരൊക്കെയോ കൈയും കാലും കാണിക്കുന്നതുമാത്രമേ ഞാൻ കണ്ടുള്ളൂ.

ശ്രീ. മത്തായിമാഞ്ഞൂരാൻ : സർ, ഇങ്ങനെ കൈചൂണ്ടി സംസാരിക്കുന്നതുതന്നെയാണു് എനിക്കു ഭയം.

ശ്രീ. എ. വി. ആര്യൻ : സർ, ഒരുമണി കഴിഞ്ഞു.....

മി. സ്പീക്കർ : കുറേക്കൂടി കഴപ്പുമുണ്ടാക്കണ്ടാ.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : സർ, ശ്രീ. മാണിയാണു് കഴപ്പുമുണ്ടാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് എല്ല കാര്യത്തിലും ബഹളം ഉണ്ടാക്കാൻ സാഹചര്യമുണ്ടെന്നുള്ള രീതിയിൽ തുടരുന്നതു ശരിയല്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഞങ്ങളൊ യാതൊരു ബഹളവും ഉണ്ടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട തൊഴിൽമന്ത്രി പതിവിനു വിപരീതമായി വളരെ അസഭ്യവാക്കുകൾ പറഞ്ഞു. ഞങ്ങളാരും എഴുന്നേൽക്കുകയോ ഒരക്ഷരം പറയുകയോ ചെയ്തില്ല.....

ശ്രീ. സി. കെ. ബാലകൃഷ്ണൻ : സർ, സർ, ...

ശ്രീ. കെ. എം. ജോർജ്ജ് : .....അതുകൊണ്ട് ഒരു നല്ല പാർലമെന്റേറിയനായ അദ്ദേഹം തീർച്ചയായും അദ്ദേഹം പറഞ്ഞതു പിൻവലിക്കുകയും ഞങ്ങളോടു മാപ്പുപറയുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ : പ്രതിപക്ഷത്തുനിന്നു ചിലപ്പോൾ പ്രകോപനപരമായ ചില ചോദ്യങ്ങളോ മറ്റോ ഉണ്ടായേക്കും. എന്തു കാര്യം ചോദിച്ചാലും, വാക്കുകൾ ഉപയോഗിക്കുന്നതിൽ അൽപം ശ്രദ്ധിക്കണം. അങ്ങനെയല്ലാത്ത രീതിയിലുള്ള വാക്കുകൾ ഏതു ഭാഗത്തുനിന്നും ഉണ്ടായിക്കൂടാ. പ്രതിപക്ഷത്തുനിന്നു പ്രകോപനപരമായ പെരുമാറ്റം ഉണ്ടാകാം. എന്നാലും മന്ത്രിമാർ സംസാരിക്കുമ്പോൾ കുറ്റങ്ങൾ സൂക്ഷിച്ചു വാക്കുകൾ ഉപയോഗിക്കണം. ഏതായാലും വളരെ സമാധാനപരമായി കാര്യങ്ങൾ പറയാൻ കഴിവുള്ളയാളായ ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും പറഞ്ഞു ഒന്നു സമാധാനിപ്പിക്കണം.

ശ്രീ. കെ. കരുണാകരൻ : ഞങ്ങൾക്കു ചെയറിന്റെ തീരുമാനമാണു കേൾക്കേണ്ടതു്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞു അവസാനിപ്പിക്കേണ്ട കാര്യമല്ല. നമുക്കു എടുക്കാൻ കഴിയുന്ന രേഖകളുണ്ടു്. അവ എടുത്തു റൂളിംഗ് നൽകണം. സഭയിൽവച്ചു റൗഡിസം എന്നും റൗഡിയെന്നും പറഞ്ഞതു പിൻവലിപ്പിച്ച സഭാനടപടികളിൽ നിന്നു നീക്കംചെയ്യണം.

ശ്രീ. കെ. എം. മാണി : ഇറങ്ങുപുറത്തു, ഇരിയെടാഅവിടെ എന്നൊക്കെ പറയുമ്പോൾ ഞങ്ങളുടെ പരാതി ബഹുമാനപ്പെട്ട സ്പീക്കർ കേട്ടു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ പിന്നെ എന്താണു ചെയ്യുക. അല്ലെങ്കിൽ ഞങ്ങൾക്കും അതുപോലെയൊക്കെ പറയേണ്ടിവരും.

മി. സ്പീക്കർ : ആർഡർ, ആർഡർ. ശ്രീ. കരുണാകരൻ പറഞ്ഞതുപോലെയുള്ള ശക്തമായ നടപടികൾ എടുക്കാൻ എനിക്കറിഞ്ഞുകൂടെന്നല്ല. അതു ശരിയല്ല. സഭയിൽ ഉണ്ടാകുന്ന കാര്യങ്ങൾ ഏതു രീതിയിൽ കൈകാര്യംചെയ്യണമെന്നതിനെ സംബന്ധിച്ചും എങ്ങനെ കർശനമായ നടപടികൾ നടത്തണമെന്നതിനെസംബന്ധിച്ചും ഉള്ള അറിവു് എനിക്കുണ്ടു്. തീർച്ചയായും അതുചെയ്കയും ചെയ്യും. എന്നാൽ എല്ലാവർക്കും യോഗ്യമായ രീതിയിൽ സംസാരിക്കുന്നതാണു നല്ലതു്. അതുകൊണ്ടു് ലോഹ്യമായ നിലയിൽ തീരുന്നതല്ലേ നല്ലതു്?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ചു ഞാൻ പ്രവർത്തിക്കാം. സർ, അങ്ങയുടെ നിർദ്ദേശത്തിനു വിധേയനായി, എന്തെങ്കിലും പ്രകോപനപരമായി ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതിനു മാപ്പുചോദിക്കുകയാണു്. പതിനഞ്ചാളുകൾ അപ്പുറത്തുനിന്നു് എന്നെ നേരിടുമ്പോൾ ഞാൻ കോപിച്ചുപോയെങ്കിൽ അതു മനുഷ്യസഹജമാണു്. പതിനഞ്ചാളുകൾ എന്നോടു നേരിടുകയാണെങ്കിൽ അപ്പോൾ ഞാൻ കുറച്ചുശക്തമായി നിൽക്കണം. ആത്മരക്ഷ എന്നതു് അനുവദിക്കു

LIBRARY ARCHIVES Kerala Legislative Assembly

വുന്ന കാര്യമാണല്ലോ. അതിനിടയിൽ തെറ്റായ രീതിയിൽ വല്ലതും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കുന്നു. അതിനു ഞാൻ മാപ്പുപറയുകയാണു്, ഈ സഭയോടും അങ്ങയോടും.

മി. സ്പീക്കർ : എനിക്കറിയാം മറ്റാരെക്കാളും സമാധാനപരമായ രീതിയിൽ കാര്യങ്ങളും കൈകാര്യംചെയ്യാൻ ബഹുമാനപ്പെട്ട തൊഴിൽമന്ത്രിക്കു പ്രാഗല്ഭ്യമുണ്ടെന്നു്. അതുകൊണ്ടാണു് മി. കരുണാകരൻ, കർശനമായ നിലപാടു സ്വീകരിക്കണമെന്നു പറഞ്ഞിട്ടും ഞാൻ ഒന്നും പറയാതിരുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു് : സർ, മണി ഒന്നരയായി. ഞങ്ങൾക്കു സംസാരിക്കാൻ സമയമനുവദിക്കണം. ഇന്നുതന്നെ തീർക്കാൻ ആഗ്രഹമുണ്ടായിരുന്നുവെന്നുള്ള കാര്യത്തെസംബന്ധിച്ചു് ആക്ഷേപമില്ല. പക്ഷേ ഇന്നു് അത്തരത്തിൽ സംസാരിച്ചു തീർത്തുകൊണ്ടുമാത്രം കാര്യമായില്ല. അതുകൊണ്ടു് എനിക്കു് വിനയപൂർവ്വം സബ്മിറ്റചെയ്യാനുള്ളതു് നാളെ കപ്സ്യൂൾ സമയം കഴിഞ്ഞു് ഈ ബിൽ എടുക്കണമെന്നാണു്.

ശ്രീമതീ കെ. ആർ. ഗൗരി : സഭ ഇതിനുമുൻപു് സമ്മതിച്ചതാണു്. സഭയുടെ അനുവാദത്തോടുകൂടിയാണു് 1.30 വരെ എന്നു തീരുമാനിച്ചതു്. ഇതിനുവേണ്ടി നാളെ ഇരിക്കുന്ന പ്രശ്നമേയില്ല.

ശ്രീ. ടി. എ. മജീദു് : രണ്ടുമണിവരെ നീട്ടിയാലെന്തു്?

ശ്രീമതി കെ. ആർ. ഗൗരി : ഓരോരുത്തരും ഒരുമിന്നിട്ടും രണ്ടുമിന്നിട്ടു് പ്രസംഗിച്ചിട്ടു കാര്യമില്ല. പ്രതിപക്ഷനേതാക്കന്മാർ സംസാരിച്ചു് തീർക്കാൻനോക്കണം.

ശ്രീ. കെ. എം. ജോർജ്ജു് : സർ, ഈ ധനവിനിയോഗബില്ലിനെ നഖശിഖാന്തം എതിർക്കുന്നുവെന്നു പറയുന്നില്ലെങ്കിലും ഇതിലെ മിക്ക കാര്യങ്ങളേയും ഞാൻ എതിർക്കുകയാണു്. ഈ ബിൽ ഇവിടെ അവതരിപ്പിച്ചശേഷം നടന്ന ചർച്ചകളിൽ, പ്രഗല്ഭന്മാരായ പല ബഹുമാനപ്പെട്ട സുഹൃത്തുക്കളും കേരളത്തെ സംബന്ധിച്ചു മാത്രമല്ല മാതൃഭൂമിയായ ഭാരതത്തിന്റെ പാശ്ചാത്തലത്തിൽവരെ പല കാര്യങ്ങളും സംസാരിച്ചു കേട്ടു. സംസാരിക്കാൻ വളരെ കാര്യങ്ങളുണ്ടു്. അതിലേക്കൊന്നും കടക്കാതെ, പ്രസക്തമായി എനിക്കു തോന്നുന്ന ചുരുക്കം ചില കാര്യങ്ങളും പറയാനേ ഞാനുദ്ദേശിക്കുന്നുള്ളൂ. ഇന്നു് നാം എവിടെച്ചെന്നു നിൽക്കുന്നുവെന്നും ഈ ധനവിനിയോഗബില്ലു പാസ്സാക്കി ഏല്പിച്ചാൽ എന്താണു് സാധിക്കാൻ പോകുന്നതെന്നും മറ്റു് ജനങ്ങൾക്കു് ഉൽക്കണ്ഠയുള്ള കാര്യങ്ങളെ സംബന്ധിച്ചു് പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ സഭയിൽ ഏതാനും നിമിഷം മുൻപു് പ്രത്യക്ഷപ്പെട്ടതുപോലെതന്നെ, നാഥനില്ലാത്ത വ്യക്തമായും ഒരു മന്ത്രിസഭയില്ലാത്ത നിലയിൽ, ഭരണഘടന അങ്ങേയറ്റം സ്തംഭനത്തിലാണെന്നുള്ള ഒരു വസ്തുതയുണ്ടു്. ചെയ്യേണ്ട കാര്യങ്ങളും ചെയ്യുമെന്നു റവന്യൂമന്ത്രി പറഞ്ഞതു് മുഖവിലയെടുത്താലും ഭരണഘടനാപരമായ സ്തംഭനമുണ്ടു്. ക്യാബിനറ്റില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്പൂതിരിപ്പാടു് അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടെടുക്കാൻ ജർമ്മനിയിലേക്കു് പോയിരിക്കുകയാണു്. കഴിയുന്നതും വേഗം അദ്ദേഹം സുഖംപ്രാപിച്ചുവരട്ടെ. യഥാർത്ഥത്തിൽ ഇവിടെ ഒരു മുഖ്യമന്ത്രിയില്ല. ഒന്നുകിൽ ഓരോമന്ത്രിയും 'പതിനൊന്നിലൊന്നു' മുഖ്യമന്ത്രിയാണു്, അല്ലെങ്കിൽ പതിനൊന്നു മുഖ്യമന്ത്രിമാരുണ്ടു്. അല്ലാതെ ക്യാബിനറ്റു് ഇല്ല. ഭരണഘടനാപരമായി, നൈയാമികമായി, മുഖ്യമന്ത്രിയായിരിക്കേണ്ടയാളും ഇല്ല. ഭരണഘടനാപരമായി, പാർലമെന്ററി ഡെമോക്രസിയുടെ പാശ്ചാത്തലത്തിൽ നോക്കുമ്പോൾ മുഖ്യമന്ത്രിപുറത്തും അദ്ദേഹവുമായി യാതൊരു ബന്ധവുമില്ലാത്ത മന്ത്രിമാർ ഇവിടെയും എന്നതു് അനുവദനീയമാണോ?

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ രാജ്യത്തു് ഇന്നൊരു മന്ത്രിസഭ ഇല്ലെന്നു ഞാൻ പറയുമ്പോൾ എന്നോടു യോജിക്കാൻ ഉത്തരവാദിത്വമുള്ള ആളുകൾ എല്ലാഭാഗത്തുമുണ്ടെന്നു എനിക്കു വിശ്വാസമുണ്ടു്. പക്ഷെ പലരും അതു തുറന്നു പറയുന്നില്ലെന്നേയുള്ള. ഈ രാജ്യത്തെ പൗരന്മാർക്കു് ഒരു സ്റ്റാറ്റ്യൂട്ടറി അധികാരിയെന്ന നിലയിൽ മുഖ്യമന്ത്രിയെ സമീപിച്ചു പല കാര്യങ്ങളും സാധിക്കേണ്ടതായിട്ടുണ്ടു്. ഞാൻ ചോദിക്കട്ടെ, അങ്ങനെയൊരു സന്ദർഭം ഉണ്ടായാൽ ആളുകൾ ആരെ സമീപിക്കും, ആരാണു് ആ പ്രമത്തല നിർവ്വഹിക്കുന്നതു്? ഭരണത്തിന്റെ വിവിധരംഗങ്ങളിൽ പെറ്റീഷൻ കൊടുത്തും വക്കാലത്തു മുഖേനയും അടിയന്തരകാര്യങ്ങൾ സാധിക്കാനുള്ള സ്റ്റാറ്റ്യൂട്ടറി കോടതിയാണു് മുഖ്യമന്ത്രി. ഉദാഹരണത്തിനു് ട്രാൻസ്ഫർട്ട അതാറിട്ടിയുടെ തീരുമാനത്തിന്മേൽ അപ്പീൽ കേൾക്കാൻ മുഖ്യമന്ത്രിക്കാണു് അധികാരം. ഇന്നു് ഈ കാര്യത്തിനു് ഈ രാജ്യത്തെ പൗരന്മാർ ആരെ സമീപിക്കും, ആരാണു് ഈ ആവശ്യങ്ങൾ നിർവ്വഹിക്കാൻ അധികാരി? പബ്ലിക്കു് യൂട്ടിലിറ്റി സ്വീസുമേഖലയിൽ എന്തെങ്കിലും ഒരു പെറ്റീഷൻ കൊടുത്താൽ, വക്കാലത്തു കൊടുത്താൽ കാര്യം സാധിക്കാൻ ഇന്നു കഴിയുമോ? ആക്കാണു് അതിനു് അധികാരം? മുഖ്യമന്ത്രിയുടെ ഈ ജോലി നിർവ്വഹിക്കാൻ ആരെയെങ്കിലും പ്രമത്തലപ്പെടുത്തിയിട്ടുണ്ടോ? മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലോ ചിലർക്കു വീതിച്ചുകൊടുത്തിട്ടുള്ളതല്ലാതെ, റവന്യൂമന്ത്രി ആകസ്മികമായി മുഖ്യമന്ത്രിയല്ലെന്ന സഭയിൽ പറയുകയുണ്ടായി. എങ്കിലും സഭാനേതാവു റവന്യൂമന്ത്രിയാണെന്നു വ്യക്തമായിട്ടുമുണ്ടു്. ഏതായാലും റവന്യൂമന്ത്രി ശ്രീമതി കെ. ആർ. ഗൗരിക്കു് വക്കാലത്തു സ്വീകരിക്കാനോ അത്തരം പ്രശ്നങ്ങൾക്കു് പരിഹാരം കാണാനോ നിയമപരമായി അധികാരമില്ല. അതുപോലെതന്നെ ക്യാബിനറ്റിന്റെ മുൻപിൽ ഗവണ്മെന്റു സർവ്വീസുസംബന്ധിച്ച ഒരു ഫയൽ പര്യാലോചനയ്ക്കു് വരണമെങ്കിൽ അതിനു് ഉത്തരവിടാൻ ആക്കാണു് അധികാരം? ഒരു വകുപ്പുമന്ത്രി ഉത്തരവിട്ടിട്ടുള്ള ഫയൽ ക്യാബിനറ്റിന്റെ പൊതുതീരുമാനത്തിനു വയ്ക്കണമെങ്കിൽ ആരാണു് ഉത്തരവിടേണ്ടതു്? ഈ രാജ്യത്തെ ഏതെങ്കിലും ഒരു പൗരനു് മുഖ്യമന്ത്രിക്കു സ്റ്റാറ്റ്യൂട്ടറിയായിട്ടു് ഒരു പെറ്റീഷൻ കൊടുത്തു് പരിഹാരം കാണുന്നതിനോ സ്റ്റേ വാങ്ങുന്നതിനോ നിയമാനുസരണം അധികാരപ്പെടുത്തപ്പെട്ട ഒരു മന്ത്രി ഇവിടെ ഇല്ല. പ്രതുക്കിപ്പറഞ്ഞാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നു് അഷ്ടമുന്നണിയോ, സപ്തമുന്നണിയോ എന്തുമാകട്ടെ ഐക്യമുന്നണി നിലനിൽക്കുന്നുണ്ടെന്നേ രേണുകക്ഷിയംഗങ്ങൾ വാദിക്കുന്നുണ്ടു്. പാമ്പുചത്ത പാമ്പാട്ടി, തന്റെ പാമ്പിനു ജീവനുണ്ടെന്നും, ആ പാമ്പു വളരെ നല്ലതാണെന്നും മറ്റും പറയുന്നതു് പാമ്പു ജീവിച്ചാൽമാത്രമേ തന്റെ ജീവിതം പുലരുകയുള്ള എന്നു മനസ്സിലാക്കിയിട്ടാണു്. അതുപോലെയാണു് രേണുകക്ഷിയംഗങ്ങൾ ഇന്നു മുന്നണിയുടെ നിലനില്പിനെപ്പറ്റി കിണഞ്ഞു വാദിക്കുന്നതു്. ഒരു പ്രഗത്ഭനായ പത്രപ്രവർത്തകൻകൂടിയായ ശ്രീ. പി. ഗോവിന്ദപ്പിള്ളയുംപ്പെടെ പലരും ഐക്യമുന്നണിയുണ്ടു്, അതിനു ജീവനുണ്ടു് എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതു കണ്ടു. എന്തൊക്കെ പറഞ്ഞാലും വളരെ വ്യക്തമായ ഒരു കാര്യമാണു്, ഇന്നു ഐക്യമുന്നണിയില്ല. മന്ത്രിസഭയില്ല; ഭരണംതന്നെയില്ല; സമരംമാത്രം, ഘെരാവോമാത്രം, നിയമസമാധാനത്തകർച്ചമാത്രമാണിവിടെ; സാർവ്വത്രികമായ കഴപ്പുമല്ലാതെ മറ്റൊന്നുമില്ലിവിടെ. അങ്ങനെയുള്ള ഒരു അവസരത്തിൽ ധനവിനിയോഗബിൽ പാസ്സാക്കി എടുക്കേണ്ട ഒരു ഗതികേടുവന്നല്ലോ എന്ന വിഷമമാണുള്ളതു്.

സർ, ഞാനൊന്നുചോദിക്കട്ടെ, മുഖ്യമന്ത്രിയുടെ അഭാവത്തിൽ പകരം അറേഞ്ച്മെന്റു് ഒന്നും ഉണ്ടാകാത്തതുകൊണ്ടു് മുഖ്യമന്ത്രി ചെയർമാനായി ഒരു സബ്കമ്മിറ്റി ക്യാബിനറ്റിലുള്ളതിന്റെ പ്രവർത്തനം എങ്ങനെ നടക്കും? ഉദാഹരണത്തിനു് പുതിയ ജില്ല രൂപവൽക്കരണത്തിനായി മുഖ്യമന്ത്രി ചെയർമാനായി ഒരു സബ്കമ്മിറ്റിയുണ്ടു്. മലപ്പുറം, മലനാടു് എന്നീ പുതിയ ജില്ലകൾ രൂപവൽക്കരിക്കുന്നതിനുള്ള പ്രമത്തല ആ സബ്കമ്മിറ്റിക്കാണെന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. എന്തായാലും മലപ്പുറം ജില്ല നേരത്തെ വാങ്ങിയതിൽ ഞാൻ ബന്ധപ്പെട്ടവരെ അഭിനന്ദിക്കുകയാണു്. മലനാടു ജില്ല രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ടെന്നേ റവന്യൂമന്ത്രി ഇവിടെ പറയുകയുണ്ടായി. മുഖ്യമന്ത്രിയില്ലാത്ത സബ് കമ്മിറ്റി എങ്ങനെയാണ് ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതെന്നേ മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ടമുഖ്യമന്ത്രി എന്നാണ് മടങ്ങിവരുന്നതെന്നേ മാർക്സിസ്റ്റ് പാർട്ടിക്കു മാത്രമേ അറിയാൻപറ്റൂ. അതുവരെ ഇത്തരം പ്രശ്നങ്ങൾ കോൾഡ്സ്റ്റോറേജിൽ വയ്ക്കാനാണ് ഭാവമെന്നേ തോന്നുന്നു. അങ്ങനെ നോക്കുമ്പോൾ ഭരണപരവും നയപരവുമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തു് പരിപൂർണ്ണമായ ഭരണസ്തംഭനം നേരിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാർ ഓരോരുത്തരും, ഊഴം വച്ചു മുഖ്യമന്ത്രിയായി പ്രിസൈഡുചെയ്യാനുള്ള അവസരം കിട്ടുമല്ലോ എന്നോർത്തു് സന്തോഷിക്കുന്നുണ്ടാവും. മന്ത്രി ശ്രീ. വെല്ലിംഗ്ടൺ, മുഖ്യമന്ത്രിയായി ഒരു ദിവസമെങ്കിലും ആ കസേരയിൽ ഇരുന്നാൽ ഞാൻ സന്തോഷിക്കുകയേയുള്ളൂ. എന്നാൽ അതൊന്നും നടക്കാൻ പോകുന്നില്ല, വെറുതേ മനപ്പായസം കുടിക്കുകയാണ്. അധികാരപ്പട്ടംകെട്ടാൻ ശ്രീ. ഇ. എം. എസ്. മുഖ്യമന്ത്രിക്കസേര എല്ലാവരേയും പൂണ്ടിക്കാഞ്ഞിച്ചിട്ട സ്ഥലംവിട്ടിരിക്കുകയാണ്. അങ്ങനെയൊരു മായാവിഭ്രമത്തിൽപ്പെടുത്തി എല്ലാവരേയും ആശ്വസിപ്പിക്കുന്നതിൽ കവിഞ്ഞു് ഒന്നും നടക്കാൻ പോകുന്നില്ല, അതിനു തക്കവിധം തന്ത്രപരമായിട്ടാണ് കാര്യങ്ങൾ നീങ്ങാൻപോകുന്നതു്. എല്ലാകാര്യത്തിലും കാണുന്ന ശ്രീ. ഇ. എം. എസ്സിന്റെ മെയ്വഴക്കം ഇതിലും കാണാം. ശരിയായ ഭരണസംവിധാനത്തിനു് യാതൊരു ഏർപ്പാടും ഉണ്ടാക്കിയിട്ടില്ല.

സർ, ഐക്യമുന്നണിഗവണ്മെന്റു് അധികാരത്തിൽ വന്നപ്പോൾ, ശ്രീ. ബേബി ജാൺ പറഞ്ഞതുപോലെ, മുൻപു് ആക്കും സാധിക്കാത്തവിധം ഒരു സൽഭരണം നടത്താൻ, ഒരു പരിധിവരെ കഴിയും എന്നു് എന്റെ പൊട്ടബുദ്ധിക്കു് ഞാനും വിശ്വസിച്ചിരുന്നു. എന്നാൽ 30 മാസത്തെ ഭരണം കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ എന്താണ് സ്ഥിതി? അഴിമതി ആരോപണങ്ങളും ഒന്നിനു പിറകേ മറ്റൊന്നായി ഉയർന്നുവരികയാണ്. പ്രതിപക്ഷ മെമ്പറന്മാർ മാത്രമല്ല, ഭരണകക്ഷിയംഗങ്ങളും പോലും വീറോടെ അഴിമതിയാരോപണങ്ങളും ഉന്നയിക്കുകയും അന്വേഷണം ആവശ്യപ്പെടുകയും ചെയ്യുകയാണ് അങ്ങനെ അഴിമതിയുടെ ചെളിക്കുണ്ടിൽ ആകണ്ഠം ആണ്ടിരിക്കുന്ന ശ്രീ. എം. കെ. കൃഷ്ണനെ അഴിമതി നിരോധനവകുപ്പിന്റെ ചുമതല ഏല്പിച്ചിട്ടാണ് മുഖ്യമന്ത്രി പോയിരിക്കുന്നതു്. സർ, കോഴിയെ സൂക്ഷിക്കാൻ കുറുക്കനെ ഏല്പിക്കുന്നതുപോലെ വിചിത്രമാണിതു്. അഴിമതിക്കു അങ്ങേയറ്റം അംഗീകാരം നൽകിക്കൊണ്ടു്, എന്തും ചെയ്യാൻ വാതിൽ തുറന്നിട്ടിരിക്കുന്ന ഉത്തരവാദിത്വമില്ലാത്ത ഈ പോക്കു അവസാനിപ്പിക്കണം.

സർ, ശ്രീ. ടി. വി. തോമസിനെ ഇന്നിവിടെ കാണുന്നില്ല. ശ്രീ. ടി. വി. രാഷ്ട്രീയരംഗത്തു വളരെയധികം പയറ്റി പഴകിയ ഒരാളാണ്. അദ്ദേഹം ഐക്യമുന്നണി തകർന്നുപോകുമാറു് കടത്തിയൊരു വെട്ടുവെട്ടിയിരിക്കുകയാണ്. ആ വെട്ടേറ്റു് ഐക്യമുന്നണി ചുടലക്കളത്തിലെ വാസവദത്തയെപോലെ മുറിവേറ്റു വിലപിക്കുകയാണ്. അദ്ദേഹം ധൈര്യപൂർവ്വം ഈ സഭയിൽ പ്രസ്താവിച്ചു, തന്റെ പേരിലുള്ള അഴിമതികളെപ്പറ്റി ഒരു ജുഡീഷലന്വേഷണം നടത്താൻ വിധേയനാകാൻ തയ്യാറാണെന്നു്. ആ ഒരൊറ്റ പ്രഖ്യാപനത്തോടുകൂടി അഴിമതിയിൽ ആകണ്ഠം മുഴുകിയിരിക്കുന്ന മറ്റു മന്ത്രിമാർക്കു് യാതൊരുവിധത്തിലും രക്ഷപ്പെടാൻ നിവൃത്തിയില്ലാത്തവിധം ഒരു പ്രഹരമാണ് ശ്രീ. ടി. വി. തോമസു് ഏല്പിച്ചിരിക്കുന്നതു്. അദ്ദേഹം ഇപ്പോൾ പുഞ്ചിരിതൂകിക്കൊണ്ടു് അദ്ദേഹത്തിന്റെ മേടയിൽ ഇരിക്കുകയായിരിക്കും. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അഭിമാനവും തന്റേടവുമുള്ളവർ അങ്ങനെ അന്വേഷണത്തിനു വിധേയരായിട്ടു നിരപരാധിത്വം തെളിയിക്കുകയാണുവേണ്ടതു്. ശ്രീ. വെല്ലിംഗ്ടൺ എന്റെ ഒരു ചിരകാല സുഹൃത്താണ്. ശ്രീ. ടി. വി. യെപ്പോലെ അഴിമതി ആരോപണത്തെ നേരിടാൻ, ഒരു ജുഡീഷ്യലന്വേഷണത്തിനു വിധേയനാകാൻ ഞാൻ അദ്ദേഹത്തോടാവശ്യപ്പെടുകയാണ്. അങ്ങനെയെങ്കിൽ അഴിമതി വെളിയിൽവരട്ടെ, അല്ലെങ്കിൽ സ്വന്തം നിരപരാ

LIBRARY ARCHIVES Kerala Legislative Assembly

ധിതം തെളിയുമല്ലോ. അഴിമതിയുടെ നൂറിലൊന്നെങ്കിലും തെളിയിക്കപ്പെട്ടാൽ അന്തസ്സായി വെളിയിൽപോകു. ബാക്കി കാലത്തേക്കു ജീവിക്കാനുള്ള വകയുണ്ടാക്കിയിട്ടുണ്ടല്ലോ, പോരെങ്കിൽ പിള്ളേരുമില്ല, മറ്റു പ്രാരാബ്ധവുമില്ല. അധ്വാനിച്ചും ജോലിചെയ്തും ജീവിക്കാം, അല്ലെങ്കിൽ മറ്റു വല്ല തൊഴിലും നോക്കി കഴിയാം. അതു കൊണ്ടു് ശ്രീ. വെല്ലിംഗ്ടൺ ഒരു ജുഡീഷ്യൽ അന്വേഷണത്തിനു വിധേയനാകണമെന്നാണു് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു്.

സർ, ഞങ്ങളെപ്പോലെ ഉത്തരവാദിത്വവും മര്യാദയുമുള്ള ഒരു പ്രതിപക്ഷം ഭൂമിയിത്തു് ഒരിടത്തും കാണുകയില്ല. ഭരണകക്ഷിയെ ഒരുതരത്തിലും അപകടത്തിലാക്കാൻ ഞങ്ങൾ മുതിരുന്നില്ല. ശ്രീ. ടി. വി. തോമസും് ഒറ്റ വെട്ടിനു് ഐക്യമുന്നണിയെ ഗളഹസ്തം ചെയ്തിരിക്കുകയാണു്. ഐക്യമുന്നണി ഇന്നു് ചുടലക്കളത്തിലെ വാസവദത്തയുടെ അവസ്ഥയിലായിരിക്കുകയാണു്. അഴിമതി ആരോപണത്തിനു വിധേയരായ ശ്രീ. വെല്ലിംഗ്ടണും, ശ്രീ. എം. കെ. കൃഷ്ണനും, ധനവിനിയോഗബിൽ പാസ്സാക്കുന്ന ഈ അവസരത്തിൽ ധൈര്യപൂർവ്വം എഴുന്നേറ്റുനിന്നു് സഹപ്രവർത്തകനായ ശ്രീ. ടി. വി. യുടെ മാതൃക സ്വീകരിച്ചു് ഒരു ജുഡീഷ്യൽ അന്വേഷണത്തിനു തയ്യാറാണെന്നു പറയാൻ ഞാൻ അഭ്യർത്ഥിക്കുകയാണു്. അതു ചെയ്യാതെ, ശ്രീ. ഇ. എം. എസ്സു് ജർമ്മനിയിൽനിന്നു വരുന്നതുവരെ കാത്തിരിക്കാനാണോ നിങ്ങൾ വിചാരിക്കുന്നതു്? അഭിമാനമുണ്ടെങ്കിൽ, ജനങ്ങളോടുത്തരവാദിത്വമുണ്ടെങ്കിൽ നിങ്ങൾ ഒന്നാമതായിട്ടു ചെയ്യേണ്ടതു് അന്വേഷണത്തിനു വിധേയരാകുകയാണു്. ശ്രീ. വെല്ലിംഗ്ടനോടും, ശ്രീ. എം. കെ. കൃഷ്ണനോടും ഇതാവശ്യപ്പെടുന്നതു് പ്രതിപക്ഷത്തുള്ളവർമാത്രമല്ല, ഭരണകക്ഷിയിൽപ്പെട്ട ശ്രീ. ബേബി ജോണും, ശ്രീ. ഇ. അഹമ്മദും, ശ്രീ. ബി. മാധവൻനായരും നിങ്ങളുടെ സ്നേഹിതന്മാരെന്ന നിലയിൽ, നിങ്ങളെ നന്നാക്കാൻവേണ്ടി ആവശ്യപ്പെടുകയാണു്. നിങ്ങൾ അതു ചെയ്യണം. അല്ലെങ്കിൽ ഈ ധനവിനിയോഗബിൽ പാസ്സാക്കിയെടുത്തതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാൻപോകുന്നില്ല.

സർ, ഈ രാജ്യത്തു് ഐക്യമുന്നണി ഗവണ്മെൻറു് ചെയ്യാൻപോകുന്ന ഏറ്റവും വലിയ നല്ലകാര്യം അഴിമതിനിരോധനബില്ലു് പാസ്സാക്കുകയാണെന്നു് സെലക്ടു കമ്മിറ്റിയിൽ ഞാൻ പറയുകയുണ്ടായി. അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. നല്ല സുഖമില്ലാതിരുന്നിട്ടും മുഖ്യമന്ത്രി അതിന്റെ അവസാന ചർച്ചാവേളയിലും സംബന്ധിച്ചിരുന്നു. ഒടുവിൽ എന്തായി? ചർച്ചചെയ്തു വന്നപ്പോഴേക്കും വെള്ളത്തുള്ളി തൊലിക്കുന്നതുപോലെയായി. മുഖ്യമന്ത്രി പറഞ്ഞതു്, ഈ ബിൽ എം. എൽ. എ. മാരെ മാത്രം ബാധിക്കുന്ന ഒരു ബില്ലായിപ്പോയി, ഇങ്ങനെയൊരുബിൽ പാസ്സാക്കുന്നതിന്റെ ആവശ്യമുണ്ടോ എന്നു നിയമപരമായ സംശയം ഉണ്ടായിരിക്കുന്നു എന്നായിരുന്നു. ഇതിനെപ്പറ്റി രണ്ടുപ്രാവശ്യം ആലോചിക്കേണ്ടിയിരിക്കുന്നുവെന്നും പറഞ്ഞു. അങ്ങനെ ഏറ്റവും വലിയ നല്ല കാര്യമായിരുന്ന ബില്ലിന്റെ ഗതി ഇത്തരത്തിലായി. ഇപ്പോഴും എന്തു അഴിമതി ആരു കാണിച്ചാലും ചോദിക്കാൻ ആളില്ല, അതിനെപ്പറ്റി അന്വേഷിക്കാൻ ഉത്തരവാദിത്വമുള്ള ആരുമില്ല. ഈ നിലയിൽ മുന്നോട്ടുപോകാമെന്നു വിചാരിക്കുന്നതു് തെറ്റാണു് ഒരു കാരണവശാലും ഒരു രാഷ്ട്രീയപാർട്ടിക്കും ഭ്രഷ്ടനല്ലിതു്. റവന്യൂമന്ത്രി തന്നേടത്തോട്ടുകൂടി ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ ക്യാബിനറ്റു വിളിച്ചുകൂട്ടി ഒരു ജുഡീഷ്യൽ അന്വേഷണത്തിനു് നടപടി സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുകയാണു്. അതു ചെയ്യാതെ ഇ. എം. എസ്സു്. വരുന്നതുവരെ ഇങ്ങനെ പോകട്ടെ എന്നു മട്ടിൽപോയാൽ സംഗതി മോശമാകും, അതു തെറ്റാണെന്നു മനസ്സിലാക്കണം.

രണ്ടാമതായിട്ടു് ഈ രാജ്യത്തെ നിയമസമാധാനവ്യവസ്ഥയെ സംബന്ധിച്ചാണു് പറയാനുള്ളതു്. ഇന്നു നിയമസഭയിലുണ്ടായ രംഗംതന്നെ വളരെ നിരാശാജനകമായിപ്പോയി. പാലക്കാട്ടും നിലമ്പൂരും ഉണ്ടായ സംഭവങ്ങളും ഈ രാജ്യത്തെ നിയമസമാധാനത്തകർച്ചയ്ക്കു് നല്ലൊരു ദൃഷ്ടാന്തമാണു്. പാലക്കാട്ടു നടന്ന സംഘട്ടനത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് വിഭാഗക്കാർ തമ്മിൽനടത്തിയ സംഘട്ടനത്തിൽ, ഇരുപത്തഞ്ചോളം പേരെ മാരകമായ മുറിവുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ആക്രമണവിധേയരായവർക്ക് ശരിയായ സംരക്ഷണം നൽകാനല്ല, അവരെ അറസ്റ്റു ചെയ്യാനാണ് പോലീസ് തുനിഞ്ഞത്. ഒത്തുതീർപ്പുണ്ടാക്കാനോ സംഘട്ടനം ഒഴിവാക്കി സമാധാനം പുനഃസ്ഥാപിക്കാനോ പോലീസിനു കഴിഞ്ഞില്ല.

നീലമ്പൂർ ഗ്വാളിയർ റയോൺസിൽ ബർലാ കമ്പനിയിലെ 350 തൊഴിലാളികളും ഒരാക്രമണത്തിനു വിധേയരാവുകയുണ്ടായി. അതിനെ സംബന്ധിച്ച് എനിക്കൊരു ഫോണോകോം മെസേജു കിട്ടി. ആരാണ് അവരെ ആക്രമിച്ചതെന്നു അതിൽ പറയുന്നുണ്ട് എ. ഐ. ടി. യു. സി. ആഫീസിൽനിന്നാണ് ആക്രമണം ഉണ്ടായതു്. പോലീസ് അതു നോക്കിനിന്നതേയുള്ള. ഈ കാര്യത്തിൽ പോലീസിന്റെ നിസ്സഹായത എത്രമാത്രമാണെന്നറിയാം. ഈ രാജ്യത്തു ഇന്നു പരിപൂർണ്ണമായ അരാജകത്വം കളിയാടുകയാണ്. ജനാധിപത്യത്തിൽ സ്നേഹവും രാജ്യതാൽപര്യവുമുള്ള ആളുകൾക്കു ഇതൊന്നും കണ്ടിട്ടു വെറുതെ ഇരിക്കാൻ സാധ്യമല്ല. പോലീസ് ഇന്നു നിർവീര്യരാക്കപ്പെട്ടിരിക്കുകയാണ്. അവരുടെ നിസ്സഹായാവസ്ഥയും ദയനീയ സ്ഥിതിയും ഞാൻ മനസ്സിലാക്കുന്നുണ്ട്. എവിടെയെങ്കിലും നിയമസമാധാനത്തിനിടപെട്ടു് മുറിവേറ്റാൽ പോലീസുകാർക്കു ആശുപത്രിയിൽ ഒരു ബഡ്ഡുപോലും കിട്ടാത്ത പോലീസുകാർ എങ്ങനെയാണു സംരക്ഷണച്ചുമതല ശരിയായി നിർവ്വഹിക്കുന്നതു് ? ഈ നില തുടർന്നുപോയാൽ പശ്ചിമ ബാഗാളിലുണ്ടായ അനുഭവം കേരളത്തിലും ഉണ്ടായിക്കൂടെന്നില്ല. നിയമസമാധാനം ഒരു കക്ഷിവ്യത്യാസവും കൂടാതെ നീതിപൂർവ്വം നടത്താനുള്ള ഒരു സാഹചര്യം ഇന്നിവിടെയില്ല. നിയമസമാധാനരംഗത്തുള്ള ഇന്നത്തെ കുഴപ്പങ്ങൾ പരിഹരിച്ചു് നല്ല ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ആ വകുപ്പു് ശ്രീ. എം. കെ. കൃഷ്ണനെ ഏല്പിച്ചാൽ സാധിക്കുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്സിന്റെ പ്രൈവറ്റു സെക്രട്ടറിയാണു് നിയമസമാധാനത്തിന്റെ ചുമതല വഹിക്കുന്നതെങ്കിൽ അതു ക്യാബിനറ്റിന്റെ ഭരണമാവുകയില്ല, ജനാധിപത്യഭരണമാവുകയില്ല. അതുകൊണ്ടു മുഖ്യമന്ത്രിയുടെ ചാഴ്ജ്ജുവഹിക്കാൻ പ്രത്യേകം ആക്ടിംഗ് മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തണം. ഇന്നത്തെ ഭരണസ്തംഭനം കഴിയുന്നത്രവേഗം അവസാനിപ്പിക്കണം. മാർക്സിസ്റ്റു പാർട്ടിയിൽപെടാത്തവർക്കു് ഈ രാജ്യത്തു യാതൊരു രക്ഷയുമില്ലെന്നു വന്നാൽ അതു സഹിക്കാനാവാത്ത കാര്യമാണ്. ശ്രീ. പി. എസ് ശ്രീനിവാസൻ രാഷ്ട്രീയപാരമ്പര്യമുള്ള ഒരു നേതാവാണ്. വെച്ചക്കത്തെ രാഷ്ട്രീയരംഗത്തു അദ്ദേഹത്തിനു് അനിഷേധ്യമായ ഒരു സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ പാർട്ടിക്കു മാർക്സിസ്റ്റു പാർട്ടിയിൽനിന്നുണ്ടായ അനുഭവം ഈ സഭയിൽ വിവരിക്കുകയുണ്ടായി. ശ്രീ. പി. എസ്. ശ്രീനിവാസനും പാർട്ടിക്കും നേരിട്ട അനുഭവം ഇതാണെങ്കിൽ മറ്റു പാർട്ടിക്കാർക്കും സാധാരണ ജനങ്ങൾക്കും ഈ നാട്ടിലെ അനുഭവം എന്തായിരിക്കുമെന്നു ആലോചിക്കാവുന്നതേയുള്ളൂ. ഈയൊരു സ്ഥിതിവിശേഷം കഴിയുന്നത്രവേഗം മാറേണ്ടതാവശ്യമാണ്.

സർ, വിദ്യാഭ്യാസമേഖലയിൽ വളരെ നല്ല കാര്യങ്ങൾ ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുന്നുണ്ട്. അടുത്തകാലത്തു് മറ്റു മേഖലകളിലുള്ളതുപോലുള്ള ആക്രമണം അങ്ങോട്ടും കടന്നുകൂടിയിരിക്കുകയാണ്. കൊല്ലം ഫാത്തിമാകോളേജിലെ കുഴപ്പം പരിഹരിക്കാൻ പ്രഗത്ഭനായ ശ്രീ. അച്യുതൻ നായർക്കുപോലും സാധിച്ചില്ലെന്നു വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി. അവിടത്തെ കുഴപ്പം പരിഹരിക്കുന്നില്ലെങ്കിൽ പതിനായിരക്കണക്കിനു് അദ്ധ്യാപകർക്കും ലക്ഷക്കണക്കിനു് വിദ്യാർത്ഥികൾക്കും നേരിടുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും തകച്ചയിലേക്കു് തള്ളിവിടാൻ ശ്രമിക്കാതെ കഴിയുന്നത്രവേഗം അതിന്മേൽ തീരുമാനം എടുക്കുമെന്നു വിശ്വസിക്കുന്നു. വളരെ ക്ലേശിച്ചും പ്രയാസങ്ങൾ അനുഭവിച്ചും രണ്ടു വിദ്യാർത്ഥികളെ കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

അയച്ചു പഠിപ്പിക്കുന്ന ഒരു രക്ഷകർത്താവെന്ന നിലയിൽ വളരെ ആശങ്കയുണ്ടെങ്കിലും വളരെവേഗം ഇതിനു പരിഹാരം കാണാൻ വിദ്യാഭ്യാസമന്ത്രി തയ്യാറാകുമെന്നു പ്രതീക്ഷിക്കുന്നു.

അതുപോലെതന്നെ മറ്റൊരു കാര്യം, കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞകൊല്ലത്തെ സംസ്ഥാനത്തെ രണ്ടു ടെയിനിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനെപ്പറ്റിയാണു പറയാനുള്ളതു്. സിൻഡിക്കറ്റിന്റെ പരാതിപ്രകാരമാണു് ഇങ്ങനെയൊരു വിധിയുണ്ടായിട്ടുള്ളതു്. ടെയിനിംഗ് കോളേജിൽ അഡ്മിഷൻ നൽകുന്ന കാര്യത്തിൽ രേഖാഘടനാപരമായി എന്തോ തകരാറുണ്ടായതിന്റെ കാരണം പറഞ്ഞാണു് റിസൽട്ടു് തടഞ്ഞുവച്ചിരിക്കുന്നതു്. പരീക്ഷയ്ക്കുചേർന്ന വിദ്യാർത്ഥികളാരും ഇതിൽ ഒരു തെറ്റും ചെയ്തിട്ടില്ല. കോളേജിൽചേർന്നു പഠിച്ചു പരീക്ഷ കഴിഞ്ഞിട്ടും റിസൽട്ട തടഞ്ഞുവച്ചിരിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കു പല വൈഷമ്യങ്ങളും നേരിടുന്നുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുക്കാൻ കൂടിയ സിൻഡിക്കറ്റിൽ, പുതിയ വൈസ്ചാൻസലർ, അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല, പേരു നിശ്ചയമില്ല, ഏതു നാട്ടുകാരനാണെന്നും രൂപമില്ല, 6—5 എന്നു വോട്ടിന്റെ നില വന്നപ്പോൾ, അങ്ങനെയാണെങ്കിൽ ഞാൻ എന്റെ വോട്ടു രേഖപ്പെടുത്താം എന്നു പറഞ്ഞു സ്വന്തം വോട്ടു രേഖപ്പെടുത്തിയതിനുശേഷം, ഇനി കാസ്റ്റിംഗ് വോട്ടുള്ളതുകൂടി ചെയ്യുകളയാം എന്നു പറഞ്ഞു കാസ്റ്റിംഗ് വോട്ടുംചെയ്തു റിസൽട്ട തടഞ്ഞുവയ്ക്കുന്നതെന്നു സിൻഡിക്കറ്റിന്റെ തീരുമാനം ഉറപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്. സർ, വളരെ അധിക്ഷേപാർഹമായ, അന്തസ്സില്ലാത്ത ഒരു നടപടിയായിപ്പോയിതു്. ഒരു കൊല്ലം മുഴുവൻ ഫീസു കൊടുത്തു് പഠിച്ച പരീക്ഷയ്ക്കു് ചേർന്ന കുട്ടികളുടെ റിസൽട്ട തടഞ്ഞുവയ്ക്കാൻ വൈസ്ചാൻസലർ കാസ്റ്റിംഗ്വോട്ടു ഉപയോഗിച്ചതു വളരെയധികം സാഹസമായിപ്പോയി. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രീ. മുഹമ്മദുകോയ ഈ കാര്യത്തിൽ കഴിയുന്നതുംവേഗം ന്യായമായ പരിഹാരം ഉണ്ടാക്കുമെന്നു വിശ്വസിക്കുകയാണു്.

സർ, എന്റെ വാക്കുകൾ ചുരുക്കുന്നു. അലസതാവിലസിതമായ മനോഭാവത്തോടുകൂടി മുമ്പോട്ടു പോകുന്ന സംപ്രദായം ബഹുമാനപ്പെട്ട മന്ത്രിമാർ ഇനിയെങ്കിലും അവസാനിപ്പിക്കണമെന്നോർമ്മിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചു് മറുഭാഗത്തിരിക്കുന്ന സ്നേഹിതന്മാരുടെ വിമർശനങ്ങൾ കേട്ടപ്പോൾ അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങൾ ഇവിടെ കോ-ഓർഡിനേഷൻ കമ്മിറ്റി കൂടാത്ത സ്ഥിതിവിശേഷം കൊണ്ടാണു് വന്നതെന്നു തോന്നിപ്പോകുന്നു ഈ വിമർശനങ്ങൾ എല്ലാം വന്നുകഴിഞ്ഞിട്ടു പിന്നീടു ഐക്യമുന്നണിയെന്നു പറയുമ്പോൾ ആശ്ചര്യം തോന്നുകയാണു്. നമ്മുടെ സംസ്ഥാനത്തെ സവിശേഷതയെക്കുറിച്ചു് ശ്രീ. ജോജു് ഇവിടെ പറയുകയുണ്ടായി. മുഖ്യമന്ത്രിയുടെ ജോലിനിർവ്വഹിക്കുവാൻ ഒരാളെ നിശ്ചയിക്കുവാൻപോലും വയ്യാത്ത ആളുകൾ ഐക്യമുന്നണിയെന്നു പറയുമ്പോൾ ഈ സംസ്ഥാനത്തെ ജനങ്ങൾ മൂക്കത്തു വിരൽ വച്ചുപോകുകയാണു്, ഇതാണല്ലോ രാജ്യത്തിന്റെ വിധി എന്നോർത്തു്. എന്താണു് ഇവിടത്തെ രോഗത്തിന്റെ സ്ഥിതി.? ഇന്നലെതന്നെ ഇവിടെ അതു ചൂണ്ടിക്കാണിച്ചു. ഇവിടെ ഒരു മുഖ്യമന്ത്രിയില്ല. മുഖ്യമന്ത്രി ഇല്ലേ എന്നു ചോദിച്ചപ്പോൾ മുഖ്യമന്ത്രിയുണ്ടു്, അദ്ദേഹം ജർമ്മനിയിലുണ്ടു് എന്നു രോഗകക്ഷിക്കാർ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഈ മന്ത്രിസഭ ഒരു കബന്ധമാണു്. തല ഒരു സ്ഥലത്തു്, ഉടൽ വേറൊരു സ്ഥലത്തു്. ഇപ്പോൾ ഇവിടെ ഒരു മന്ത്രി എന്തെങ്കിലും അന്യായമായി ഒരു കല്പന പുറപ്പെടുവിക്കുകയാണെങ്കിൽ അതിൽനിന്നും രക്ഷകിട്ടാൻ ജനങ്ങൾക്കു വഴിയില്ല. മുഖ്യമന്ത്രിയില്ലാഞ്ഞിട്ടല്ല, 11 മുഖ്യമന്ത്രിമാരെ ആക്കിയിട്ടാണല്ലോ പോയിട്ടുള്ളതു്. ഒരു മന്ത്രിയുടെ ബന്ധപ്പെട്ട വകുപ്പിലുള്ള ഫയൽ കാര്യക്കാർ ചെയ്യാൻ ഓർഡർ ഇടാൻ മറ്റൊരു മന്ത്രിക്കു അധി

LIBRARY ARCHIVES Kerala Legislative Assembly

കാരമില്ല. മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ രോഗം മാറി കേരളത്തിൽ വരുന്നതുവരെ ഒരേ മന്ത്രിയും എന്തു തോന്ന്യാസം കാണിച്ചാലും ജനങ്ങൾ അതിൽനിന്നും രക്ഷപ്പെടുവാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, ഇതൊരു ഇൻസിനുവേഷനാണ്. ഇതു അനുവദിക്കുവാൻ പാടില്ല.

ശ്രീ. കെ. കരുണാകരൻ: ഇൻസിനുവേഷൻ ഒന്നുമില്ല. ഏതെങ്കിലും മന്ത്രി തോന്ന്യാസം കാണിച്ചാൽ . . . .

മി. സ്പീക്കർ: അങ്ങനെ പറയാൻ പാടില്ല.

ശ്രീ. കെ. കരുണാകരൻ: തോന്ന്യാസം എന്നു പറയുന്നില്ല. ഒരു മന്ത്രി അദ്ദേഹത്തിനു തോന്നിയമാതിരി ചെയ്താൽ അല്ലെങ്കിൽ ചെയ്യാൻ പാടില്ലാത്തതു ചെയ്താൽ അതു ചോദ്യംചെയ്യാൻ ഇവിടെ ആരും ഇല്ല. മുഖ്യമന്ത്രിയുടെ അഭാവത്തിൽ അതിനു ചുമതലപ്പെട്ട മറ്റൊരു മന്ത്രിയില്ല. ഐക്യമുന്നണി പൊളിഞ്ഞുവെന്നു പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾ അതു പൊറുക്കുകയില്ലെന്നു പറയുകയുണ്ടായി. എന്നാൽ അങ്ങനെയല്ല വാസ്തവം. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നതു് ഇതു തുലഞ്ഞു പോയാലും തരക്കേടില്ലെന്നാണ്. ഐക്യമുന്നണിയിലെ ഘടകകക്ഷികളുംതന്നെ വളരെ പ്രകടമായി ആക്ഷേപം പുറപ്പെടുവിച്ച ഒരാളെ സംബന്ധിച്ചു ചോദ്യം ചെയ്യാൻപോലും സാധിച്ചിട്ടില്ല. കേന്ദ്രത്തിലെ കാര്യം പറഞ്ഞു. കേന്ദ്രത്തിലെ കാര്യം നമുക്കു ഊഹിക്കാവുന്നതേയുള്ള. ഈ സ്ഥിതി കേന്ദ്രത്തിലും വരികയാണെങ്കിൽ; ഇൻഡ്യയിലെ ആളുകളും അങ്ങനെ ചെയ്യുകയില്ലെന്നു വിശ്വസിക്കാം. സർ, ഇവിടത്തെ ഗവണ്മെന്റിനെ ഐക്യമുന്നണി ഗവണ്മെന്റു എന്നാണോ ഇപ്പോഴും വിളിക്കേണ്ടതു് ? മാർക്സിസ്റ്റു പാർട്ടിയുടെ ആധിപത്യത്തിലുള്ള ഗവണ്മെന്റാണിതു്. മാർക്സിസ്റ്റു പാർട്ടി ആധിപത്യം എന്നു പറയുന്നതു് നിയമത്തിന്റെ വാഴ്ചയോടു ബഹുമാനം ഇല്ലാത്ത ആളുകളാണ് എല്ലാ കക്ഷികളും എന്ന അഭിപ്രായം എനിക്കില്ലാത്തതുകൊണ്ടാ . നിയമത്തോടു ബഹുമാനം ഉള്ള ആളുകളും ഉണ്ടു്. നിയമത്തോടു് ആദരവില്ലാത്ത, നിയമത്തെ അവഹേളിച്ചു പുച്ഛിച്ചു നിയമം നടപ്പിൽ വരുത്തുന്നതിൽനിന്നും ഒഴിഞ്ഞുമാറുന്ന ഒരു ഭരണമാണ് കേരളത്തിലുള്ളതെന്നു് ഞാൻ പറയുകയല്ല, നമ്മുടെ സംസ്ഥാനത്തെ നീതിന്യായ ഭവനത്തിന്റെ ഫംബഞ്ചിന്റെ ഡിവിഷനിൽ പറഞ്ഞിട്ടുള്ളതാണ്. കേന്ദ്രജീവനക്കാരുടെ സമരത്തോടു ചേർന്നുണ്ടായ വീധിയിൽ പറഞ്ഞിട്ടുള്ളതാണ്.

"This order, it seems to us, shows scant respect for the law and is in disregard of the duty and the responsibility of the State Government to enforce the law."

അപ്പോഴും നിയമത്തെ സംബന്ധിച്ചിടത്തോളം വളരെ പുച്ഛമായിട്ടു യാതൊരു വിധത്തിലുള്ള പരിഗണനയുമില്ലാതെ നിയമത്തെ അവഹേളിക്കുന്ന ഒരു ഗവണ്മെന്റാണു് നമ്മുടെ സംസ്ഥാനത്തുള്ളതു്. ആ ഭരണത്തിനു കമ്മ്യൂണിസ്റ്റു പാർട്ടി ആധിപത്യമില്ലാതെ മറ്റാർക്കും പങ്കുചേരുവാൻ ഒക്കുകയില്ല. മറ്റു ഘടകപാർട്ടികൾക്കെല്ലാം കോടതിയെ വിശ്വാസമാണ്. മിക്കവരും പറഞ്ഞിട്ടുണ്ടു് നിയമവാഴ്ചയിൽ വിശ്വസിക്കുന്നുണ്ടെന്നു്. അങ്ങനെ നിയമവാഴ്ചയിൽ വിശ്വാസമില്ലാത്ത ഗവണ്മെന്റു പോലീസു് പുനസ്സംഘടിപ്പിക്കുന്നതിനു ഡിമാൻറുമായി വരാൻ സക്രിം ഓഫീസു കൂട്ടിയില്ലെങ്കിൽ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ സാധിക്കുകയില്ല എന്ന ഐ. ജി. യുടെ ശുപാർശയുമായി വരാൻ ലജ്ജയില്ലേ എന്നു ചോദിക്കുകയാണ്. പോലീസിനു സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. ഇവിടെ രാഷ്ട്രീയകൊലപാതകങ്ങളും നടക്കാത്ത ആഴ്ചകളും ഇല്ല. ഇപ്പോഴും നിലമ്പൂരിലെ സംഗതി മി. ജോർജ്ജു് ചൂണ്ടിക്കാണിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ തെറ്റായ നയത്തിന്റെ ഉദാഹരണങ്ങളാ ഈ സംസ്ഥാനത്തു ഉടനീളം നടക്കുകയാണു്. മാർക്സിസ്റ്റു പാർട്ടിക്കാരെങ്കിൽ എന്തുംചെയ്യാം. മാർക്സിസ്റ്റു പാർട്ടിയുടെ തലപ്പത്തു് ഇരുന്ന കൃഷ്ണൻ പിടിക്കുന്ന ശ്രീ. സി. എച്ചു്, കണാരന്റെ മകൻ അടികൊണ്ടു തലപൊളിഞ്ഞു ആശുപത്രിയിൽ കിടക്കുകയാണു്. അന്വേഷിക്കുവാൻ ആളില്ല. കാരണം കെ. എസ് യു. വിൽ പെട്ടതായതുകൊണ്ടു്. അതേ സമയം കോഴിക്കോട്ടു കളക്ടറേറ്റു പിക്കറ്റുചെയ്ത യുത്തു് കോൺഗ്രസ്സുകാക്കളുടെ നേരെ നടന്ന അക്രമത്തെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണു് ചെയ്തതു്. കാരണം അക്രമിച്ചവർ എസ്. എഫ്. വിദ്യാർത്ഥികളാണു്. അങ്ങനെ പോലീസിനു ന്യായാന്യായത നോക്കാൻ കഴിയാതെ രാഷ്ട്രീയ ചായ്വു നോക്കിയുള്ള നിയമ സമാധാനമേ ചെയ്യാൻ കഴിയുകയുള്ളൂ. കൊല്ലത്തെ സംഭവവും കോഴിക്കോട്ടെ സംഭവവും അതാണു് തെളിയിക്കുന്നതു്. ഹൈക്കോടതി വിധിയിൽ പോലീസിനെ പരാമർശിച്ചിട്ടുള്ള ഭാഗം ഞാൻ വായിക്കാം.

"But the least this court will expect is to see that disiplinary procee ings of the type here involved are taken only after an objective assessment of the situation by the Government and not as a result of dictation or direction by any extraneous authority. The materials placed show that the Marxist Communist Party leader Sri. A. K. Gopalan urged "stern action" against the petitioner and others. The issue of the Desabhimani on the morning of the 31st March contained a report dated the 30th from Trivandrum, that the suspension of the petitioner and two others was a fact accompli. The impugned order of suspension followed on the 31st. The impression is inescapable to my mind that the Government's hands were forced that they were stamped into passing the impugned order of suspension, and that the hand that moved and struck against the petitioner was not free and voluntary and of the Govt. but of the "party bosses" pulling string from behind."

ഇതു ഹൈക്കോടതിയുടെ കല്പനയാണു്. ഇവിടത്തെ പോലീസിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റുപാർട്ടിയുടെ നിയന്ത്രണത്തിനു വിധേയമായി പ്രവർത്തിക്കുന്ന ഒരു സ്ഥിതിവിശേഷം പോലീസിനുണ്ടായിരിക്കുകയാണു്. അതുകൊണ്ടാണു്, തൊഴിൽകുഴപ്പങ്ങളും വരുമ്പോഴും മറുകുഴപ്പങ്ങളും വരുമ്പോഴും പോലീസിനു ന്യായമായി ഇടപെടുവാൻ സാധിക്കാതെ വരുന്നതു്. നിലമ്പൂർ സംഭവത്തെക്കുറിച്ചു് ഒരുകാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ആപത്തുണ്ടാകുമെന്നു പോലീസിൽ പരാതിപ്പെട്ട രേഖാമൂലം എഴുതിക്കൊടുത്ത രസീതു വാങ്ങിയാൽപോലും അതേപ്പറ്റി അന്വേഷിക്കുകയില്ല. കാരണം അവിടെ കക്ഷിനോക്കിയേ ചെയ്യാൻ കഴിയുകയുള്ളൂ. അത്തരം ഉപേക്ഷകാണിക്കാതെ പോലീസു് സന്ദർഭത്തിൽ എത്തിയിരുന്നുവെങ്കിൽ നമ്മുടെ ഈ സഭയിലെ ഒരു ബഹുമാന്യ സുഹൃത്തിന്റെ ജീവനു അപകടം വരികയില്ലായിരുന്നു. പോലീസിന്റെ വഴിപിഴച്ച നയംകൊണ്ടാണു് ഇത്തരം സംഭവവികാസങ്ങളാ ഉണ്ടാകുന്നതു്. കോഴിക്കോട്ടെ സംഭവത്തെക്കുറിച്ചും ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ആ കാര്യത്തിൽ അന്വേഷണം നടത്തേണ്ടതു് പോലീസിന്റെ ഭാഗത്തുനിന്നും എക്സസ്സു് ഉണ്ടായിട്ടുണ്ടോ എന്നു മാത്രമല്ല. ഇന്നു ഇവിടെ മാർക്സിസ്റ്റു് പാർട്ടി ഏജന്റന്മാരായി കുറെപേർ ഉണ്ടു്. അവരെ ഭയന്നു പോലീസിനു അവരുടെ അഭിലാഷങ്ങൾക്കെതിരായി ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. അങ്ങനെയാണു് പോലീസു് കല്ലെറിയുവാനും മറ്റും മുതിർന്നിട്ടുള്ളതു്. പോലീസുകാർക്കു യാത്രപ്പടിയും പെർമനെന്റു ടി. എ. യും മറ്റും വച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചും പലതും പറയുവാനുണ്ടു്. അതെല്ലാം ചർച്ച ചെയ്യാൻ സമയം കിട്ടാത്തതിൽ കുണ്ഠിതം ഉണ്ടു്. ഈ ഗവണ്മെന്റിനു്

LIBRARY ARCHIVES Kerala Legislative Assembly

അവകാശപ്പെടാൻ യാതൊരു അർഹതയുമില്ലാതെ, ഒരു മുഖ്യമന്ത്രിയെ നിശ്ചയിക്കുവാൻ കഴിവില്ലാത്ത, നിയമവാഴ്ചയോട് ബഹുമാനമില്ലാത്ത, ഒരു ഗവണ്മെൻറു കൊണ്ടുവരുന്ന ഇത്തരം ബില്ലുകളെ അനുവദിക്കത്തക്കതല്ല. ഇതു പാസ്സാക്കിത്തരുവാൻ നിവൃത്തിയില്ല എന്നു മാത്രമേ ഈ അവസരത്തിൽ പറയുന്നുള്ളൂ.

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) : സർ, എനിക്ക് ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ ഉണ്ട്. എന്റെമേൽ ആരോപണം ഉന്നയിച്ചുകൊണ്ടു പലഭാഗത്തുനിന്നും അന്വേഷണം നടത്തണമെന്നുള്ള വാദഗതി കൊണ്ടുവന്നിട്ടുണ്ട്. ശ്രീ. ബേബിജോണും മറ്റും, ശ്രീ. കെ.എം. ജോർജ്ജിനെകൊണ്ട് പോലും പ്രശംസിക്കത്തക്ക രീതിയിലുള്ള വിമർശനങ്ങളും ഇവിടെ നടത്തി. ഇന്നലെ അഴിമതിയെപ്പറ്റി പറഞ്ഞപ്പോഴും എന്റെ പാർട്ടിയുടെ അഭിപ്രായം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എന്റെയും മറ്റുള്ളവരുടെയും എല്ലാ ആരോപണങ്ങളെപ്പറ്റിയും നിയമാനുസരണമുള്ള അന്വേഷണം നടത്താൻ തയാറാണെന്നു ഇന്നലെയും പറഞ്ഞിട്ടുള്ളതു കേൾക്കാൻ തയാറാകാതെ ഏതെങ്കിലും വിധത്തിൽ ഞാൻ രാജിവച്ചുപോയി കാണാനുള്ള ആഗ്രഹംകൊണ്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങളും പിന്നേയും പിന്നേയും പലരും പറഞ്ഞുകൊണ്ടുവരുന്നതിൽ ഖേദമുണ്ട്. അടിസ്ഥാനരഹിതമായ ആരോപണങ്ങളും കൊണ്ടുവന്നു, ആളുകളുടെ പുറത്തു ചെളിവാരിയെറിഞ്ഞു രാജിവച്ചുപോയി ഒരു ജൂഡീഷ്യൽ അന്വേഷണം വേണമെന്നു പറയുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. സർ, ശ്രീ. ടി. വി. തോമസ് കാണിച്ച മാതൃകയിലേക്ക് പോകണമെന്നു ശ്രീ. കെ. എം. ജോർജ്ജ് പുറപ്പെടുവിച്ച അഭിപ്രായഗതി വിചിത്രമായി തോന്നുന്നു. ഇന്നും നിയമാനുസരണമുള്ള അന്വേഷണം നടത്താൻ ഞാൻ തയാറാണ്. നിയമത്തിനു വിധേയമായി തെളിവു കൊണ്ടുവരികയാണെങ്കിൽ ഏതന്വേഷണത്തിനും തയാറാണെന്നുള്ള കാര്യം ആവർത്തിച്ചുപറയുവാൻ ഞാനുദ്ഗ്രഹിക്കുകയാണ്.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി :) സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു ഇവിടെ സംസാരിച്ചയവസരത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളും ആരുംതന്നെ ബില്ലിനെക്കുറിച്ചു ഒന്നുംതന്നെ പറഞ്ഞിട്ടില്ല. ഇതു് എത്രയാണ്ടു ഒന്നരക്കോടി രൂപ വിനിയോഗിക്കുന്നതിനുവേണ്ടിയുള്ളതാണ്. അതിൽ അമ്പതുലക്ഷം ഫാമിൻ റിലീഫിനുവേണ്ടിയാണ്. 15 ലക്ഷത്തോളം പുതുതായി കൃഷിചെയ്യുന്നതിനു് വനം വകുപ്പിൽനിന്നു് എടുക്കുന്ന ഭൂമിയിലെ തടിവെട്ടിമാറുന്നതിനുവന്ന കൂലിച്ചെലവിനും മറ്റുമാണ് ഫോറസ്റ്റു് ഡിപ്പാർട്ടുമെൻറിനുള്ള ചെലവാണ്. ബാക്കിയുള്ളതു ഇതിൽ പറഞ്ഞിട്ടുള്ള മറ്റു കാര്യങ്ങൾക്കായിട്ടുമാണ്. അങ്ങനെ ആകെ ഒന്നരക്കോടി രൂപയുടെ ഡിമാൻറാണ് ഉള്ളതു്. അതിനെ സംബന്ധിച്ച വിമർശനങ്ങളും വന്നിട്ടില്ലാത്തതുകൊണ്ടു് ഇതു സംബന്ധിച്ചു മറുപടി പറയുവാനില്ല. പിന്നെ ഇവിടെ നടന്ന വാദപ്രതിവാദങ്ങളും കേട്ടപ്പോഴും എനിക്കു തോന്നുന്ന ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് ഇപ്പുറത്തു ഇരിക്കാഞ്ഞതുകൊണ്ടുള്ള പുറുപാടായിരിക്കാം ഇതെല്ലാമെന്നു്. അപ്രസക്തങ്ങളായ പല കാര്യങ്ങളും ഇവിടെ പറഞ്ഞിട്ടുണ്ട്. സാധാരണഗതിയിലുള്ള ഒരു അപ്രോപ്രിയേഷൻ ബില്ലിൽ കൊണ്ടുവരുന്നതിനേക്കാളോ, ഒരു ബഡ്ജറ്റു സമ്മേളനത്തിൽ ഉണ്ടായിരിക്കുന്നതിനെക്കാളോ വളരെ പ്രധാനമായ നയപരമായ പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളതു" രണ്ടു കാര്യങ്ങളാണ് ഇവിടെ പ്രധാനമായും പറഞ്ഞിട്ടുള്ളതു്. ഒന്നു്, ഈ രാജ്യത്തു സർവ്വത്രം അഴിമതിയാണ്; പിന്നെ ഈ രാജ്യത്തു നിയമസമാധാനം തകർന്നു, രാജ്യത്തു അരാജകത്വം വളർന്നിരിക്കുന്നുവെന്നു്.

ശ്രീ കെ എം. ജോർജ്ജ്: വളരെ ശാന്തതയോടുകൂടി പറഞ്ഞു,—ഞാൻ എത്ര വിചാരിച്ചാലും ഇങ്ങനെ ശാന്തതയോടുകൂടി പറയാൻ സാധിക്കുകയില്ല—"ഈ രാജ്യത്തെ പോലീസ് അനീതി കാണിക്കുന്നു, അക്രമം കാണിക്കുന്നു, ബംഗാളിൽ കാണിച്ചതുപോലെ കാണിക്കാൻ വേണ്ടിയല്ല ഞങ്ങളും ഇതൊക്കെ പറയുന്നതെന്നു്." ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഐക്യമുന്നണിയിലെ ഘടകപാർട്ടിക്കാർ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും ഉള്ള വിമർശനങ്ങളും ഉണ്ടായതിൽ ഞാൻ ഖേദിക്കുകയാണു്, അതില്ലായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നുവെന്നു് ഞാൻ ആഗ്രഹിക്കുകയാണു്. ഏതായാലും അതൊന്നുംതന്നെ ഈ മന്ത്രിസഭയുടെ പ്രവർത്തനത്തെ ബാധിക്കുകയില്ല. ഇവിടെ മുഖ്യമന്ത്രിയില്ല, വകുപ്പുമന്ത്രിമാർക്കു് അധികാരമില്ല, ശ്രീ. ഇ എം. എസു്. നമ്പൂതിരിപ്പാടു് അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ ഭാഷയിൽ യാതൊരുവിധത്തിലുള്ള ഭരണസ്തംഭനമോ മറ്റു യാതൊന്നുംതന്നെയോ ഉണ്ടായിട്ടില്ലെന്നു് പറഞ്ഞിട്ടു് പോയിരിക്കുന്നുവെന്നെല്ലാം പല ബഹുമാനപ്പെട്ട മെമ്പറന്മാരും പറയുകയുണ്ടായി. എനിക്കു് അതിനെപ്പറ്റി പറയുവാനുള്ളതു് ഭരണഘടനാപരമായി ഗവണ്മെന്റു് നടപടികളും എങ്ങനെ നടക്കണമെന്നും ആരായിരിക്കണം ഓരോ അധികാരങ്ങളും വിനിയോഗിക്കേണ്ടതു് അതു് ഏതു് വിധത്തിൽ ആരെല്ലാം കൈകാര്യം ചെയ്യണമെന്നും വളരെ സ്പെസിഫിക്കായിട്ടു് ഇൻസ്ട്രക്ഷൻ മുഖ്യമന്ത്രി കൊടുക്കുകയും അതനുസരിച്ചുള്ള നോട്ടിഫിക്കേഷൻ വരികയും ചെയ്തിട്ടുണ്ടു്. ആ വിധത്തിൽ വേണ്ടതായ നടപടികളും നടത്തുന്നതാണു്. അതുകൊണ്ടു് ആക്ടു് കടലാസു് കൊടുക്കണമെന്നു് പറഞ്ഞുകൊണ്ടു് സെക്രട്ടേറിയറ്റിൽ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവരികയില്ല. ആക്ടു് അപ്പീൽ കൊടുക്കണമെന്നു് നോക്കി വിഷമിക്കേണ്ട ആവശ്യവും വരികയില്ല ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു് ഇരുന്നപ്പോഴും കാര്യങ്ങളും എങ്ങനെ നടന്നുവോ അങ്ങനെ തന്നെ ഇപ്പോഴും എല്ലാ കാര്യങ്ങളും നടക്കുന്നുണ്ടു്. ഇവിടെ ഭരണഘടനാസ്തംഭനം ഉണ്ടെന്നു് ശ്രീ. കരുണാകരൻ സൂക്ഷിച്ചു പറയണമെന്നാണു് എനിക്കു് പറയുവാനുള്ളതു് ഭരണഘടനാസ്തംഭനം ഇന്നു് കേരളത്തിലല്ല, കേന്ദ്രത്തിലും, ആന്ധ്രായിലും, ഹൈദരബാദിലുമെല്ലാം തന്നെയുണ്ടു്. ആ വിധത്തിൽ വരുമ്പോഴും ഭരണസ്തംഭനം ഇവിടെ മാത്രമേയുള്ളുവെന്നു് പറയേണ്ട ആവശ്യമില്ല. ഇവിടെ അങ്ങനെയാതൊന്നുംതന്നെ ഉണ്ടായിട്ടില്ല. ഇന്നത്തെ നിലയിൽ ഞങ്ങളുടെ ഇടയിൽ അതില്ല. ഞങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം. കാരണം ഐക്യമുന്നണി പല പാർട്ടിക്കാരാണു്. പല പാർട്ടികളും ഉള്ളതുകൊണ്ടു് ചില വിഷയത്തിൽ അവർ തമ്മിൽ വിമർശനങ്ങളും നടത്തും, അതു് പിന്നീടു് എല്ലാവരും കൂടിയിരുന്നു് ചർച്ച ചെയ്തു ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യും. പ്രതിപക്ഷകക്ഷികളെ ഓർമ്മിപ്പിക്കുവാൻവേണ്ടി മാത്രമാണു് ഞാനിതു് പറഞ്ഞതു്.

പിന്നെ പോലീസു് സി. എച്ചു്. കണാരന്റെ മകനെ തല്ലിയപ്പോഴും അതിൽ ഗവണ്മെന്റു് യാതൊരു നടപടിയും കൈക്കൊണ്ടില്ലെന്നു ശ്രീ. കരുണാകരൻ പറയുകയുണ്ടായി. എനിക്കു് പറയുവാനുള്ളതു് സി. എച്ചു്. കണാരന്റെ മകനല്ല ആരു തന്നെയായാലും തല്ലുകൊള്ളാൻ അങ്ങോട്ടു ചെന്നാൽ തല്ലുകൊള്ളും.

ശ്രീ. കെ. കരുണാകരൻ: ശ്രീ. സി. എച്ചു്. കണാരന്റെ മകൻ കെ. എസു്. യു. കാരനായതുകൊണ്ടാണു് ഇങ്ങനെയുണ്ടായതെന്നറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി : കെ. എസു്. യു. അല്ല, എസു് എഫു്. അല്ല, പി. എസു്. യു. അല്ല എന്തൊരു എസു്. യു. ആയിരുന്നിലും അങ്ങോട്ടു ചെന്നു് അടി വാങ്ങിച്ചാൽ മാത്രമേ തല്ലുകൊള്ളുകയുള്ളു. പോലീസു് തല്ലിയതു ന്യായമാണോ അന്യായമാണോയെന്നു് നോക്കും. അന്യായമാണെന്നു് ഏതെല്ലാം അവസരത്തിൽ തോന്നിയിട്ടുണ്ടോ അപ്പോഴെല്ലാം തന്നെ മറേറതു ഗവണ്മെൻറിനെക്കാളും ഈ ഗവണ്മെൻറു അന്വേഷണം നടത്തിയിട്ടുണ്ടു്, ഇനിയും ആവശ്യമുള്ളിടത്തെല്ലാം നടത്തുകയും ചെയ്യുമെന്നു് ഉറപ്പുപറയുകയാണു്. അന്വേഷണമോ, ജുഡീഷ്യൽ അന്വേഷണമോ മറേറതുവിധത്തിലുള്ള അന്വേഷണമായാലും ഈ ഗവണ്മെൻറു നടത്തും, അതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്യും. ഇവിടെ ഒരു കാര്യത്തിലും യാതൊരു വിധത്തിലുള്ള രാഷ്ട്രീയ പരിഗണനയുമില്ല. ആരെങ്കിലും രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടാണു് പ്രവർത്തിക്കുന്നതെന്നു് പറഞ്ഞാൽ, അങ്ങനെയല്ലെന്നു് സംഭവങ്ങൾ നിരത്തിവച്ചു് തെളിയിക്കാൻ സമയമില്ലാത്തതുകൊണ്ടു് ഞാനിപ്പോൾ തയാറാകുന്നില്ല. പോ

LIBRARY ARCHIVES Kerala Legislative Assembly

ലീസു് രാഷ്ട്രീയ പരിഗണനവെച്ചുകൊണ്ടാണു് പ്രവർത്തിക്കുന്നതെന്നു് പ്രതിപക്ഷ പാർട്ടികൾ പറയുന്നുണ്ടു്. അതു ശരിയല്ല. പോലീസു് പഴയകാലംമുതൽ പ്രവർത്തിച്ചു പോരുന്ന ഒരു പതിവുണ്ടു്. ആരെങ്കിലും പോലീസു്സ്റ്റേഷനിൽ ചെന്നാൽ ആളും സ്ഥിതിയുംനോക്കി സ്വീകരിക്കുകയും; നടപടികൾ നടത്തുകയും ചെയ്യുന്ന കാലമുണ്ടായിരുന്നു. പക്ഷെ ആ നടപടി മാറ്റിക്കൊണ്ടു് പാവപ്പെട്ടവരെന്നോ പണക്കാരെന്നോ ഉള്ള വ്യത്യാസം നോക്കാതെ ഈ നാട്ടിലെ എല്ലാവർക്കും ഒരുപോലെ നീതിയും ന്യായവും ലഭിക്കത്തക്കവിധത്തിലുള്ള നടപടികൾ ഈ ഗവണ്മെന്റെടുക്കുന്നതാണു്. അതിനുവേണ്ടി പോലീസിനെക്കൊണ്ടു് സ്വീകരിപ്പിക്കേണ്ട നടപടികൾ സ്വീകരിപ്പിക്കുന്നുണ്ടു്. തീർച്ചയായും ഒരു ഗവണ്മെന്റു് എന്നുള്ള നിലയിൽ ഭരിക്കുമ്പോൾ ഈ ഗവണ്മെന്റിന്റെ നടപടികളിൽ പോലീസിനെ ഇഷ്ടംപോലെ പ്രവർത്തിക്കാൻ അനുവദിക്കുകയില്ല. ഗവണ്മെന്റിന്റെ നയപരിപാടികൾ നടപ്പിലാക്കുന്നതിനാണു് ഗവണ്മെന്റുദ്യോഗസ്ഥന്മാരുള്ളതു്. അതു് നടപ്പിലാക്കുന്നതിനേക്കാൾ അധികമായി ഒന്നുംതന്നെ ചെയ്യേണ്ടതില്ല, ചെയ്യുന്നുമില്ല. എല്ലാ സ്ഥലത്തും മാർക്സിസ്റ്റുകാരെ കൊണ്ടുചെന്നു് നിറുത്തിയിരിക്കുന്നുവെന്നു് പറയുകയുണ്ടായി. അതെങ്ങിനെ വന്നുവെന്നാണു് ഞാൻ ചോദിക്കുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടി ഓഫീസിൽ റിക്രൂട്ടു് ചെയ്യുന്നില്ല. കമ്മ്യൂണിസ്റ്റുകാരൻ എന്ന ഒരൊറ്റ കാരണത്തിന്റെ പേരിൽ കഴിഞ്ഞകാലത്തു് ശ്രീ. കരുണാകരന്റെ പാർട്ടി ഭരിച്ചിരുന്നപ്പോഴും ചെയ്യുന്നുപോലെ നിയമിക്കാതിരിക്കുകയുമില്ല. അന്നു് കോൺഗ്രസ്സുകാരൻ മാത്രമേ ഈ നാട്ടിൽ വരാൻ പാടുള്ളൂവെന്നു് ഉണ്ടായിരുന്ന ഈ ഗവണ്മെന്റു അത്തരത്തിലുള്ള യാതൊരു നയവും അംഗീകരിച്ചിട്ടില്ല. ഒരു കാലത്തു് ചിലരാളുകളെ എം. എസ്. പി. യിൽ ചേർക്കാൻ പാടില്ലെന്നപോലും ഉണ്ടായിരുന്നു അതു് 1957—ലാണു് നിറുത്തിവച്ചതു്. യാതൊരു പരിഗണനയും കൂടാതെ പോലീസിൽ അർഹതയുള്ളവരെ റിക്രൂട്ടു് ചെയ്യുന്നതിനു് മുമ്പുണ്ടായിരുന്ന സിസ്റ്റം തന്നെയാണു് ഇപ്പോഴും സ്വീകരിച്ചിരിക്കുന്നതു്. ഉദ്യോഗസ്ഥന്മാർതന്നെയാണു് റിക്രൂട്ടു് ചെയ്യുന്നതു്. അതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഇതെല്ലാം പറയുമ്പോഴും ഈ നാട്ടിൽ അഴിമതിയുണ്ടു്, ഭയങ്കരമായി അഴിമതിയുണ്ടു്, അഴിമതി കൂടിക്കൂടി വരുന്നുവെന്നുള്ള വിധത്തിലെല്ലാം നിയമസഭയിൽവന്നുനിന്നുകൊണ്ടു് പറയുന്നതു് തെറ്റാണു്. അഴിമതികൾ കണ്ടേക്കും, മന്ത്രിമാരുടെ പേരിലും അഴിമതി കണ്ടേക്കും. അതെല്ലാം ശ്രീമതി ഗൗരി അന്വേഷിപ്പിക്കുന്നതിനു് ഓർഡർ ഇടണമെന്നു പറഞ്ഞാൽ ശ്രീമതി ഗൗരി എന്നു പറഞ്ഞാലും, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു് എന്നു് പറഞ്ഞാലും ശരിക്കു് പ്രത്യേകം പ്രത്യേകം സ്റ്റാക്ക്ചുണ്ടു്, അതനുസരിച്ചേ ചെയ്യാൻ സാധിക്കൂ. വേറെയുള്ള മന്ത്രിമാരുടെ പേരിൽ പ്രൈമാഫേസി കേസുണ്ടായെന്നു് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു് നോക്കുന്നതും ശ്രീമതി ഗൗരി നോക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടു്. അതുകൊണ്ടു് മുഖ്യമന്ത്രി വന്നതിനുശേഷം അതെല്ലാം നോക്കുമെന്നു് ഞാൻ വീണ്ടും ഉറപ്പിച്ചു പറയുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : ഇപ്പോഴത്തെ സഭാനേതാവു് എന്നുള്ള നിലയ്ക്കു് ഈ സഭാതലത്തിൽ വരുന്ന കാര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനുള്ള ചുമതല പിന്നെ മന്ത്രിയ്ക്കു് ഇല്ലേ?

ശ്രീമതി കെ ആർ. ഗൗരി : ഇന്നത്തെ നിലയിൽ ഏതെങ്കിലും അഴിമതി ആരോപണം ആരുടെയെങ്കിലും പേരിൽ വന്നാൽ അതു് അന്വേഷിക്കുകയില്ലെന്നല്ല പറയുന്നതു്, അതു് അന്വേഷിക്കുക തന്നെ ചെയ്യും അന്വേഷിക്കുന്നതിനുള്ള നടപടികൾ എന്താണെന്നു ചെച്ചാൽ അതു് മുഖ്യമന്ത്രി വന്നതിനുശേഷം നോക്കിചെയ്യുമെന്നേയുള്ളൂ. ഇക്കാര്യം ഇന്നലെയും നിയമസഭയിൽ പറഞ്ഞതാണു്. എല്ലാവരേയും രക്ഷിക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റു പാർട്ടി നിൽക്കുന്നുവെന്നു് ശ്രീ. കരുണാകരനടക്കം ഉള്ളവർ പറഞ്ഞതു് വളരെ ഖേദകരമായിപ്പോയി. അഴിമതി വിരോധികളുടെ കുത്തക ഒരു പാർട്ടിയും ചമയാതിരിക്കുകയാണു് ഭേദം.

(ഈ സമയം പ്രതിക്ഷപത്തുള്ള മുന്നു നാലു മെമ്പർമാർ എഴുന്നേറ്റുനിന്നു് ചോദ്യം ചോദിക്കുകയുണ്ടായി.)

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഇവിടെ നിൽക്കുകയാണു്. ഞാൻ സംസാരിച്ചു ഇരുന്നതിനുശേഷം ചോദ്യങ്ങൾ ചോദിക്കാം.

ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പണം ഈ രാജ്യത്തെ സാമാന്യജനങ്ങൾക്കുവേണ്ടി ഏറ്റവും നല്ല വിധത്തിൽ ഉപയോഗിക്കുന്നതിനു് ഈ ഗവണ്മെന്റു ശ്രമിക്കും. ഈ ബിൽ പാസാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : മുഖ്യമന്ത്രി ഈ കസേരയിലിരുന്നാൽ എങ്ങനെയാണോ കാര്യങ്ങൾ നടത്തുന്നതു് ആ നിലയിൽ സുഗമമായി ഭരണം നടക്കുമെന്നു് റവന്യൂമന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ശ്രീ. വെല്ലിംഗ്ടൺന്റെ പേരിലുള്ള എൻകൗയറി നടത്താൻ ബഹുമാനപ്പെട്ട റവന്യൂമന്ത്രി തയാറാകാത്തതു കൊണ്ടാണോ?

ശ്രീമതി കെ. ആർ. ഗൗരി : ഈ ചോദ്യം മറുപടി അർഹിക്കുന്നില്ല.

ശ്രീ. ബേബിജോൺ : ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പേഴ്സനൽ എക്സ്പ്ലനേഷൻ നടത്തിയപ്പോൾ എന്റെ പേരു് പറയുന്നതുകേട്ടു. അതെന്തിനാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : ആരെങ്കിലും എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതെല്ലാം അവർക്കുവേണ്ടി ഞാൻ പിൻവലിക്കുന്നു.

ശ്രീ. ബി. വെല്ലിംഗ്ടൺ : ശ്രീ. കെ. എം. ജോർജ്ജിനെപ്പോലെയുള്ളവർ പ്രശംസിക്കത്തക്കനിലയിൽ ശ്രീ. ബേബിജോൺ പറഞ്ഞുവെന്നാണു് ഞാൻ പറഞ്ഞതു്.

The question that the Kerala Appropriation (No. 5) Bill, 1969, be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Schedule

The question that Schedule stands part of the Bill was put and carried

Schedule was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri: Sir, I move that the Kerala Appropriation (No.5) Bill, 1969 be finally passed.

Education Minister (**Shri C. H. Mohammed Koya**): Sir, I second it.

The question that the Kerala Appropriation (No. 5) Bill, 1969, be passed was put and carried.

The Bill was passed.

Mr. Speaker: Order, Order. The House will now adjourn and meet again tomorrow at 8 a. m.

The Assembly adjourned at 2.8 p. m. to meet again at 8 a. m. on Wednesday, the 20th August, 1969.

LIBRARY ARCHIVES Kerala Legislative Assembly